
# വ്യാപാരകേരളം

വാർഷികപ്പതിപ്പ്

പുസ്തകം 1 ലക്കം 1 പേജുകൾ 36 ഏപ്രിൽ 2020

## കൊറോണ കാലത്തെ ജീവിതം

### സമൂഹ മാധ്യമങ്ങളിലെ സ്ത്രീസാന്നിധ്യം ചർച്ച


സ്മിത കോടനാട്


സന്ധ്യ എൻ.പി.


ശ്രീജ വിജയൻ


രേഖ തോപ്പിൽ


ഷഫീന സൈത്തൂൻ


അച്ചു ഹെലൻ


രാജേശ്വരി തുളസി


സവിതദാസ്


സലീക്കു എൻ.പി.


ഷീബ കദീജ തെരേസ


മിനി ഗോപിനാഥ്


ദിവ്യ സി.ആർ.




ഓഫീസ്:
**വ്യാപാരകേരളം**
**(ഓൺലൈൻ മാസിക)**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**

# എഡിറ്റേഴ്സ് പേജ്



നാളിതുവരെ കണ്ടിട്ടില്ലാത്ത പ്രതിസന്ധികളിലൂടെ ലോകം കടന്നുപോകുന്ന നാളുകളാണ് കൺമുന്നിൽ. കോവിഡ് 19 എന്ന പിടിതരാ വൈറസ് പടർത്തിയ ഭീതിയും ആശങ്കയും ശമിച്ചിട്ടില്ല. ലക്ഷങ്ങൾ രോഗബാധിതരായി കഴിഞ്ഞു. മരണസംഖ്യ പതിനായിരങ്ങളായി പെരുകുന്നു.

പ്രതിവിധി കണ്ടെത്തുന്നതിന് ലോകമെങ്ങും നടക്കുന്ന പരീക്ഷണങ്ങൾ ഫലം കണ്ടു തുടങ്ങിയിട്ടില്ല. ഇനിയെന്ത് എന്ന ചോദ്യത്തിനു മുന്നിൽ പകച്ചുനിൽക്കുന്ന ലോകം. വല്ലാത്ത വേഗമാർന്നിരുന്ന ലോകവ്യാപാരങ്ങൾക്കെല്ലാം പൊടുന്നനെ തടവീണു. ആയുസ് കൂടെ നിറുത്തുന്നതിനുള്ള ഉത്കണ്ഠ മാത്രമായി ചുരുങ്ങുകയാണ് നാമോരോരുത്തരുടെയും വ്യവഹാരങ്ങളെല്ലാം.

കൊറോണ കാലത്തെ ജീവിതം ഭാവിയിൽ പഠനവിഷയമാകുമ്പോൾ, ഉപേക്ഷിക്കാനാകാത്ത സ്ഥിതിവിവര കണക്കുകളാണ് വ്യാപാരകേരളത്തിന്റെ വാർഷികപ്പതിപ്പിൽ പ്രശസ്ത പത്രപ്രവർത്തകൻ ഫ്രാങ്കോ ലൂയിസ് വിവരിക്കുന്നത്. സമകാലിക ജനജീവിതത്തിന്റെ ഭീതിമുഖം വെളിപ്പെടുത്തുവാൻ **'കൊട്ടിയടച്ച ലോകം'** എന്ന ഈ ഒറ്റ ലേഖനം മതിയാകും.


വാർഷികപ്പതിപ്പ് ഫോക്കസ് നൽകുന്ന മറ്റൊരു വിഷയം **'സമൂഹ മാധ്യമങ്ങളിലെ സ്ത്രീ സാന്നിധ്യം'** എന്നതാണ്. സമൂഹമാധ്യമങ്ങളിൽ സജീവമായി ഇടപെടുന്ന 14 വനിതാ എഴുത്തുകാർ, തങ്ങളുടെ വീക്ഷണം ഈ ചർച്ചയിൽ വ്യക്തമാക്കുന്നു.

2019 ഏപ്രിൽ ഒന്നിനാണ് വ്യാപാരകേരളം ഓൺലൈൻ മാസിക പ്രസിദ്ധീകൃതമായത്. രണ്ടാം വയസിലേക്കു പ്രവേശിക്കുന്ന 2020 ഏപ്രിൽ ഒന്നിന്, ഒരു സഹോദര പ്രസിദ്ധീകരണം കൂടി ആരംഭിച്ചു. ദൈനംദിന വൃത്താന്തങ്ങൾ വായനക്കാരിലെത്തിക്കുന്നതിന്, **'വാർത്താകേരളം'** എന്ന ഓൺലൈൻ വാർത്താപത്രികയാണ് പുതുതായി പ്രസിദ്ധീകരിച്ചത്.

വ്യാപാരകേരളത്തിൽ തുടക്കം കുറിച്ച, ചുരുങ്ങിയ വാക്കുകളിലുള്ള വാർത്താ അവതരണത്തിന്, വായനക്കാർ ഏറിയതാണ്, സ്വതന്ത്രമായ ഒരു ഓൺലൈൻ വാർത്താപത്രികയായി, 'വാർത്താകേരളം' വാർത്തെടുക്കാൻ ഞങ്ങൾക്ക് ധൈര്യം പകർന്നത്. വ്യാപാര കേരളം സമ്പൂർണ മാസികയായി തുടരും.

പ്രസാധനത്തിന്റെ ആദ്യവർഷം പൂർത്തിയാകുന്ന ഈ വേളയിൽ, എല്ലാ മാന്യവായനക്കാർക്കും വ്യാപാരകേരളം പ്രവർത്തകർ നന്ദി അർപ്പിക്കുന്നു. ഇനിയും കൂടെയുണ്ടാകണമെന്ന് ആഗ്രഹിക്കുന്നു.

**-സി.ആർ.രാജൻ,**
എഡിറ്റർ



# കൊട്ടിയടച്ച ലോകം



ഫ്രാങ്കോ ലൂയിസ്

**മ**രണം വൈറലായി. ലോകം കൊട്ടിയടയ്ക്കപ്പെട്ടു. ജനകോടികൾ ദിവസങ്ങളോളം സ്വന്തം മുറിയിലൊതുങ്ങി. കൊറോണ വൈറസ്, ഇതെഴുതുമ്പോൾ, ഇരുപത്തെട്ടായിരം പേരുടെ ജീവനെടുത്തു. ആറു ലക്ഷത്തോളം പേർ രോഗബാധിതരായി. കുടുംബങ്ങൾ മുതൽ ലോകരാഷ്ട്രങ്ങൾ വരെയുള്ളവയുടെ പണപ്പെട്ടി തകർന്നു.

കഴിഞ്ഞ ഡിസംബറിൽ ചൈനയിലെ വുഹാനിൽനിന്നാണ് മഹാമാരിയായി കൊറോണ വൈറസ് പൊട്ടിപ്പുറപ്പെട്ടത്. ഇരുന്നൂറോളം ലോകരാജ്യങ്ങളിലേക്ക് വൈറസ് ബാധ പടർന്നു പിടിച്ചു. ചൈനയിൽ 3,261 പേരാണു മരിച്ചതെങ്കിൽ ഇറ്റലിയിൽ ഏഴായിരത്തോളം പേരെയാണ് വൈറസ് വിഴുങ്ങിയത്. ലോകത്തെ വിറപ്പിച്ച് ചങ്ങലയ്ക്കിട്ട മഹാമാരി ലോകചരിത്രത്തിൽതന്നെ അത്യപൂർവ സംഭവമാണ്.

സ്വന്തം ജീവൻ സംരക്ഷിക്കാൻ ഓരോ മനുഷ്യനും ഭൂഖണ്ഡങ്ങളിൽനിന്നു ഭൂഖണ്ഡങ്ങളിലേക്കു നെട്ടോട്ടമോടി, പലായനം ചെയ്തു. ചിലർ ആ ഓട്ടത്തിൽ രോഗം ലോകമെങ്ങും പരത്തി. കേരളം അടക്കം ഇന്ത്യയും ലോകരാജ്യങ്ങളേപ്പോലെ ലോക് ഡൗൺ ആയി. എല്ലാ സ്ഥാപനങ്ങളും അടച്ചുപൂട്ടി ജനങ്ങൾ വീടുകളിൽനിന്ന് പുറത്തിറങ്ങാതെ കഴിച്ചുകൂട്ടി.

ഏറ്റവും വിശ്വസിച്ചിരുന്ന സ്വന്തം കരങ്ങളെ എല്ലാവരും അവിശ്വസിക്കാൻ തുടങ്ങി. കൈകളിലൂടെ വൈറസ് പടരാതിരിക്കാൻ പല തവണ കൈ സോപ്പിട്ടു കഴുകി. സ്നേഹാഭിവാദനങ്ങളായ ഹസ്തദാനവും ആലിംഗനവും ലോകം ഒഴിവാക്കി.

ആഗോളവത്കരണത്തിന്റെ അതിവിശാല ലോകത്തിൽനിന്ന് പ്രാണരക്ഷാർഥം കൊട്ടിയടയ്ക്കപ്പെട്ട ലോകത്തേക്കുള്ള ദൂരം ഒരു കോവിഡ് 19 വൈറസ് മാത്രം. മാന്ദ്യത്തിൽനിന്നു കരകയറാൻ ലോകരാഷ്ട്രങ്ങൾ വാണിജ്യ തന്ത്രങ്ങളും പലിശ വെട്ടിക്കുറയ്ക്കലും അടക്കമുള്ള അഭ്യാസങ്ങളെല്ലാം പയറ്റിക്കൊണ്ടിരിക്കവേയാണ് കോവിഡ് ഇങ്ങനെ പണി തന്നത്.

ഒന്നേകാൽ മാസം രാജ്യം പൂർണമായും അടച്ചിട്ടുകൊണ്ടാണ് ചൈന രോഗ വ്യാപനത്തെ തടഞ്ഞത്. ഈ രീതിതന്നെയാണ് ലോകരാഷ്ട്രങ്ങളെല്ലാം പിന്തുടർന്നത്. രോഗവും അടച്ചിടലും ആഗോള സാമ്പത്തിക മേഖലയെ തകർത്തു കളഞ്ഞു. സാധാരണക്കാരുടെ തൊഴിലും വരുമാനവും ഇല്ലാതാക്കി. വൻകിട വ്യവസായ സ്ഥാപനങ്ങളും സമ്പന്ന രാജ്യങ്ങളുടെ ഖജനാവുപോലും കാലിയായി. കരകയറാൻ വർഷങ്ങൾതന്നെ വേണ്ടിവരും.

ഇന്ത്യയിലെ ആദ്യമായി കൊറോണ വൈറസ് ബാധിച്ചത് കൊടുങ്ങല്ലൂർ പുല്ലൂറ്റ് സ്വദേശിനിയായ മെഡിക്കൽ വിദ്യാർഥിനിക്കായിരുന്നു.

ചൈനയിലെ വുഹാനിലുള്ള മെഡിക്കൽ കോളജിലെ വിദ്യാർഥിനിയായിരുന്നു. കൂടുതൽ പേരിലേക്കു രോഗം പടർത്താതെ അച്ചടക്കത്തോടെ ചികിൽസക്കു വിധേയയായതിനാൽ രോഗം മാറി. ഇന്ത്യയിലെ ആദ്യ കോവിഡ് – 19 മരണം കർണാടകത്തിലായിരുന്നു. സൗദിയിൽ പോയി തിരിച്ചെത്തിയ കർണാടകത്തിലെ കുൽബർഗ് സ്വദേശി.

വൈറസ് വ്യാപനം തടയാൻ രാജ്യങ്ങളും അവയിലെ സ്ഥാപനങ്ങളും ഒരു മാസത്തിലേറെ അടച്ചിട്ടു. ചില സ്ഥാപനങ്ങൾ അതോടെ അടച്ചുപൂട്ടി, ഒരിക്കലും തുറക്കാനാവാത്ത വിധത്തിൽ. അനേകം ലക്ഷങ്ങൾ തൊഴിൽ രഹിതരായി. ചിലർ താത്കാലികമായും മറ്റു ചിലർ ഏറെക്കുറേ സ്ഥിരമായും തൊഴിലില്ലാത്തവരായി. തോട്ടിപ്പണിക്കാരും നിർമാണ തൊഴിലാളികളും മുതൽ വമ്പൻ കമ്പനികളുടെ മേധാവികൾ വരെ ഇക്കൂട്ടത്തിലുണ്ട്.



ലോകരാജ്യങ്ങളിൽ രണ്ടര കോടി ജനങ്ങളുടെ തൊഴിൽ നഷ്ടമാകുമെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടന. തൊഴിലാളികൾക്ക് 252 ലക്ഷം കോടി രൂപയുടെ വരുമാന നഷ്ടമുണ്ടാകുമെന്നും ഐഎൽഒ.

ആളുകൾ യാത്രകൾ വെട്ടിച്ചുരുക്കി. പുറത്തിറങ്ങുന്നതു കുറഞ്ഞതോടെ നഗരവീഥികളിലും കടകമ്പോളങ്ങളിലും ആളില്ലാതായി. വ്യാപാര സ്ഥാപനങ്ങളിൽ കച്ചവടം ഇല്ലാതായി. യാത്രക്കാരില്ലാതെ ഓട്ടോറിക്ഷ ഡ്രൈവർമാരും ടാക്സി ഡ്രൈവർമാരും കഷ്ടപ്പെടുന്നു. ബസിലും യാത്രക്കാരില്ല.

വീട്ടിൽ അന്നന്നത്തെ അടുപ്പു പുകയ്ക്കാനുള്ള വരുമാനത്തിനായി മറ്റേതെങ്കിലും ജോലി കിട്ടുമോയെന്ന് അന്വേഷിക്കേണ്ട അവസ്ഥയിലാണ് ഓട്ടോ ഡ്രൈവർമാർ.

സമ്മേളന ഹാളുകളും വിവാഹ സൽക്കാര ഹാളുകളും അവയുമായി ബന്ധപ്പെട്ടു ജോലി ചെയ്യുന്നവരുമെല്ലാം ഒരു മാസത്തേക്കു ജോലിയില്ലാത്തവരായി.

ലോട്ടറി കച്ചവടം പാടേ നിലച്ചു. ആഗോള വ്യാപകമായി ടൂറിസം മേഖല തകർന്നു തരിപ്പണമായി. എയർലൈൻസ്, ഹോട്ടൽ– ഹോസ്പിറ്റാലിറ്റി ബിസിനസ് എന്നിവയെല്ലാം നിർത്തലാക്കി. പ്രവാസികൾ ഏറ്റവുമധികം വിഷമിച്ചുപോയ അവസരമാണിത്.

ആഗോള പ്രശസ്തമായ സ്പോർട്സ് മേളകൾപോലും റദ്ദാക്കപ്പെട്ടു. സിനിമാ തിയേറ്ററുകൾ അടച്ചിട്ടു. സിനിമാ നിർമാണംതന്നെ നിർത്തിവച്ചു. കോടിക്കണക്കിനു രൂപയുടെ ഇടപാടുകളാണിത്.

ഉൽസവങ്ങൾ വിലക്കപ്പെട്ടതോടെ ഉൽസവപ്പറമ്പുകളെ ആശ്രയിച്ചു ജീവിക്കുന്ന വലിയൊരു വിഭാഗം ജനങ്ങളും വഴിയാധാരമായി. ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ, മേളക്കാർ, ദീപാലങ്കാരവും ലൈറ്റ്– സൗണ്ട് സേവനങ്ങളും നൽകുന്നവർ, കലാപരിപാടികൾ അവതരിപ്പിക്കുന്നവർ, ഉൽസവപ്പറമ്പിലെ വള ബലൂൺ കച്ചവടക്കാർ, തോരണങ്ങളും അലങ്കാരങ്ങളും ഒരുക്കുന്നവർ തുടങ്ങിയവരെല്ലാം തൊഴിലും വരുമാനവും ഇല്ലാതെ പ്രതിസന്ധിയിലാണ്.

വിവാഹം അടക്കമുള്ള വിരുന്നുകൾക്കു വിലക്ക് ഏർപ്പെടുത്തിയതോടെ കാറ്ററിംഗ് വ്യവസായവും പ്രതിസന്ധിയിലായി. ഹോസ്റ്റലുകളും അടച്ചു. ഈ മേഖലകളിൽ ജോലി ചെയ്തിരുന്നവരും ഒരു മാസത്തേക്കു തൊഴിൽ രഹിതരായി. നിർമാണ മേഖലയിലും വിനോദ സഞ്ചാര മേഖലയിലുമെല്ലാം കടുത്ത പ്രതിസന്ധിയാണ്. കൂടുതൽ കടുത്ത നിയന്ത്രണങ്ങളോടെ മാളുകളും ജിമ്മും ബ്യൂട്ടി പാർലറുകളും കൂടുതൽ പേർ ഒന്നിച്ചു ജോലി ചെയ്യുന്ന തൊഴിലിടങ്ങളുമെല്ലാം അടച്ചിട്ടു.

തൊഴിലിലും വരുമാനത്തിലും ഇല്ലാതെ മുന്നോട്ടു പോകാനാവില്ല. രാജ്യവ്യാപകമായ സാമ്പത്തിക മാന്ദ്യവും പ്രളയക്കെടുതികളും മൂലം നേരത്തെത്തന്നെ ക്രയശേഷി തകർന്ന അവ




സ്ഥയിലായിരുന്നു ജനങ്ങൾ. ആഗോള വ്യാപകമായ കോവിഡ് മൂലം ലോകരാഷ്ട്രങ്ങളെല്ലാം സാമ്പത്തിക തകർച്ചയിലാണ്.

ലോക സാമ്പത്തിക വളർച്ച പ്രതീക്ഷിച്ചിരുന്ന 2.9 ശതമാനത്തിൽനിന്ന് ഒന്നര ശതമാനമായി കുറയുമെന്നാണ് ഐഎംഎഫിന്റെ പ്രാഥമിക വിലയിരുത്തൽ. ആഗോള സമ്പദ് വ്യവസ്ഥയ്ക്ക് രണ്ടു ട്രില്യൺ ഡോളറിന്റെ നഷ്ടമുണ്ടാകുമെന്നാണ് പ്രാഥമിക കണക്ക്.

കോവിഡ് വൈറസ് ബാധിച്ച് ചൈന ഷട്ട്ഡൗൺ ആയപ്പോൾ അനേകം രാജ്യങ്ങൾ പ്രതിസന്ധിയിലായി. ടെലിവിഷൻ, മൊബൈൽ ഫോൺ, കംപ്യൂട്ടർ, ഫാർമസ്യൂട്ടിക്കൽസ്, ടെ



ക്സ്റ്റൈൽസ്, കീടനാശിനി തുടങ്ങിയ ഉൽപന്നങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾക്കും ഘടകങ്ങൾക്കുമായി ചൈനയെ ആശ്രയിക്കുന്ന അനേകം രാജ്യങ്ങളുണ്ട്. ഈ ഇനങ്ങൾക്കായി ചൈനയെ ആശ്രയിക്കുന്ന രാജ്യമാണ് ഇന്ത്യ. അത്തരം അസംസ്കൃത ഇനങ്ങൾ ലഭിക്കാത്തതിനാൽ ഇന്ത്യൻ വ്യവസായത്തേയും പ്രതികൂലമായി ബാധിച്ചു.

ഓഹരി വിപണിയിൽ കരടികൾ മുക്രയിട്ടും ഗർജിച്ചും ഓടി നടന്നു. ഓഹരി വിപണിയിൽ പണം മുടക്കിയവർക്കെല്ലാം കൈപൊള്ളി.

ഇതിനു മുമ്പും മഹാവ്യാധികൾ ലോകത്തെ കീഴടക്കിയിട്ടുണ്ട്. 1918–1920 ൽ ലോകമെങ്ങും പടർന്നു പിടിച്ച സ്പാനിഷ് ഫ്ളൂ ബാധിച്ച് അഞ്ചു കോടിയിലേറെ പേരെങ്കിലും മരിച്ചിരുന്നു. അന്ന് 50 കോടി പേരെ സ്പാനിഷ് ഫ്ളൂ ബാധിച്ചിരുന്നു. ഫ്ളു ബാധിച്ചവർ പലായനം ചെയ്ത് ലോകമെങ്ങും പരത്തുകയായിരുന്നു. കൊറോണയ്ക്കും സമാനമായ വ്യാപനം. കൊറോണ വൈറസിന് ഇന്നു മരുന്നില്ലെന്നതുപോലെ അന്ന് ഫ്ളുവിനും മരുന്നില്ലായിരുന്നു.

ആരോഗ്യ മേഖലയിലെ ഡോക്ടർമാരും നേഴ്സുമാരും പാരാ മെഡിക്കൽ രംഗത്തുള്ളവരും സമൂഹത്തിനു നൽകിയ സേവനം വളരെ വലുതായിരുന്നു. അനേകം രോഗികളുടെ ജീവൻ രക്ഷിക്കാൻ അവർ കരുതലോടെ ശുശ്രൂഷ ചെയ്തു. അവരുടെ സേവനങ്ങൾക്ക് ജനതാ കർഫ്യൂവിനിടെ കരഘോഷം മുഴക്കിയും പാത്രങ്ങളിൽ താളമിട്ടും ജനങ്ങൾ ആദരമേകി.

രോഗവ്യാപനം തടയാൻ നമുക്കെല്ലാം ജാഗ്രത പാലിക്കാം.

അതിജീവിക്കണം. ഈ വെല്ലുവിളിയേയും പ്രതിസന്ധികളേയും നമുക്കൊന്നായി മറികടക്കണം.



# നാളെ എന്നത് ഇന്ത്യയുടേത്



**ടി.എസ്.അനന്തരാമൻ**
കാത്തലിക് സിറിയൻ ബാങ്ക്
മുൻ ചെയർമാൻ

കഴിഞ്ഞ കാൽനൂറ്റാണ്ടിനിടക്ക് ലോക സമ്പദ് വ്യവസ്ഥയുടെ പ്രധാന ഭാഗമായി ഇന്ത്യ മാറിയിട്ടുണ്ട്. ലോക വ്യാപാര രംഗത്തെ പ്രധാന ശക്തിയായും ഇന്ത്യ വളർച്ച നേടി. പല പ്രശ്നങ്ങളും മറികടന്നാണ് നാമിവിടെ എത്തിയിട്ടുള്ളത്.

കഴിഞ്ഞ 5 വർഷത്തെ കാര്യമെടുക്കുക. ഒന്നിനു പുറകെ ഒന്നായി ഒരുപാട് പരിഷ്കാരങ്ങൾ നടപ്പിലായ വർഷങ്ങളാണ് കടന്നുപോയത്. കുറഞ്ഞ സമയത്തിനുള്ളിൽ ഇത്രയേറെ പരിഷ്കാരങ്ങൾ തുടർച്ചയായി വന്നത് ആരിലും അത്ഭുതവും അമ്പരപ്പും ഉളവാക്കുന്നതാണ്.

നോട്ടുനിരോധനം, ജിഎസ്ടി, റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആക്ട്, കമ്പനീസ് ആക്ട്, അക്കൗണ്ട് ത്രൂ ഫണ്ട് ട്രാൻസ്ഫർ, ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി എന്നിവ ഒന്നൊന്നായി വന്നുകൊണ്ടിരുന്നു. റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആക്ട് വന്നതോടുകൂടി, ഈ രംഗത്തെ കള്ളക്കച്ചവടങ്ങളും കള്ളപ്പണത്തിന്റെ കുത്തൊഴുക്കും കുറഞ്ഞു. തുടർന്നുവന്ന കമ്പനീസ് ആക്ട്, കമ്പനി നടത്തിപ്പിൽ ഒരുപാട് മാറ്റങ്ങൾക്ക് വഴിതെളിച്ചു.

പരിഷ്കാരങ്ങളുടെ ഒരു പരമ്പരയാണ് ഈ വർഷങ്ങളിൽ സംഭവിച്ചത്. ഇന്നുവരെ ചെയ്തു ശീലിച്ചതു വിട്ട് വ്യത്യസ്തമായ പാതയിലൂടെയുള്ള പ്രവർത്തനങ്ങളാണ് പരിഷ്കാരം കൊണ്ട് ഉദ്ദേശിക്കുന്നത്.

പൊടുന്നനെയുള്ള മാറ്റങ്ങൾ ഉൾക്കൊള്ളാൻ ജനത്തിന് പെട്ടെന്നു സാധിച്ചെന്നു വരില്ല. അതിന് സമയമെടുക്കും. ഈ ഇടവേളയാണ് ഇന്നിവിടെ കാണുന്ന പല പ്രശ്നങ്ങളുടെയും കാതൽ. ഒരു മാറ്റം സംഭവിക്കുമ്പോൾ, അതുൾക്കൊള്ളാൻ സാധിക്കാത്തവരുടെ എതിർശബ്ദങ്ങൾ ഉണ്ടാകുന്നതും സ്വാഭാവികമത്രേ.

ജി.എസ്.ടി നടപ്പായതോടെ കണക്ക് കാണിക്കാതെയുള്ള കച്ചവടങ്ങൾ നിലച്ചു. ഇതുൾക്കൊള്ളാൻ കുറേപേർക്ക് സാധിച്ചിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് സമ്പദ് രംഗത്ത് സ്ലോഡൗൺ വന്നിട്ടുള്ളത്.

ഇതിനൊക്കെ ഒരു മറുവശമുണ്ട്. ഓരോ പരിഷ്കാരം നടപ്പിലാക്കിയപ്പോഴും ലോകം ഇന്ത്യയെ ഉറ്റുനോക്കുന്നുണ്ടായിരുന്നു. നിക്ഷേപത്തിന് ഏറ്റവും അനുയോജ്യമായ രാജ്യം ഇന്ത്യ

യാണെന്ന തിരിച്ചറിവ് ഇതിനകം വിദേശനിക്ഷേപകർക്ക് ഉണ്ടായിട്ടുണ്ട്. വലിയ മുതൽമുടക്കുള്ള നിക്ഷേപങ്ങൾ ഇന്ത്യയിലേക്ക് വന്നുതുടങ്ങിയിട്ടുമുണ്ട്. നിക്ഷേപ സൗഹൃദരാജ്യമാണ് ഇന്ത്യ എന്ന വിലയിരുത്തലാണ് ഇതിനു പുറകിൽ.

റിയൽ എസ്റ്റേറ്റ് മേഖലയിൽ വൻ വിദേശ നിക്ഷേപങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ലോകത്തിലെ മുൻനിര നിക്ഷേപകരായ ബ്ലാക്ക് സ്റ്റോൺ എന്ന കമ്പനി ഇന്ത്യയിൽ വൻ നിക്ഷേപത്തിന് ഒരുങ്ങുന്നു.

ലോകത്തിൽ ഇന്ന് 15 ട്രില്യൺ ഡോളർ നെഗറ്റീവ് ഇന്ററസ്റ്റ് റേറ്റിലാണ് നിക്ഷേപം നടത്തിയിട്ടുള്ളത്. നിക്ഷേപകർക്ക് നിക്ഷേപിച്ചതിലും കുറഞ്ഞ സംഖ്യയാണ് ഇത്തരം നിക്ഷേപങ്ങളിൽനിന്നും തിരിച്ചുകിട്ടുക. അതായത് 100 രൂപ നിക്ഷേപിച്ചാൽ കാലാവധിക്കുശേഷം തിരിച്ചുകിട്ടുക 95 രൂപ മാത്രമായിരിക്കും. ഒരു ചെറിയ മാർജിൻ ലഭിക്കുമെങ്കിൽ കൂടി ഈ സംഖ്യ നിക്ഷേപിക്കാൻ ഇവർ തയാറാകും. അതിനു പറ്റിയ ഇടമായിട്ടാണ് ഇന്ത്യ പരിഗണിക്കപ്പെടുന്നത്.



കഴിഞ്ഞ ബജറ്റിൽ ഒരു സുപ്രധാന നിർദേശമുണ്ട്. അധികമാരും ശ്രദ്ധിക്കപ്പെടാതെ പോയ നിർദേശമാണത്. വിദേശരാജ്യങ്ങളിലെ ഗവൺമെന്റ് ഫണ്ടുകൾ (സോവറിൻ വെൽത്ത് ഫണ്ട്) ഇന്ത്യയുടെ അടിസ്ഥാനമേഖലയിൽ നിക്ഷേപിക്കുന്നതിൽ നിന്നും കിട്ടുന്ന ലാഭം, ഇൻകം ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇന്ത്യയുടെ അടിസ്ഥാനമേഖലയിൽ വൻ നിക്ഷേപം വരുവാൻ ഇതിലൂടെ സാധ്യത തെളിഞ്ഞു. കമ്പനി ടാക്സ് റേറ്റ് ഏറ്റവും കുറവുള്ള ലോകത്തിലെ രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ വന്നു കഴിഞ്ഞു. വൻ നിക്ഷേപങ്ങൾ വരുന്നതിന് ഇതും സഹായമാകുന്നുണ്ട്.

ഇന്ത്യൻ സമ്പദ് രംഗം സ്ലോഡൗൺ ട്രെൻഡിലാണെന്ന ധാരണ പരന്നിട്ടുണ്ട്. എന്നാൽ വിദേശ നിക്ഷേപകർ, ഇന്ത്യയാണ് നിക്ഷേപത്തിന് മികച്ച രാജ്യമെന്ന വിലയിരുത്തലിൽ തന്നെയാണ്. നിക്ഷേപങ്ങൾക്ക് സൗഹൃദ സാഹചര്യമൊരുങ്ങിയിട്ടുണ്ട് എന്നാണ് ഇവർ വിലയിരുത്തുന്നത്. നിക്ഷേപസൗഹൃദ രാജ്യങ്ങളുടെ പട്ടികയിൽ ഉടൻതന്നെ ആദ്യ 50ൽ ഇന്ത്യ വരും എന്നാണ് കണക്കാക്കപ്പെടുന്നത്.

സമകാലികമായ ഒരു ഗുരുതര പ്രശ്നമാണ് കോവിഡ് 19 വൈറസ് ആക്രമണം. ലോക സമ്പദ് ഘടനയെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. പല രാജ്യങ്ങളിലും വലിയ മരണനിരക്കുകൾ റിപ്പോർട്ട് ചെയ്യുന്നു. സൗഭാഗ്യവശാൽ പ്രതിരോധപ്രവർത്തനങ്ങളിൽ ഇന്ത്യ ഏറെ മുന്നിലാണെന്നത് സദ് വാർത്തയാണ്. വലിയ രോഗവ്യാപനം തടയാൻ നമുക്കായിട്ടുണ്ട്.

ലോക സമ്പദ് ഘടനയിൽ ചൈന ഒന്നാം സ്ഥാനത്തോ രണ്ടാം സ്ഥാനത്തോ ആണ്. അവിടെ എല്ലാ പ്രവർത്തനങ്ങളും രഹസ്യാത്മകമായത് നിക്ഷേപകരെ കുഴക്കുന്ന പ്രശ്നമാണ്. എന്താണ് നടക്കുന്നത് എന്ന് പബ്ലിക്കിന് അറിയില്ല. അതുകൊണ്ടുതന്നെ അവിടെ നിക്ഷേപം നടത്തിയിട്ടുള്ള അമേരിക്കൻ, യൂറോപ്യൻ കമ്പനികൾ, അവിടെനിന്നും മാറി മറ്റൊരു രാജ്യത്ത് നിക്ഷേപം നടത്തുന്നതിന് തൽപ്പരരാണ്.

കോവിഡ് ദുരന്തം ചൈനയിൽ വന്നതോടെ, മറ്റൊരു രാജ്യത്തേക്ക് നിക്ഷേപം മാറ്റുന്നതിന് ഈ കമ്പനികൾ തയാറായി കഴിഞ്ഞു. ചൈനക്ക് പുറത്ത് വലിയ ഫാക്ടറികൾ സ്ഥാപിക്കാനാണ് നീക്കം. അതിനു പറ്റിയ സ്ഥല പരിഗണനയിൽ ഇന്ത്യ ഒന്നാം സ്ഥാനത്തുണ്ട് എന്നത് അഭിമാനകരമാണ്.

ആഗോള നിക്ഷേപങ്ങൾ ഇന്ത്യയിലേക്കു വരുന്നതിനുള്ള നീക്കങ്ങൾ തകൃതിയായി നടന്നുവരുന്നുണ്ട്. ചൈനക്ക് ഒരു ബദൽ രാജ്യം അന്വേഷിക്കുന്ന നിക്ഷേപകർക്ക് മുന്നിൽ ഇന്ത്യ ഒന്നാം നിരയിലുണ്ട്. ഇന്നിവിടെ സംജാതമായിട്ടുള്ള പ്രശ്നങ്ങൾ നിസാരവത്കരിക്കുന്നില്ല. എങ്കിലും നാളെ എന്നത്, ഇന്ത്യയുടേതാണ് എന്ന വിലയിരുത്തലാണ് എനിക്കുള്ളത്.




# കൊറോണക്കാലത്തെ സംഗീതജീവിതം

**വീട്ടിൽ കഴിയണം എന്നതു നേര്. പക്ഷേ, രോഗത്തെ പേടിച്ചു മിണ്ടാതിരുന്നാൽ മതിയോ., ഒരു പാട്ടൊക്കെ പാടേണ്ടേ?**




**തേജശ്രീ**

പ്രശസ്തയായൊരു ഗായിക കഴിഞ്ഞദിവസം ഒരു പാട്ടു പാടി ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തു. സംഗീതത്തിനു മാത്രമായുള്ള ഒരു ഗ്രൂപ്പിലാണ് പാട്ട് വന്നത്. സാധാരണ വളരെ നല്ല പ്രതികരണങ്ങളാണ് ഉണ്ടാകാറ്. എന്നാൽ ഇത്തവണ ഗായികയെ അമ്പരപ്പിച്ച് കുറേ കമന്റുകൾ വന്നു. ലോകം മുഴുവൻ കോവിഡ് 19 ബാധയിൽ വിറങ്ങലിച്ചിരിക്കുമ്പോഴാണോ നിങ്ങളുടെ പാട്ടും കൂത്തും എന്നായിരുന്നു ആ നെഗറ്റീവ് കമന്റുകളുടെ കാതൽ.

ഒറ്റവായനയിൽ ആ കമന്റുകളിൽ കാര്യമുണ്ടല്ലോ എന്നുതോന്നും. ലോകം മുഴുവൻ ആശങ്കയിൽ കഴിയുമ്പോൾ എങ്ങനെ പാട്ടു പാടാനും അതുകേട്ട് സന്തോഷിക്കാനും പറ്റും എന്നതാണ് ചോദ്യം. പക്ഷേ അതിൽ ഒരു ന്യായവുമില്ലെന്നതാണ് യാഥാർഥ്യം. വീടുകളിൽനിന്നു പുറത്തിറങ്ങാതെ കഴിയുന്നതിന്റെ, ഒറ്റപ്പെടുന്നതിന്റെ മാനസിക സംഘർഷങ്ങൾക്ക് എന്തുമാത്രം ആശ്വാസമാകും ഒരു പാട്ട്! അതുകൊണ്ടുതന്നെ സംഗീതപ്രേമികൾ ഒന്നിച്ചെത്തി ഗായികയ്ക്കു പിന്തുണനൽകി പറഞ്ഞു– നിങ്ങൾ പാടിക്കോളൂ, ഞങ്ങളുണ്ട് കേൾക്കാൻ.

## സോഷ്യൽ മീഡിയയിലെ സംഗീതം


പാട്ടു പാടുന്നവർക്കും കേൾക്കുന്നവർക്കും ഉപകരണങ്ങൾ വായിക്കുന്നവർക്കും ഒരേപോലെ പ്രിയങ്കരമാണ് സോഷ്യൽ മീഡിയയിലെ ഗ്രൂപ്പുകൾ. ഫേസ്ബുക്കിലും വാട്ട്സ്ആപ്പിലും ഇൻസ്റ്റഗ്രാമിലുമെല്ലാം ഒട്ടേറെപ്പേർ അംഗങ്ങളായുള്ള സംഗീത ചർച്ചാ ഗ്രൂപ്പുകളുണ്ട്. വെറുതെ പാട്ടുകൾ പങ്കുവയ്ക്കൽ മാത്രമല്ല, ആഴത്തിലുള്ള വിചാരങ്ങളും ഇവയോരോന്നിലും ഉയരുന്നു. ചിരപ്രതിഷ്ഠം നേടിയ ഗായകരെക്കൂടാതെ വളർന്നുവരുന്നവർക്കും ഇവയിൽ മികച്ച ഇടമുണ്ട്. പശ്ചാത്തല ഉപകരണങ്ങൾ ഇല്ലാതെ ശ്രുതി മാത്രം വച്ചും, സ്മ്യൂൾ, സ്റ്റാർ മേക്കർ എന്നിവപോലുള്ള ആപ്പുകളുടെ സഹായത്തോടെയും പാടാം. ഒട്ടേറെപ്പേർ ഇങ്ങനെ ശ്രദ്ധിക്കപ്പെടുന്നു. ഉപകരണങ്ങൾ വായിക്കുന്നവർക്കും ഇതേ പ്രാധാന്യം ഗ്രൂപ്പുകളിലുണ്ട്. അതിശയകരമായി വായിക്കുന്ന ഒട്ടേറെപ്പേർ ഇങ്ങനെ സോഷ്യൽ മീഡിയയിലൂടെ ഉയർന്നു വന്നുകൊണ്ടിരിക്കുന്നു.

പാട്ടായാലും ഉപകരണ സംഗീതമായാലും മികച്ച പ്രോത്സാഹനമാണ് കമന്റുകളിലൂടെ ലഭിക്കുക പതിവ്. ഏതെങ്കിലും മേഖലയിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ടെങ്കിൽ അതും പറയും.

ചർച്ചകളുടെ വേറൊരു തലമാണ് ഗ്രൂപ്പുകളിലൂടെ ഉയരുന്നത്. ഓരോ സംഗീതജ്ഞരുടെയും പ്രത്യേകതകൾ, അവരുടെ ശൈലികൾ

തുടങ്ങിയവയെല്ലാം ചർച്ചയ്ക്കുവരും. ഒരേ രാഗത്തിൽ കംപോസ് ചെയ്യപ്പെട്ട ഗാനങ്ങളെക്കുറിച്ച് സമഗ്രമായ ചർച്ചകളുണ്ടാകും. ആരും ഇതുവരെ കണ്ടെത്താത്ത കാര്യങ്ങൾപോലും ഓരോ പാട്ടിലും കണ്ടെത്തുന്ന വിദഗ്ധരുണ്ട് ഈ ഗ്രൂപ്പുകളിൽ. ഫേസ്ബുക്കിൽ മ്യൂസിക് സർക്കിൾ എന്ന സംഘം സംഗീത രംഗത്തിന് സമാനതകളില്ലാത്ത സംഭാവനകളാണ് നൽകുന്നത്.

വാട്ട്സ്ആപ്പിൽ സിംഫണി എന്ന മ്യൂസിക് ഗ്രൂപ്പ് വളരെ ഗൗരവത്തോടെ പാട്ടുകളെ സമീപിക്കുന്നവരാണ്. ഇരുനൂറിലേറെ സജീവ അംഗങ്ങളുണ്ട് അതിൽ. ഗായകരും സംഗീതസംവിധായകരും സിനിമാ, മാധ്യമപ്രവർത്തകരും ആസ്വാദകരും അടക്കമുള്ളവർ പാട്ടുകേട്ടും ചർച്ചകൾ നടത്തിയും മുന്നേറുന്നു. സംഗീതവുമായി ബന്ധമില്ലാത്ത പോസ്റ്റുകളൊന്നും ഈ ഗ്രൂപ്പിൽ അനുവദിക്കാറില്ല. ഗായകർക്കും രചയിതാക്കൾക്കും സംഗീതസംവിധായകർക്കും പ്രത്യേകം ദിവസങ്ങൾ മാറ്റിവച്ച് അവരുടെ പാട്ടുകൾ പങ്കുവയ്ക്കുകയും അണിയറക്കഥകൾ ചർച്ച ചെയ്യുകയും പതിവാണ്.







ഗ്രൂപ്പുകൾക്കു പുറത്തും സംഗീതത്തിന് സോഷ്യൽ മീഡിയയിൽ വലിയൊരു ലോകമുണ്ട്. പ്രശസ്തരായ സംഗീതജ്ഞരുടെ പേജുകൾക്ക് ഫേസ്ബുക്കിൽ ലക്ഷക്കണക്കിനു ഫോളോവേഴ്സ് ഉണ്ട്. അവരോരുരത്തരും അപ് ലോഡ് ചെയ്യുന്ന വീഡിയോകൾക്കുവേണ്ടി കാത്തിരിക്കുകയാണ് ആരാധകർ. മ്യൂസിക് വീഡിയോകൾക്ക് ചുരുങ്ങിയത് പത്തുലക്ഷം വ്യൂസ് ലഭിക്കുന്ന ഒട്ടേറെ സംഗീതജ്ഞരുണ്ട്. ഇവർക്ക് യുട്യൂബ് വഴി വരുമാനമുണ്ടാക്കാവുന്ന അവസരമാണ് ഇതിലൂടെ ലഭിക്കുന്നത്. മറ്റു സ്ട്രീമിംഗ് സർവീസുകൾ വഴിയും സംഗീതകാരന്മാർക്കു വരുമാനം നേടാം.

## ദുരിതകാലം

അപ്രതീക്ഷിതമായി വന്ന കോവിഡ് മഹാമാരി ഒരുവിഭാഗം കലാകാരന്മാരുടെ ജീവിതം അനിശ്ചിതത്വത്തിലാക്കിയിരിക്കുന്നു. സ്റ്റേജ് പ്രോഗ്രാമുകൾ, ഉത്സവങ്ങളുമായി ബന്ധപ്പെട്ട കലാപരിപാടികൾ, മേള-വാദ്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗം ആളുകളും കടുത്ത പ്രതിസന്ധിയിലാണിപ്പോൾ. സംസ്ഥാനത്തെ ഒട്ടുമിക്ക ഉത്സവങ്ങളും ലോക്ക്ഡൗണിനു മുമ്പുതന്നെ ഉപേക്ഷിച്ചു. സമ്പൂർണ ലോക്ക് ഡൗൺകൂടി എത്തിയതോടെ ഈ കലാകാരന്മാർക്കും മറ്റു തൊഴിലാളികൾക്കും മറ്റു മാർഗം ഒന്നുമില്ലാതായി. ഉത്സവ സീസണിൽ ലഭിക്കുന്ന പ്രതിഫലംകൊണ്ടാണ് പ്രോഗ്രാമുകൾ ഒന്നുമില്ലാത്ത മഴക്കാലംകൂടി മറികടക്കാൻ ഇവർ പരിശ്രമിച്ചിരുന്നത്. ഇപ്പോൾ യഥാർഥ സീസണും ഓഫ് സീസണായി. കുട്ടികൾക്കു ക്ലാസുകൾ എടുക്കുന്ന കലാകാരന്മാരും പ്രതിസന്ധിയിലാണ്. അവധിക്കാല ക്ലാസുകൾ പലർക്കും വരുമാനമാർഗമായിരുന്നു.

തന്റെ എല്ലാ പെർക്കഷൻ ഉപകരണങ്ങളും വെയിലത്തുവച്ച് ഉണക്കിയെടുക്കുന്ന ചിത്രം ഫേസ്ബുക്കിൽ പങ്കുവച്ചാണ് ഒരു കലാകാരൻ തന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തിയത്. ഒരു പ്രോഗ്രാമുമില്ല, ഇതെങ്കിലും നടക്കട്ടെ എന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. സംഗീത ഗ്രൂപ്പുകളിൽ വീഡിയോകൾ പങ്കുവയ്ക്കുന്നവരെ വിമർശിക്കുന്നത് തീർത്തും പ്രതിഷേധാർഹമാണെന്നു പറഞ്ഞുവയ്ക്കുകയും ചെയ്യുന്നു അദ്ദേഹം.

മധ്യകേരളത്തിലെ പ്രശസ്തനായ നാദസ്വര വാദകനും തന്റെ അവസ്ഥ ഫേസ്ബുക്കിൽ വിവരിക്കുന്നു. പ്രോഗ്രാമുകളും റെക്കോർഡിംഗുകളും തീർത്തും ഇല്ലാതായതോടെ ലോക്ക് ഡൗൺ കാലത്ത് വീട്ടിൽ പരിശീലനവുമായി കൂടിയിരിക്കുകയാണ് അദ്ദേഹം. പുതിയ പാട്ടുകളുമായി വീണ്ടും കാണാമെന്ന പ്രതീക്ഷയും അദ്ദേഹം പങ്കുവയ്ക്കുന്നു.

എന്തായാലും സംഗീതം നൽകുന്ന പ്രതീക്ഷ അസ്തമിക്കുന്നില്ല. സമ്മർദ്ദങ്ങൾ മറികടക്കാൻ കലാകാരന്മാർ പാട്ടുകളുടെ കൈപിടിച്ച് എത്തും. സോഷ്യൽ മീഡിയ പകരുന്ന ഒരു ശക്തിയും അതുതന്നെ. ദുരിതകാലം കടന്ന് പുതിയ ഈണങ്ങൾ പിറക്കുന്നതു കാത്തിരിക്കാം.




East Fort, **THIRUVANANTHAPURAM.** Ph: 0471-2570481 • Boat Jetty Road, **ALAPPUZHA.** Ph: 0477-2230071 • Dharmodhayam Building, Round East, **THRISSUR.** Ph: 0487-2331812 • T.B. Road, **KOTTAYAM.** Ph: 0481-2565015, 0481-2565016 • Hospital Road, **PERINTHALMANNA.** Ph: 04933-229637 • Near Municipal Bus Stand, R.S.Road, **PALAKKAD.** Ph: 0491-2530916.

/josalukkasjewellery TAMIL NADU | KARNATAKA | KERALA | ANDHRA | TELANGANA | PONDICHERRY Jos Alukkas group




## ചർച്ച

# സമൂഹ മാധ്യമങ്ങളിലെ സ്ത്രീസാന്നിധ്യം

★ സന്ധ്യ എൻ.പി ★ ശ്രീജ വിജയൻ ★ ഷീജ പി.വി. ★ രാജേശ്വരി തുളസി ★ രേഖ തോപ്പിൽ ★ ഷഫീന സൈത്തൂൻ ★ ഷീജ കദീജ തെരേസ ★ സവിത ദാസ് ★ സലീക്കു എൻ.പി ★ സ്മിത കോടനാട് ★ മിനി ഗോപിനാഥ് ★ അച്ചു ഹെലൻ ★ ദിവ്യ സി. ആർ. ★ മഞ്ജുവൈവെഖരി





സന്ധ്യ എൻ.പി.

**സോ**ഷ്യൽ മീഡിയ സജീവമായ ഇക്കാലത്ത് എഴുത്ത് നേർക്ക് നേരെയുള്ള ഒരു പ്രക്രിയ ആവുന്നു. വളച്ചുകെട്ടിപ്പറയലുകൾക്ക് അവിടെ സ്ഥാനമോ നേരമോ ഇല്ല. സ്ത്രീകൾ സോഷ്യൽ മീഡിയ കൈകാര്യം ചെയ്യുന്നതെങ്ങനെ എന്നതിന് എന്റെ ഉത്തരം ഇങ്ങനെയാണ്.

സോഷ്യൽ മീഡിയാക്കാലത്ത് സ്ത്രീ അവ ഇല്ലാത്ത കാലത്തേക്കാൾ ശക്തയാണ്. ഒരേ സമയം ആയുധമായും വിനോദോപകരണമായും സോഷ്യൽ മീഡിയയെ ഉപയോഗപ്പെടുത്തുന്നവരാണ് ഇന്നത്തെ സ്ത്രീകൾ. പണ്ട് പലതരത്തിൽ അടിച്ചമർത്തപ്പെട്ടിരുന്ന, ചൂഷണം ചെയ്യപ്പെട്ടിരുന്ന സ്ത്രീകൾക്ക് പ്രതികരിക്കാൻ ഉള്ള മാർഗ്ഗങ്ങൾ കുറവായിരുന്നു. ചൂഷണങ്ങൾക്കും അപമാനങ്ങൾക്കും എതിരെ തങ്ങളുടെ പ്രതിഷേധം ചുറ്റുമുള്ളവരേയും അധികാരികളേയും സമൂഹത്തിലെ മറ്റംഗങ്ങളേയും അറിയിക്കുന്നതിനുള്ള ഒരു പ്രധാന ഇടമായി മാറി ,സോഷ്യൽ മീഡിയ ഇക്കാലത്ത് സ്ത്രീകളെ സഹായിക്കുന്നുണ്ട്. പണ്ട് അങ്ങനെയൊരിടം സ്ത്രീകൾക്കില്ല.മീറ്റൂ വിവാദങ്ങൾ, വെളിപ്പെടുത്തലുകൾ - ഫെയിസ് ബുക്ക്, ടിറ്റർ പോലുള്ള സോഷ്യൽ മീഡിയ വഴിയാണ് ലോകം കേട്ടത്. ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടി വരുന്ന സ്ത്രീകൾ ലൈംഗികാതിക്രമങ്ങൾ നേരിടേണ്ടി വരുമ്പോൾ ,ഏതെങ്കിലും തരത്തിലുള്ള ആക്ഷേപത്തിന് ഇരയാകേണ്ടി വരുമ്പോൾ ചില സ്ത്രീകളെങ്കിലും 'ലൈവ് ' ആയി അത്തരം നിമിഷങ്ങള രേഖപ്പെടുത്തി സാമൂഹ്യ വിരുദ്ധരെ ലോകത്തിനു മുന്നിൽ വെളിപ്പെടുത്തുന്നുണ്ട്.

സാമൂഹ്യ പ്രശ്നങ്ങളെ, രാഷ്ട്രീയ പ്രശ്നങ്ങളെ തങ്ങളുടെതായ രീതിയിൽ നോക്കിക്കാണുകയും തങ്ങളുടെ അഭിപ്രായങ്ങൾ ശക്തമായി അവതരിപ്പിക്കുകയും ചെയ്യുന്ന സ്ത്രീകൾ സോഷ്യൽ മീഡിയയിലുണ്ട്. താനും താനുൾപ്പെടുന്ന സമൂഹവും നേരിടുന്ന പ്രശ്നങ്ങളെ തിരിച്ചറിയാനും അവയ്ക്കെതിരെ ചേർന്നു നിന്നു കൊണ്ട് കൂട്ടായ്മകളിലൂടെ പ്രശ്ന പരിഹാരം കണ്ടെത്തുന്നതിനും സോഷ്യൽ മീഡിയ വഴി സ്ത്രീകൾ ശ്രമിക്കുന്നുണ്ട്.

തങ്ങളുടെ 'പാഷൻ 'എന്താണോ അത് പ്രകാശിപ്പിക്കുന്നതിനുള്ള ഒരു വേദിയായാണ് ചിലർ സോഷ്യൽ മീഡിയായെ കാണുന്നത്. സീരിയസ് റൈറ്റിംഗ്സ് ഉൾപ്പെടെ ഏത് തരം എഴുത്തും,.ഗാർഡനിംഗ്, കൃഷി, ഡിസൈനിംഗ്, പാട്ട്, ചിത്രം വര, പാചകം, ക്രാഫ്റ്റ് വർക്ക് ' ടിപ്സ് പങ്കുവയ്ക്കൽ ,അഭിനയം, ഫോട്ടോഗ്രാഫി ,യാത്ര, എന്തിനും ഒരു പ്രകാശന വേദിയായി സോഷ്യൽ മീഡിയയെ ഉപയോഗപ്പെടുത്തുന്നുണ്ട് കുറേപ്പേർ.

സോഷ്യൽ മീഡിയയിൽ വരുന്ന ഗോസിപ്പ് വാർത്തകളും ചിത്രങ്ങളും ഷോർട് മൂവീസും, ആസ്വദിക്കുക മാത്രം ചെയ്യുന്ന ഇടയ്ക്ക് സ്വന്തം ഫോട്ടോയും മറ്റു ചിലപ്പോൾ വേണ്ടപ്പെട്ടവരുടെ പടങ്ങളും ഇട്ട് സ്വയം ആസ്വദിക്കുന്ന ആത്മരതിക്കാരാണ് കുറേയധികം പേർ .അവർ വിനോദത്തിനു വേണ്ടി മാത്രം സോഷ്യൽ മീഡിയയെ ഉപയോഗിക്കുന്നു.

കമന്റ്സ് മാത്രം വായിച്ച്, ചിരിക്കുന്ന ഒരു വലിയ വിഭാഗം വേറേയുമുണ്ട്. ചിലർ തങ്ങളുടെ തൊഴിലിടം പരിചയപ്പെടുത്താനും തൊഴിലുമായി ബന്ധപ്പെട്ട കാര്യങ്ങൾ സമൂഹവുമായി പങ്കുവയ്ക്കാനും ഈ ഇടം ഉപയോഗപ്പെടുത്തുന്നു.

തങ്ങളുടെ ഉല്പന്നങ്ങൾ ചെറിയ നിലയിലുള്ളതോ, വലിയ രീതിയിലുള്ളതോ എന്തായാലും,പരിചയപ്പെട്ടുത്താനും പരസ്യം ചെയ്ത് വില്കാനുമുള്ള ഒരു പരസ്യ ഇടമായി ചില സ്ത്രീകളും സ്ത്രീ കൂട്ടായ്കളും ഈ സോഷ്യൽ മീഡിയായിടം ഉപയോഗപ്പെടുത്തുന്നു.

അപൂർവ്വമായവമായി വളരെയധികം ചങ്കൂറ്റത്തോടെ ചിലർ സോഷ്യൽ മീഡിയായിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

പുരുഷനു മാത്രം ചെയ്യാൻ കഴിയുന്ന ത്,പറയാൻ കഴിയുന്നത് എന്ന് സമൂഹം വിചാരിച്ചിരുന്ന മേഖലകളിൽ കൈവയ്ക്കാൻ ധൈര്യമുള്ള സ്ത്രീകൾ, പെൺകുട്ടികൾ ഇന്ന് സോഷ്യൽ മീഡിയയിലുണ്ട്. ഒരു കൂട്ടം മനുഷ്യർക്കു മുന്നിൽ നിന്നു കൊണ്ട് നേരിട്ടു പറയുമ്പോഴുള്ള ബുദ്ധി

മുട്ടില്ലാതെ  കാര്യങ്ങൾ വിശദീകരിക്കാൻ സ്ത്രീയെ സഹായിച്ചത് ഈ പുതു സാങ്കേതിക ഇടമാണ്.സ്ത്രീ ലൈംഗികതയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സമൂഹ സമക്ഷം സ്ത്രീ തന്നെ പറയുക എന്നത് വളരെ വെല്ലുവിളി നിറഞ്ഞ കാര്യമാണ്.ഇത്തരം വിഷയങ്ങൾ നേരിട്ട് കേൾക്കാൻ പക്വത എത്തിയിട്ടില്ലാത്ത സമൂഹത്തിൽ തന്റേതായ ഇത്തരം കാര്യങ്ങൾ പറയാൻ, അഭിപ്രായങ്ങൾ പ്രകാശിപ്പിക്കാൻ സ്ത്രീ സോഷ്യൽ മീഡിയയെ ഉപയോഗപ്പെടുത്തുന്നുണ്ട്. പെണ്ണിന്റെ സ്വയംഭോഗം, മുതിർന്നവർക്കുള്ള കളിപ്പാട്ടങ്ങൾ തുടങ്ങിയ വിഷയങ്ങൾ ശാസ്ത്രീയ ജ്ഞാനത്തോടെ വിശദീകരിക്കുന്ന പോസ്റ്റുകൾ  ഉദാഹരണം. സ്ത്രീ ശരീരവുമായി ബന്ധപ്പെട്ട ഇത്തരം വിഷയങ്ങൾ സമചിത്തതയോടെ  കേൾക്കാനും സ്ത്രീ ഒരു സ്വതന്ത്ര വ്യക്തിയാണ് എന്നംഗീകരിക്കാനും കഴിയാത്ത പ്രാകൃതമായ  മാനസിക ഘടനയുള്ള സമൂഹത്തിലാണ് നാമിപ്പോഴും ജീവിക്കുന്നത് എന്ന് ഇത്തരം പോസ്റ്റുകൾക്കു കീഴിൽ വരുന്ന വളരേ മ്ലേച്ഛമായ ഭാഷയിലുള്ള കമന്റുകൾ വായിച്ചാലറിയാം. പൊതുവെ കുലസ്ത്രീ മനോഭാവം വെച്ചു പുലർത്തുന്ന സമൂഹത്തിനു മുന്നിൽ സ്ത്രീ ലൈംഗികത എന്ന പൊള്ളും വിഷയം വ്യക്തി എന്ന അന്തസ്സ് കളയാതെ ആർജവത്തോടെ അവതരിപ്പിക്കാൻ കഴിയുന്നത് സോഷ്യൽ മീഡിയ ഒരേ സമയം പൊതു ഇടവും സ്വകാര്യ ഇടവും ആകുന്നതു കൊണ്ടാണ്.

ചുരുക്കത്തിൽ സമൂഹ മനസ്സിന്റെ നഗ്നമായ ഒരു മാനസികനിലവാരക്കാഴ്ച സോഷ്യൽ മീഡിയിൽ കാണാം. അതിനെ ചങ്കൂറ്റത്തോടെ നേരിടുന്ന സ്ത്രീയേയും.

### ഭാഷ

സ്ത്രീ സോഷ്യൽ മീഡിയായിലുപയോഗിക്കുന്ന ഭാഷ പുരുഷ ഭാഷാപ്രയോഗത്തിൽ നിന്നും വ്യത്യസ്തമാണ്. സമൂഹത്തിൽ നേരിട്ട് മനുഷ്യൻ മനുഷ്യനോട് പറയാൻ മടിക്കുന്ന വാക്കുകൾ  ചർദ്ദിക്കാനുള്ള ഇടമായാണ് പുരുഷൻ സോഷ്യൽ മീഡിയയെ കാണുന്നത്. അശ്ലീല വാക്കുകളും ജാത്യധിക്ഷേപ വാക്കുകളും വ്യക്തിഹത്യ ചെയ്യുന്ന വാക്കുകളും  പുരുഷന്മാർ നിർലോഭം പ്രയോഗിക്കുന്നു. സ്ത്രീകളുടെ പോസ്റ്റുകൾക്കിടയിൽ വന്ന് യാതൊരു പ്രതി പക്ഷ ബഹുമാനവും പുലർത്താതെ വായിൽ വന്ന വാക്കുകൾ ഉളുപ്പില്ലാതെ വിളിച്ചു പറഞ്ഞിട്ടു പോകുന്ന ഒരു ആൺ ഭാഷാ സംസ്കാരം സോഷ്യൽ മീഡിയ വെളിപ്പെടുത്തുന്നുണ്ട്. വളരെ സ്വാഭാവികം പോലെ അവർ ഇത്തരം മോശം വാക്കുകളും പ്രയോഗങ്ങളും നടത്തുന്നു. വ്യക്ത്യധിക്ഷേപം ഏറ്റവും കൂടുതൽ നടക്കുന്നത് സ്ത്രീകൾക്കു നേരെയാണെന്നു തോന്നിയിട്ടുണ്ട്. എങ്കിലും അള മുട്ടിയാൽ ചേരയും കടിക്കും എന്ന മട്ടിലേ സ്ത്രീകൾ അത്തരം ഭാഷാപ്രയോഗങ്ങളിലേക്ക് താഴാറുള്ളൂ. പൊതുവെ  മാന്യമായും സമചിത്തതയോടെയും സംസാരിക്കാൻ സ്ത്രീകൾ ശ്രമിക്കാറുണ്ട്.

ചുരുക്കത്തിൽ സ്ത്രീകൾ ആരോഗ്യകരമായ രീതിയിൽ സോഷ്യൽ മീഡിയ കൈകാര്യം ചെയ്യുന്നു, മുന്നോട്ടു പോവുന്നു.  സാമൂഹ്യ ജീവിതത്തിൽ പുരോഗമനാത്മകമായി ഇടപെടാൻ സഹായിക്കുന്ന ഒന്നായി സ്ത്രീ സോഷ്യൽ മീഡിയാ ഇടം ഉപയോഗപ്പെടുത്തുന്നു.




സമൂഹത്തിന്റെ വേലിക്കെട്ടുകളെ തകർക്കുന്ന സ്ത്രീക്കേ പരിമിതികളെ മറികടക്കാനാവൂ എന്ന ഉദ്ധരണിയുണ്ട്. ഈ വിഷയത്തെ ഈ പശ്ചാത്തലത്തിൽ നിന്നുവേണം കാണാൻ. സമൂഹത്തിൽ ഇന്ന് എല്ലാ മേഖലകളിലും വ്യക്തിമുദ്ര പതിപ്പിക്കാൻ സ്തീകൾക്കു കഴിഞ്ഞിട്ടുണ്ടെങ്കിലും സ്ത്രീകൾക്കായുള്ള പൊതു ഇടം എന്നത് സങ്കല്പം മാത്രമായിരുന്നു. ആ സങ്കല്പത്തിന്റെ പൂർത്തീകരണമാണ് സമൂഹമാധ്യമങ്ങൾ  ഏറ്റെടുത്തത്.ഇന്ന് ഏറേ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്  സമൂഹമാധ്യമത്തിലെ സ്ത്രീ സാന്നിധ്യമെന്നത്. ഇതിനും രണ്ടു വശങ്ങളുണ്ട്.


ശ്രീജ വിജയൻ

സ്വന്തം അഭിപ്രായങ്ങളും, കാഴ്ചപ്പാടുകളും, സമകാലീന സംഭവങ്ങളോടുള്ള പ്രതികര

ണങ്ങളും സമൂഹത്തോട് തുറന്നു പറയാനുള്ള ധൈര്യം, സ്വാതന്ത്ര്യത്തിന്റെ ഇരിപ്പിടം എന്ന രീതിയിൽ തന്നെയാണ് സ്ത്രീ സമൂഹം സമൂഹ മാധ്യമത്തെ നോക്കിക്കാണുന്നത്.ഈ മാധ്യമത്തിലൂടെ സ്ത്രീ ലോകത്തെ കാണുകയാണ്. അവളുടെ കാഴ്ചപ്പാടും നിലപാടും രൂപീകരിക്കുകയാണ്, ആസ്വദിക്കുകയാണ്. ലൈക്കടിച്ചും കമൻറു ചെയ്തും, ഷെയർ ചെയ്തുമെല്ലാം പുതുലോകത്തിന്റെ സമൂഹമാധ്യമ സംസ്കാരം സ്ത്രീസൃഷ്ടിക്കുന്നു.

പുറം ലോകവുമായി ബന്ധപ്പെടുന്ന ആശയ വിനിമയോപാധി എന്നതിലേക്കാൾ ഏറെയായി മുഖം നോക്കി പറയാൻ മടിച്ചതൊക്കെ അക്ഷരങ്ങളിലൂടെ ലോകത്തോട് വിളിച്ച് പറഞ്ഞ് സ്വന്തം ഇടം കണ്ടെത്തുന്നു.ഇതിലൂടെ സമൂഹമാധ്യമങ്ങളുടെ വിസ്തൃതി പ്രയോജനപ്പെടുത്താൻ സ്ത്രീകളിന്ന് ശക്തമായി ശ്രമിക്കുന്നുണ്ട്. അതു കൊണ്ട് തന്നെയാണ് സമൂഹ്യ മാധ്യമ വിഹാരകണക്കെടുപ്പിൽ സ്ത്രീകൾ മുന്നിലായത്.

ഭാഷയെയും ദേശത്തെയും മാറ്റി നിർത്തി സൗഹൃദത്തിന്റെ ലോകത്തെ വിശാലമാക്കാൻ സ്ത്രീക്ക് ഈ ഇടപെടലിലൂടെ കഴിയുന്നു. ആരോരുമറിയാതെ സൂക്ഷിച്ച സർഗാത്മക സൃഷ്ടികളെയും, കലാവാസനകളെയും തുറന്നു പ്രകടിപ്പിക്കാനുള്ള വേദി കൂടിയാകുന്നു സ്ത്രീകൾക്ക് സമൂഹമാധ്യമം. എന്നെ ആരും കേൾക്കുന്നില്ല, എനിക്ക് അഭിപ്രായ സ്വാതന്ത്ര്യമില്ല എന്ന സ്ത്രീയുടെ തോന്നലുകൾക്ക് വിരാമമായി തീർന്നിരിക്കുന്നു ഈ മാധ്യമം. പക്വതയോടെ തുറന്നു പറച്ചിൽ നടത്താനുള്ള ശേഷി ഇവയിലൂടെ സ്ത്രീ നേടിയെടുക്കുന്നു.പല സ്ത്രീകളും ചെറുകിട സംരംഭങ്ങൾ വിജയകരമായി നടത്തുന്നു. ചില രാവട്ടെ ഇതിനായി പ്രത്യേകം പേജുകളും, ഗ്രൂപ്പുകളും, കമ്മ്യൂണിറ്റികളും രൂപവത്കരിക്കുന്നു. തങ്ങളുടെ ഉല്പന്നങ്ങളെ കൃത്യനിഷ്ഠയോടെ കൈകളിലെത്തിക്കാനും അവർക്ക് കഴിയുന്നു. ഈ സംരംഭകത്വ സാധ്യതകളെ സ്ത്രീകളാണ് വിജയകരമായി പ്രയോജനപ്പെടുത്തുന്നത്

വളർന്നു വരുന്ന കമ്പ്യൂട്ടർ സാക്ഷരതയാണ് ഇതിന്റെ മറ്റൊരു പ്രത്യേകത. ഇതിനനുസരിച്ച് കമ്പ്യൂട്ടർ, ഇൻറർനെറ്റ് തുടങ്ങിയ ഉപയോഗിക്കാനും അതു നൽകുന്ന സാധ്യതകൾ മനസിലാക്കാനും, ബോധപൂർവ്വം ഉപയോഗിക്കാനും സ്ത്രീ സമൂഹത്തിന് സഹായകമാവുന്നു.

തനിക്ക് ചുറ്റുമുള്ള സ്ത്രീ കൂട്ടായ്മകളെ കുറിച്ചറിയാനും അതിന്റെ ഭാഗമാവാനും സ്ത്രീകളെ പ്രാപ്തരാക്കുന്നു. നേടിയെടുക്കുന്ന സ്ത്രീ സ്വാതന്ത്ര്യത്തിന്റെയും, കാഴ്ചപ്പാടുകളുടെയും അറിവുകൾ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സ്ത്രീ ഈ കൂട്ടായ്മയിലൂടെ ശ്രമിക്കുന്നു.

സ്വന്തം നിലനില്പിന്, സ്വന്തം സ്വാതന്ത്ര്യത്തിന്, നാടിന്റെവിമോചനത്തിന് വേണ്ടി എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന് സ്ത്രീക്കു മനസിലാക്കി കൊടുത്തതിൽ വളരെ വലിയ പങ്കാണ് ഈ മാധ്യമത്തിനുള്ളത് 'ഉമറുൽ ബഷീറിനെ ഭരണത്തിൽ നിന്ന് പിൻതള്ളാൻ നടത്തിയ ശ്രമങ്ങളിൽ സ്ത്രീകൾ പങ്കാളിയായതും ഗായിക അലാ സാലിഹ കാറിന്റെ മുകളിലിരുന്ന് വിപ്ലവഗാനങ്ങൾ പാടിയതും ജാമിയ മിലിയയിലെ പോരാട്ടങ്ങൾക്കു മുന്നിൽ നിൽക്കാനും പോലീസിനും നേരെ കൈ ചൂണ്ടി പ്രതിഷേധിച്ച ഐഷ ജെ.എൻ.യു യൂണിവേഴ്സിറ്റിയിൽ ഉണ്ടായ സമര പോരാട്ടങ്ങൾക്ക് മുന്നണി പോരാളിയാവാൻ സ്ത്രീകൾക്കു കിട്ടിയ ധൈര്യമെല്ലാം ഈ സമൂഹമാധ്യമത്തിന്റെ ഇടപെടൽ മൂലം തന്നെയാണ്.

സ്ത്രീകളുടെ സാമൂഹിക വളർച്ചയെ, ഒരു വിനോദോപാധിക്കുള്ള വിഷയമായി മാറ്റാതെ, സ്ത്രീയുടെ ഉണർവിനെ കച്ചവടച്ചരക്കാക്കാതെ ഇനി വിജയങ്ങൾക്ക് ഒപ്പമാവാൻ സ്ത്രീകൾക്ക് ഈ നവ കൂട്ടായ്മയിലൂടെ കഴിയേണ്ടതുണ്ട്. നാളിതുവരെ കേട്ട അരുതുകളിൽ നിന്ന്,


നീ പെണ്ണാണ് എന്ന അടിച്ചമർത്തലുകളിൽ നിന്ന്

നീ പെണ്ണാണ് അതിനാൽ നീ തന്നെ പറയുക

എന്നതാവട്ടെ പുതുതായി ഉയരേണ്ട ശബ്ദം

അതിനുള്ള അനന്ത സാധ്യതകൾ തുറന്നിടുന്ന വാതായനങ്ങളാകട്ടെ സമൂഹമാധ്യമങ്ങൾ.





രേഖ തോപ്പിൽ

**സ്ത്രീ**യും ഈ സമൂഹത്തിന്റെ ഭാഗമാണ്. അത് കൊണ്ട് തന്നെ സമൂഹ മാധ്യമ ലോകം [Social Media] അവൾക്കു കൂടി അവകാശപ്പെട്ടതാണ്.

എഴുതാനും, പ്രതികരിക്കാനും, സംവാദത്തിനും, സ്വയം കഴിവ് പ്രകടിപ്പിക്കാനും, കരുത്ത് നേടാനും അവൾ ഈ ലോകത്തും അറിവും, അനുഭവങ്ങളും സ്വന്തമാക്കട്ടെ. സമൂഹമാധ്യമത്തിന്റെ ചതിക്കുഴികളെ തിരിച്ചറിഞ്ഞ് മുന്നോട്ട് പോകാൻ അവൾ പ്രാപ്തയാവട്ടെ. സ്വന്തം കലയും, കഴിവും, പ്രതിഭയും, വ്യക്തിത്വവും പ്രസരിപ്പിക്കുന്നതിനും, പ്രകാശിപ്പിക്കുന്നതിനും ഈ ലോകം അവൾക്ക് തുണയാവട്ടെ. കഥയും, കവിതയും, ചെറുകഥയും, പെണ്ണിന്റെ പ്രതിഭയിൽ നിന്ന് പിറന്ന് വീഴുന്ന ഇടം കൂടിയായി സോഷ്യൽ മീഡിയ അവൾക്ക് അവസരമാകുന്നു. ഈ ലോകത്തോട് അവളുടെ മനസിന് പറയാനുള്ളതെല്ലാം അക്ഷരങ്ങളിൽ വരച്ചിട്ട് സോഷ്യൽ മീഡിയയുടെ ലോകത്ത് തൃപ്തി നേടാം. പ്രതികരണങ്ങളോട് പ്രതികരിക്കാൻ അക്ഷരങ്ങൾ കരുത്താവണം അവൾക്ക്. സോഷ്യൽ മീഡിയയുടെ ലോകത്ത് സ്ത്രീ എന്ന നിലയിൽ ആവശ്യമായ സുരക്ഷ ഉറപ്പാക്കാനുള്ള കഴിവും, നിയമാവബോധവും, അത് പ്രയോഗിക്കാനുള്ള ആർജ്ജവവും സ്വന്തമാക്കി മുന്നേറണം. എല്ലാ പുരുഷൻമാരും ശത്രുക്കളല്ല -എല്ലാ പുരുഷൻമാരും മോശക്കാരല്ല. സ്ത്രീകളോട് മാന്യമായി പെരുമാറുന്ന, അവളുടെ കഴിവുകൾക്ക് പിന്തുണയും, പ്രോത്സാഹനവും നൽകുന്ന നല്ല പുരുഷ സൗഹൃദങ്ങളെ, സഹോദരങ്ങളെ ഈ ലോകത്തും നമുക്ക് കണ്ട് മുട്ടാൻ കഴിയും.

സമൂഹത്തിന്റെ ഓരോ സ്പന്ദനങ്ങളും സോഷ്യൽ മീഡിയയിൽ പ്രതിഫലിക്കുന്നു. അത് കൊണ്ട് തന്നെ ഈ ഓരോ സ്പന്ദനങ്ങളും സ്ത്രീ സമൂഹവും അറിയുകയും, പങ്ക് വെക്കുകയും വേണം.

കല, സാഹിത്യം, രാഷ്ട്രീയം, മതം, പരിസ്ഥിതി, ലോകം എന്നിങ്ങനെ നാനാ വിഷയങ്ങൾക്കൊപ്പം ഈ ലോകത്ത് സഞ്ചരിക്കാൻ സ്ത്രീകളും വേഗത നേടണം. അറിവ് നേടണം.കരുത്ത് നേടണം. അടുക്കളയിൽ നിന്ന് സോഷ്യൽ മീഡിയയുടെ ഉമ്മറക്കോലായിലേക്ക് തന്നെ കസേര വലിച്ചിട്ടിരിക്കാൻ പെണ്ണുങ്ങൾ കഴിവ് കാട്ടണം. എതിർപ്പുകൾ, പരിഹാസങ്ങൾ, വിമർശനങ്ങൾ, അസഹിഷ്ണുത, തുടങ്ങിയ 'വൈറസുകൾ ' പെൺ സമൂഹത്തിന് നേരെയും പാഞ്ഞ് വരാം.. തളരാതെ, ഭയക്കാതെ, പിൻതിരിയാതെ നിലപാടുകൾ ഉയർത്തി അവൾ തല ഉയർത്തി പോരാടണം. പെൺ കരുത്തിന് മുന്നിൽ പരാജയപ്പെട്ട് പോകുന്നവരുടെ തല താഴുന്ന ദൃശ്യം പെൺലോകത്തിന് പ്രചോദനമാകണം. അവളുടെ പേനയും, പ്രതിഭയും, ധൈര്യവും, കരുത്തായി മാറണം.


എത്രയോ സ്ത്രീകൾ ഇന്ന് സമൂഹമാധ്യമ ലോകത്തിന്റെ ഭാഗമാണ്. ചിലർ ഭയന്ന് പിന്മാറിയവർ - ചിലർ ഭയം കൊണ്ട് ഈ ലോകത്തേക്ക് കടന്ന് വരാൻ മടിക്കുന്നവർ. സ്വന്തം പേരും, മുഖവും മറച്ച് പേടിയോടെ ഈ വഴിയിൽ യാത്ര ചെയ്യുന്നവർ -

മടികൂടാതെ, പേടി കൂടാതെ ചിലത്ചിന്തിക്കാനും, പറയാനും, എഴുതാനും, പെണ്ണിനും ഈ ലോകത്ത് ഇടമുണ്ടാവണം - ആ ഇടം പെണ്ണ് ഉപയോഗപ്പെടുത്തണം.

ആർത്തവം മുതൽ ലൈംഗികത വരെയും, പ്രേമം മുതൽ കാമം വരെയും, അവൾക്ക് പറയാനുണ്ടെങ്കിൽ അതവൾക്ക് പറയാൻ മടി വേണ്ട. കഥയായി, കവിതയായി, അനുഭവമായി, ഭാവനയായി അതവൾ പറഞ്ഞ് പോകട്ടെ... സർഗാത്മകമായ കഴിവുകളുടെ ബീജങ്ങൾ അവളുടെ മനസിൽ പൊട്ടി മുളക്കട്ടെ .. അത് വളർന്ന് ഒരു മഹാ സൃഷ്ടിയായി പിറന്ന് വീഴട്ടെ.. സാഹിത്യ ലോകത്തും ,കലാലോകത്തും ,രാഷ്ട്രീയ-സാമൂഹ്യ ലോകത്തും പെൺനാമങ്ങൾ നല്ല പിൻമുറക്കാരായി നമുക്ക് സ്വന്തമാകട്ടെ..

അബല എന്ന വാക്കിനെ കടലിൽ മുക്കി തബല കൊട്ടി അവൾക്ക് പാടാൻ കഴിയണം, പെണ്ണിന്റെ പുതിയ കാലവീരഗാഥകൾ... സോഷ്യൽ മീഡിയ അത് കണ്ട് കയ്യടിക്കട്ടെ..






ഷഫീന സൈത്തൂൻ

**സ്ത്രീ** എന്നത് ഒരു കടങ്കഥയായ് പലരും പറഞ്ഞൊഴിയുമ്പോഴും അവളിലെ പെൺമ വ്യത്യസ്ത തലങ്ങളിൽ രൂപമെടുത്തുകൊണ്ടിരിക്കും. വിവിധ ഭാവങ്ങളാൽ ദീപ്തയായ് അവളുടേതായ പ്രയാണപഥങ്ങളിൽ തന്നെയാണവൾ നിലകൊള്ളുന്നത്.

ഇന്നിന്റെ 'സ്ത്രീത്വം 'വളരെയധികം ചർച്ച ചെയ്യപ്പെടേണ്ട ഒന്നാണ്. സ്വന്തം നിലപാടുകൾ ക്ക് വ്യക്തത വരുത്തുവാനും ഇഷ്ടങ്ങൾ നടപ്പിലാക്കുവാനും ചിന്തകൾ പ്രകടിപ്പിക്കാനുമുള്ള ഒരു വേദിയായി സാമൂഹിക മാധ്യമങ്ങളെ അവൾ ഏറ്റെടുത്തുകഴിഞ്ഞുവെന്നത് സത്യമാണ്. ഇതൊരു തുടക്കമാണ്. വ്യത്യസ്ത തലങ്ങളിലേക്കവൾ ചേക്കേറാൻ ശ്രമിക്കുന്നുവെന്ന തിരിച്ചറിവിന്റെ തുടക്കം.

വീടെന്ന ചട്ടക്കൂടിൽ ഒതുങ്ങുമ്പോഴും ഒരാശ്വാസമായി മാറുന്നുണ്ട് നവ മാധ്യമങ്ങൾ. ഉദ്യോഗസ്ഥയായ സ്ത്രീയെ അപേക്ഷിച്ച് ഒരു സാധാരണ വീട്ടമ്മയ്ക്ക് മനസ്സിലുള്ള പുകച്ചിലുകളെയും തികട്ടലുകളെയും ഒഴുക്കിയെറിയാൻ ഇവ ഒരു പരിധിവരെ സഹായകരമാകാറുണ്ട്. അതിനോടൊപ്പം മനസ്സ് പ്രശാന്തവും തെളിമയുള്ളതുമാകുന്നു. 'അവളുടേതായായ പ്രിയങ്ങളോടൊപ്പം ഒരിത്തിരി നേരം '-അതവളെ ജീവിതത്തിന്റെ പച്ചപ്പുകളിലേക്ക് ചിലപ്പോൾ പറിച്ചു നട്ടേക്കാം.

ഭർത്താവിന്റെയും കുഞ്ഞുങ്ങളുടെയും ചുമതലകൾ നിറവേറ്റി, ഭക്ഷണവും തയ്യാറാക്കിയശേഷം തന്റേതായ നിമിഷങ്ങളിൽ ആശ്വാസം കണ്ടെത്തുന്നതോടൊപ്പം സ്വന്തം അഭിപ്രായങ്ങൾ എഴുതിയിടാനുള്ള ചിലരുടെ ഉപാധിയായി നവ മാധ്യമങ്ങൾ മാറുന്നുണ്ട്. പ്രഭാതം മുതൽ പ്രദോഷം വരെയുള്ള ഏകാന്തതകളിൽ ഒരു കൂട്ടുതന്നെയാണ് സാമൂഹിക മാധ്യമങ്ങൾ.

അതോടൊപ്പം പതിയിരിക്കുന്ന ചതി കുഴികളിൽ വീഴാനുള്ള ഉറവിടമായും ഇതിനെ വിലയിരുത്താം എന്ന വസ്തുത നിലനിൽക്കുന്നുണ്ട്. സ്വന്തം കുടുംബമെന്ന ചരട് പൊട്ടിച്ചെറിഞ്ഞു സ്വാതന്ത്ര്യമാഗ്രഹിച്ച് ഇഷ്ടങ്ങൾക്കൊപ്പം ഇറങ്ങി പോകുന്ന പെണ്ണൊരുത്തിയേയും ഇവിടെ ദർശിക്കാം. ഇത്തരത്തിൽ വ്യത്യസ്തതരം കാഴ്ചകൾ സമ്മാനിക്കുന്നവളാണ് 'പെണ്ണ് '. സ്ഥായീഭാവം ശാന്തതയാണെങ്കിലും സ്ത്രീയൊരു പ്രഹേളിക തന്നെയാണ്. ജീവിത പ്രയാണപഥങ്ങളിൽ ഒരു സന്തോഷം കണ്ടെത്താൻ കഴിഞ്ഞാൽ ഏത് തീയിലും എരിയാൻ ഒരുവൾക്ക് യാതൊരു മടിയും കാണില്ല. അതവൾ അവളോടുതന്നെ നൽകുന്ന ഉറപ്പാണ്.

സ്ത്രീ ചപലയാണ് എന്ന് പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ലെന്ന് ചില ആനുകാലിക സംഭവങ്ങൾ വെളിവാക്കുന്നുണ്ട്. അതിലേക്കൊന്നും ഞാൻ കടന്നു ചെല്ലുന്നില്ല. പക്ഷേ, അസന്തുലിതവും അവിവേക പൂർണ്ണവുമായ പെൺചാപല്യങ്ങൾ നിലയില്ലാ കയങ്ങളിലേക്ക് തള്ളിവിടുമ്പോഴാകാം ഒരുവൾ ജീവിതം അവസാനിപ്പിക്കുന്നത് എന്ന് പറയാം.

ഏതൊന്നിനും ഇരു വശങ്ങളുണ്ട്, ഒരു കുഞ്ഞു നാണയം പോലെ. ജീവിതത്തിലും ആ 'ടോസ് 'തന്നെയാണ് നമ്മെ നയിക്കുന്നത്. ഒന്നു ശരിയിലേക്ക് സഞ്ചരിക്കുമ്പോൾ മറ്റൊന്ന് തെറ്റിന്റെ വഴികാട്ടിയും.. എവിടെയും ഒരു തിരിച്ചറിവ് നല്ലതുതന്നെ

ഒരു കൗമാരകാരിക്ക് ഒരു കാമുകന്റെ മനസ്സും യൗവനയുക്തയ്ക്ക് അവളാഗ്രഹിക്കുന്ന ചൂരും നൽകാൻ പതിയിരുന്ന് ഇരതേടുന്ന സാമൂഹിക മാധ്യമങ്ങളിലെ ആൺവർഗ്ഗത്തെ പെണ്ണേ: നീ തിരിച്ചറിയുക. 'സ്വപ്നലോകങ്ങളിൽ പരിലസിക്കുന്നവളെ.. നീ യാഥാർഥ്യങ്ങളിലേക്ക് മടങ്ങി വരിക 'ഇതെന്റെ സ്ത്രീജന്മങ്ങളോടുള്ള സന്ദേശമാണ്.




# സമൂഹ മാധ്യമങ്ങളിലെ സ്ത്രീ സാന്നിധ്യം


അച്ചു ഹെലൻ

**സാ**മൂഹ്യ മാധ്യമങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യം പുരുഷ മേധാവിത്ത സമൂഹത്തെ കുറച്ചൊന്നുമല്ല ബുദ്ധിമുട്ടിച്ചത്. പുരുഷ കുത്തക ഇടങ്ങളിൽ ഉയർന്നു വരുന്ന സ്ത്രീ ശബ്ദങ്ങൾ പുരുഷനെ കൂടാതെ സ്ത്രീകൾ തന്നെയും അവഹേളിക്കുന്നത് അടുത്തിടെ ഉണ്ടായ പല ആചാര സംരക്ഷണ സർക്കാസങ്ങളിൽ തന്നെ കണ്ടെത്താനാകുന്നു. സ്ത്രീ അവളുടെ വ്യക്തി സ്വാതന്ത്ര്യം ഉറച്ച ശബ്ദമായി സമൂഹ മാധ്യമങ്ങളിൽ പങ്കുവെക്കുന്നിടത്തു അവയെ മതം, രാഷ്ട്രീയം എന്നീ ആയുധങ്ങൾ ഉപയോഗിച്ച് കൊണ്ട് മുറിവേൽപ്പിക്കാൻ അവർ സദാ ശ്രമിക്കുന്നതായി കാണാം.

സ്ത്രീകൾ സാമൂഹ്യ മാധ്യമങ്ങളിൽ തുറന്നു സംസാരിക്കുന്നതു സമൂഹത്തിൽ പല കോളിളക്കങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. ജസ്ല മാടശ്ശേരിയും, രഹ്ന ഫാത്തിമയും ഉയർത്തിയ ശബ്ദങ്ങൾ സാമൂഹ്യ മാധ്യമങ്ങളുടെ പുതിയ ശബ്ദങ്ങൾ ആയിരുന്നു.

എന്നും തുടർന്നു പോന്നിരുന്ന അനാചാരങ്ങൾ പലരും ഒളിഞ്ഞും തെളിഞ്ഞും ചർച്ചക്ക് വിധേയമാക്കാൻ അത്തരം സംരംഭങ്ങൾ സഹായകരമായി. സാമൂഹ്യ മാധ്യമങ്ങളുടെ സ്വാധീനം ഇന്ന് ജനങ്ങൾക്കിടയിൽ ഏറ്റവും ഉയർന്ന അവസ്ഥയിൽ ആണ്.

അവിടെ എന്തും ചർച്ചയാകുന്നുണ്ട്. പലതിലും അടങ്ങിയിരിക്കുന്ന ദൂഷ്യങ്ങൾ മനുഷ്യർ മനസിലാക്കി തുടങ്ങി എന്നതും സോഷ്യൽ മീഡിയ തെളിവ് നൽകുന്നു.

അന്ന് അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് സ്ത്രീകൾ വന്നെത്തുന്നതിൽ ഉണ്ടായ എല്ലാ പ്രതിഷേധങ്ങളും ഇന്ന് അവർ സോഷ്യൽ മീഡിയയിൽ അനുഭവിക്കുന്നുണ്ട്.

എപ്പോഴും ഒരു ഉപഭോഗ വസ്തുവിലപ്പുറം അവളെ കാണാനാകാത്ത വലിയൊരു സമൂഹം അവൾക്കുചുറ്റും ഉഴന്നു നടക്കുന്നു.

ഫേസ്ബുക് പോലുള്ള മാധ്യമങ്ങളിൽ തുറന്നെഴുത്തു നടത്തുന്ന അവളെ വേശ്യയെന്ന മുദ്രണം അനായാസേന ചാർത്തി അപകീർത്തിപ്പെടുത്താൻ സമൂഹത്തിലെ പല പ്രമുഖരും മുൻപന്തിയിൽ തന്നെയുണ്ട്.

അവനു ഇഷ്ടമുള്ളത് മാത്രം സംസാരിക്കാൻ, എഴുതാൻ, അവനിഷ്ടമുള്ള ഇടങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടാൻ, അവനിഷ്ടപ്പെടുന്ന വിധത്തിൽ വസ്ത്രം പോലും ധരിക്കാൻ അവളെ കിട്ടാതെ വരുമ്പോഴെല്ലാം ഈ വിശിഷ്ട പദവി സമൂഹം അവൾക്കേകുന്നു.

മറ്റൊരു തമാശ അവൾ വിവാഹിതയെങ്കിൽ പ്രണയമെന്ന വാക്ക് ഉച്ചരിക്കാൻ പാടില്ലെന്നാണ്. ഭർത്താവിനൊപ്പമല്ലാതെ അവളെ കാണാൻ പോലും ചില സ്ത്രീകൾക്ക് താല്പര്യമില്ലെന്നാണ്.

എങ്കിലും മാറ്റങ്ങൾ അനിവാര്യമാണെന്ന സത്യത്തെ അവർ മനസ്സില്ലാ മനസ്സോടെ അംഗീരിച്ചു തുടങ്ങുന്നുണ്ട്.

അവൾ പറയുന്നതിലും കാര്യമില്ലേ എന്ന് ചിന്തിച്ചു തുടങ്ങുന്നു. അവൾക്കായി സംസാരിക്കാൻ അവർ തയ്യാറായി മുന്നോട്ടു വരുന്നു.

അവിടെയെല്ലാം സ്ത്രീകളുടെ സാമൂഹ്യ മാധ്യമങ്ങളിൽ ഉള്ള സാന്നിധ്യത്തെ അഭിനന്ദിക്കാതെ വയ്യ.

മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു പലകാര്യങ്ങളിലും പിന്നോക്കമാണെന്ന സത്യം മറച്ചു വെച്ചു ഇത്തരം മുന്നേറ്റത്തെ ഹാർദ്ദമായിത്തന്നെ നമുക്കും വരവേൽകാം.




# സമൂഹ മാധ്യമങ്ങളിലെ സ്ത്രീ സാന്നിധ്യം



സവിത ദാസ്

ഇന്ന് സമൂഹത്തിൽ പഴയതും പുതിയതുമായി എണ്ണിയാലൊടുങ്ങാത്ത മാധ്യമങ്ങളാണുള്ളത്. അതുകൊണ്ടാകാം മുഹൂർത്തം പലതുപകർത്തുമ്പോൾ മൂത്രമാകും പോലെയാണ് നവ സാമൂഹിക മാധ്യമങ്ങളിലെ പല വാർത്തകളും. വാർത്തകളെ വളയ്ക്കാനും ഒടിക്കാനും മാത്രമല്ല പുതിയ പല വിദ്യകളും ന്യൂ ജനറേഷൻ മാധ്യമങ്ങളിൽ കാണാം.

അതിൽ പ്രധാനമാണ് വാർത്താവിനോദം.

ഇക്കാലത്ത് സ്ത്രീ സാന്നിധ്യമില്ലാതെ നവ മാധ്യമത്തിന് മുന്നോട്ട് കുതിക്കുക അസാധ്യമായിരിക്കുന്നു. വാർത്താധർമ്മം കാട്ടാനും വാർത്താ വിനോദത്താൽ വായനക്കാരെ പുളകം കൊള്ളിക്കുന്നതിനും സ്ത്രീ തന്നെ ആയുധം. പരസ്യ വരുമാനത്തിൽ കണ്ണുവച്ച മാധ്യമങ്ങൾക്കും തുറുപ്പു ചീട്ടാണവൾ. ദൃശ്യ ശ്രവ്യ മാധ്യമങ്ങളിൽപ്പോലും സ്ത്രീ അരങ്ങുവാഴുന്നതും ഇതുകൊണ്ടുതന്നെ.

ഏതു രംഗത്തും പുരുഷനോട് തോൾ ചേർന്ന് അവളുണ്ടാകും എന്നാൽ ഇന്നും സൈബർ ലോകത്തെ ലിംഗവിവേചനം വ്യക്തം. മാധ്യമ രംഗത്തെങ്കിലും അവൾ സുരക്ഷിതയാണ് എന്ന് പറയാനാകുമോ?

ആ ചോദ്യത്തിന് സ്ത്രീ തന്നെ അതേ എന്നും അല്ല എന്നും ഉത്തരം പറഞ്ഞാൽ അത്ഭുതപ്പെടാനില്ല. കാരണം സ്ത്രീയെ സംരക്ഷിക്കാൻ തലങ്ങും വിലങ്ങും നിയമങ്ങൾ ധാരാളം. അത് പ്രയോജനപ്പെടുത്താത്ത സ്ത്രീകളാണ് അധികവും എന്നു പറയുമ്പോൾ വളരെ ചെറിയ ഒരു ശതമാനം മാത്രമേ ആ നിയമങ്ങൾ പ്രയോജനപ്പെടുത്തുന്നുള്ളൂ എന്നതും എടുത്തു പറയേണ്ട ഒന്നാണ്.

എന്തെന്നാൽ നവമാധ്യമങ്ങൾ ഇന്ന് വിരൽത്തുമ്പിൽ വിസ്മയം തീർക്കുമ്പോൾ നിമിഷ നേരം കൊണ്ട് പല ജീവിതങ്ങളും കെട്ടിപ്പടുക്കുകയും തകർക്കുകയും ചെയ്യപ്പെടുന്നു. സ്ത്രീയെയും കുട്ടികളെയും ആണ് ഇത്തരം അതിക്രമങ്ങൾ അധികവും ബാധിക്കുന്നത്. ഒരുവിഭാഗം സ്ത്രീകൾ തങ്ങളുടെ അഭിപ്രായങ്ങളും പ്രതിഷേധങ്ങളും സമൂഹ മാധ്യമങ്ങളിലൂടെ തുറന്നു കാട്ടുന്നതിന് മുന്നോട്ട് വന്നിരിക്കുന്നു എന്നത് പ്രശംസാർഹം തന്നെ. എന്നാൽ അവർക്ക് നേരെ ചിലർ പരസ്യമായി തന്നെ നാവും കയ്യും ഉയർത്തുകയും, ചീഞ്ഞളിഞ്ഞ അക്ഷരങ്ങൾ വാരിവിതറുന്നതും കാണാം.

സമൂഹമാധ്യമങ്ങളെ സ്ത്രീകൾ മാത്രം ഭയക്കേണ്ടതുണ്ടോ? സ്ത്രീ പുരുഷനെപ്പോലെ തന്നെ ഒരു സാമൂഹിക ജീവയല്ലേ ..

പരസ്യമായി തന്നെ സ്ത്രീയെ അപമാനിക്കുന്ന ഇത്തരം പ്രവൃത്തികൾക്കെതിരെ സ്വയം കേസെടുക്കാൻ മാത്രമല്ല ശിക്ഷ നടപ്പാക്കുന്നതിനും അധികാരികൾക്ക് കഴിഞ്ഞാൽ ഏറെക്കുറെ ഈ പ്രവണത ഒഴിവാക്കാൻ സാധിക്കും എന്ന് നിസംശയം പറയാം.

അടുത്ത സമയത്ത് പുതുതലമുറയുടെ വാർത്താവിനോദത്തിൽ അകപ്പെട്ടു പോയ താരകല്യാൺ എന്ന ഒരു അമ്മയുടെ നോവുന്ന വാക്കുകൾ നവമാധ്യമങ്ങളിലൂടെ തന്നെ നമ്മൾ കാണുകയും കേൾക്കുകയും ചെയ്തതാണ്. കുറച്ച് മാസങ്ങൾക്ക് മുൻപ് നമ്മുടെ നവ വാർത്താ മാധ്യമത്തിൽ വന്ന ഒരു അപകട മരണത്തിന്റെ തലക്കെട്ട് എന്നെയും ഏറെ വേദനിപ്പിച്ചു. അടുക്കളയിൽ ഹിറ്റ് എന്ന പാറ്റയെ തുരത്താനുള്ള സ്പ്രേ ഉപയോഗിക്കുമ്പോൾ ഗ്യാസ് അടുപ്പിലെ തീ പടർന്നാണ് ആ വീട്ടമ്മ മരിച്ചത്. ആ വാർത്തയെ 'ന്യൂ ജനറേഷൻ വീട്ടമ്മ മരിച്ചു ' എന്ന തലക്കെട്ടോടെ അവതരിപ്പിച്ച നമ്മുടെ ന്യൂ ജനറേഷൻ മാധ്യമങ്ങളോട് എന്താണ് നമ്മൾ പറയേണ്ടത്?


മനുഷ്യന് സ്നേഹ സാഹോദര്യവികാര വിചാരങ്ങൾ നഷ്ടപ്പെട്ടു പോകാതിരിക്കട്ടെ. ഇനി ഒരു വാർത്തയും ഒരു അമ്മയുടെയും ഒരു സഹോദരിയുടേയും ഒരു മകളുടേയും കണ്ണു നനയ്ക്കാതിരിക്കട്ടെ...

ഏതൊരു സ്ത്രീയെ കാണുമ്പോഴും കൃഷ്ണമണി വികസിക്കുന്ന അപൂർവ്വം ചില ജന്മങ്ങളുണ്ട് നമുക്കു ചുറ്റുമെന്ന് മനസ്സിലാക്കി തന്നെ സ്ത്രീ മുന്നോട്ട് കുതിക്കട്ടെ.

സ്ത്രീയാണ് എന്ന കാരണത്താൽ ഒരാളും ഒരിടത്തും വേട്ടയാടപ്പെടാതിരിക്കട്ടെ...

അങ്ങനെ ഒരു നാളെ ഈ ലോകത്ത് ഈ സമൂഹത്തിൽ നമ്മുടെ മാധ്യമങ്ങളിൽ പുലരുമെന്ന് നമുക്ക് ആശിക്കാം വിശ്വസിക്കാം..




# സമൂഹ മാധ്യമങ്ങളിലെ സ്ത്രീ സാന്നിധ്യം

**ഇ**ന്ന് സാമൂഹിക മാധ്യമങ്ങളിലെ സ്ത്രീ സാന്നിധ്യം വർദ്ധിച്ചു വരുന്നുണ്ട് ...ഏതൊരു വ്യക്തിക്കും

ഏറ്റവും എളുപ്പം കൈകാര്യം ചെയ്യാനാവുന്നു എന്നതാണ് സോഷ്യൽ മീഡിയയുടെ പ്രത്യേകത..

അത് സ്ത്രീകളെ സംബന്ധിച്ച് അനുകൂല ഘടകമാണ് ... അച്ചടി മാധ്യമങ്ങളെ അപേക്ഷിച്ച് നവസാമൂഹിക മാധ്യമങ്ങൾ ഏറെ മുന്നോട്ട് വന്നിട്ടുണ്ട് ... പാരമ്പര്യ മാധ്യമങ്ങളിൽ ഏറെയൊന്നും


രാജേശ്വരി തുളസി

മുന്നോട്ടുവരാനുള്ള അവസരങ്ങൾ സ്ത്രീകൾക്ക് ലഭിച്ചിരുന്നില്ലാ എന്നിടത്താണ് നവമാധ്യമങ്ങളുടെ

പ്രസക്തിവർദ്ധിക്കുന്നത് ..സ്ത്രീകൾക്കും തങ്ങളുടെ അറിവും ആശയങ്ങളും പങ്കുവെയ്ക്കാൻ വിശാലമായൊരുവേദിയാണിവിടെ തുറന്നുകിട്ടിയിരിക്കുന്നത് ...ഇത്തരം അവസരങ്ങളെ പ്രയോജനപ്പെടുത്താൻ നിരവധി സ്ത്രീകൾക്കായിട്ടുണ്ട് ...

നവമാധ്യമങ്ങളിൽ നിരവധി സ്ത്രീകൾ എഴുത്തുകാരായി മുന്നോട്ട് വരുന്നുണ്ട് ...തങ്ങളുടെ അഭിരുചിക്കനുസരിച്ച് കവിതകളും, കഥകളും, ലേഖനങ്ങളുമായി അവർ ഈ വേദി സ്വന്തമാക്കിക്കഴിഞ്ഞു...പുരുഷൻ വ്യാപരിക്കുന്നതിനേക്കാൾ കൂടുതൽ സ്ത്രീകൾ ഇവിടെ മുന്നോട്ട് വന്നിട്ടുണ്ട് ...

സ്ത്രീയുടെ സർഗ്ഗാത്മക രചനകളിലെ ആഖ്യാനവും, ഭാഷയും വിലയിരുത്തുമ്പോൾത്തന്നെ

ഏതെല്ലാം വിഷയങ്ങളാണവർ കൈകാര്യം ചെയ്യുന്നതെന്നും ശ്രദ്ധിക്കപ്പെടുന്നുണ്ട് ... സ്ത്രീപക്ഷ രചനകൾ സാമൂഹികപ്രതിബദ്ധത പുലർത്തുന്നില്ല എന്ന വിമർശനം കാണാതിരുന്നുകൂടാ..

സാമൂഹിക, രാഷ്ട്രീയ കാര്യങ്ങൾക്കപ്പുറം താരതമ്യേന വികലമായ പ്രണയവും രതിയും ചിലരെങ്കിലും പുരുഷവിദ്വേഷങ്ങളിലും അഭിരമിക്കുന്നുണ്ട് ...മാധവിക്കുട്ടിയുടെ പിന്തുടർച്ചക്കാരാവാൻ പലരും ശ്രമിക്കുമ്പോൾ , മാധവിക്കുട്ടിക്കുശേഷമുള്ള കസേര ഒഴിഞ്ഞുതന്നെ കിടക്കുന്നുവെന്നതാണ് സത്യം..

എപ്പോഴും നമുക്കുചുറ്റും നിത്യജീവിതവുമായി ബന്ധപ്പെട്ടവിഷയങ്ങളും, രാഷ്ട്രീയ സാമൂഹിക ബോധത്തോടുമുള്ള പ്രതികരണങ്ങൾ നടത്തിയും ലിംഗാതീതമായൊരിടം സ്വയം ആർജ്ജിച്ചെടുക്കുന്ന സ്ത്രീകളുടെ എണ്ണം തുലോം കുറവാണെന്നത് സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവർക്ക് മനസ്സിലാക്കാവുന്നതാണ് ... മാറിവരുന്ന സാഹചര്യത്തിൽ ഇത്തരം പ്രവണതകൾക്കും സ്വാഭാവികമായ മാറ്റങ്ങളുണ്ടാവുമെന്നാശിക്കാം...

എന്നാൽ സ്ത്രകളെ സംബന്ധിച്ച വിഷയങ്ങൾ ചൂണ്ടിക്കാണിക്കാൻ സ്ത്രീകൾക്കുതന്നെയാണ് കൂടുതൽ കഴിയുക..ചില സ്ത്രീവിഷയങ്ങൾ സ്ത്രീയോളം മനസ്സിലാക്കാനും അവതരിപ്പിക്കാനും പുരുഷന്

സാധിക്കാതെ വരുന്നുണ്ട് .... നിരന്തരമായ എഴുത്തിലൂടെ തനിക്ക് പറയാനുള്ളത് പറയുമ്പോൾ വിമർശനങ്ങളെ നേരിടേണ്ടിയും വരുന്നുണ്ട് ...

സോഷ്യൽ മീഡിയ എന്നപൊതുയിടം പുരുഷന് മാത്രമല്ല സ്ത്രീക്കും സ്വാതന്ത്ര്യത്തോടെ ഉപയോഗിക്കാൻ കഴിയുന്നുണ്ടോ എന്നത് ചിന്തിക്കേണ്ടതാണ് ...സ്ത്രീകൾ കുടുംബം, വീട് എന്നതിനപ്പുറം എഴുത്തിലേക്ക് വരുമ്പോൾ അവളെ ചോദ്യംചെയ്യപ്പെടേണ്ടവളും കുടുംബത്തിന് ചേരാത്തവളുമെന്ന് സമൂഹം വിധിക്കാറുണ്ട് ...മാത്രമല്ല അവളുടെ എഴുത്തുകളെ സ്വ അനുഭവമെന്ന് മുദ്രകുത്തി എഴുത്തുകാരിയുടെ ചുമലിലേക്ക് ചേർത്തുവെയ്ക്കുന്ന പ്രവണതയും കണ്ടുവരുന്നുണ്ട് ...


മനുഷ്യപക്ഷ രചനകൾ ലിംഗപരിഗണനയ്ക്കപ്പുറം വായിക്കപ്പെടുകയും കാലാനുവർത്തിയായി നിലകൊള്ളുകയും ചെയ്യണം...പക്ഷേ പുരുഷവ്യാഖ്യാനങ്ങളെ ഭയന്നുൾവലിയുന്നവരും ധാരാളമുണ്ടെന്നത് മറന്നുകൂടാ..

ഓരോ കാലഘട്ടങ്ങളിലും ആത്മാവിഷ്ക്കാരങ്ങൾ നടത്താൻ വ്യത്യസ്തമായ വഴികൾ മനുഷ്യർ നേടിയെടുത്തിട്ടുണ്ട് ...കലയും, സാഹിത്യവും, സിനിമയും, നാടകവു മായി അവയുടെ നാൾവഴികൾ ഏറെ നീണ്ടതാണ്...സാ

മൂഹികമായ വളർച്ചയുടെഭാഗമായി മാറ്റങ്ങളും നിരവധി നടന്നിട്ടുണ്ട് ..

അന്നൊക്കെ പിന്നാമ്പുറക്കാഴ്ചക്കാരായ സ്ത്രീകൾ ഇന്നേറെ മുന്നിലായിരിക്കുന്നു...എല്ലാ മേഖലകളിലും നവോത്ഥാന പ്രസ്ഥാനങ്ങൾ കരുത്താർജ്ജിക്കുമ്പോൾ സ്ത്രീയും അഭിമാനബോധത്തോടെ തലയുയർത്തി മുന്നേറുന്നുണ്ട് ....സ്ത്രീകൾ തന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സാമൂഹിക പ്രതിബദ്ധതയോടുകൂടി നവമാധ്യമങ്ങളെ കൂടുതൽ നന്നായി ഉപയോഗിക്കാനുള്ള കരുത്തുനേടുമെന്ന് പ്രത്യാശിക്കാം...





മിനി ഗോപിനാഥ്

എല്ലാ മേഖലയിലും എന്ന പോലെ സ്ത്രീ, സമൂഹ മാധ്യമങ്ങളിലും സജീവ സാന്നിധ്യമാണ്. സ്ത്രീസമത്വം, സ്ത്രീ ശാക്തീകരണം തുടങ്ങിയവ ഒരുവശത്തും ഉപഭോഗ വസ്തുവായ സ്ത്രീ മറുവശത്തും. സമൂഹത്തിന്റെ നേർക്കാഴ്ചകളുടെ പ്രതിഫലനമാണ് സമൂഹ മാധ്യമങ്ങളിലും കാണുന്നത്. ഇവിടെ സ്ത്രീക്ക് സ്വയം മാർക്കറ്റ് ചെയ്യാനുള്ള സാഹചര്യം കൂടുതലുണ്ട്. എന്നാൽ ഹൈടെക് സംവിധാനമുള്ള മാധ്യമങ്ങളിലൂടെ വൈറലാകുന്ന നല്ലതും ചീത്തയുമായ കാര്യങ്ങളെ വിവേചന ബുദ്ധിയോടെ സമീപിക്കുന്ന സ്ത്രീക്ക് ഒരു പരിധിവരെ സ്വതന്ത്രയും സുരക്ഷിതയുമാകാം.

സ്നേഹവും ആർദ്രതയും വിവേകവും വിവേചനവും പ്രായോഗികബുദ്ധിയും പുരുഷനേക്കാൾ കൂടുതൽ ഉള്ള സ്ത്രീ, സമൂഹമാധ്യമങ്ങളിൽ ഇടപെടുന്നത് കരുതലോടെ തന്നെയായിരിക്കണം. ഇരകളായി മാറുന്നവരുടെ നല്ലൊരു ശതമാനവും സൃഷ്ടിക്കപ്പെടുന്നത് സോഷ്യൽ മീഡിയയുടെ ദുരുപയോഗം മൂലമാണ്. സ്ത്രീ എന്നും കൊതിക്കുന്നത് സ്നേഹവും സംരക്ഷണവുമാണ്. അതാണ് അവളുടെ ദൗർബല്യവും. അത് ചൂഷണം ചെയ്യാൻ കഴുകൻമാരെപോലെ കാത്തിരിക്കുന്ന സമൂഹമാധ്യമങ്ങൾ ഉൾപ്പെടുന്ന സമൂഹത്തിലാണ് അവൾ ജീവിക്കുന്നത് എന്ന ബോധം ഓരോ ചുവടു വയ്പിലും മനസ്സിലാക്കിയിരിക്കണം. യുക്തിഭദ്രമായ സമീപനമാണ് ഏത് വ്യവസ്ഥയും സ്വീകാര്യവും കാര്യക്ഷമവും ആക്കുന്നത്. മനസിനെ നിയന്ത്രിക്കാനും വരുതിയിലാക്കാനും കലുഷിത സാഹചര്യത്തിൽ സമനില നഷ്ടമാകാതിരിക്കാനും സ്ത്രീ പരിശീലിച്ചിരിക്കണം.

സ്ത്രീകൾക്ക് സമൂഹ മാധ്യമങ്ങളെ സ്വാതന്ത്ര്യത്തോടെ സമീപിക്കാനുള്ള ധൈര്യം, അല്ലെങ്കിൽ സാഹചര്യം നിലവിലുണ്ടോ? ഉണ്ട് എന്ന് ഒറ്റ വാക്കിൽ ഉത്തരം പറയുന്നുവെങ്കിൽ, പാതിരാ നേരത്തും ഓൺലൈനിൽ ഉള്ള സ്ത്രീയെ മറ്റൊരു കണ്ണിലൂടെ കാണാനും ചോദ്യം ചെയ്യാനും എന്തുകൊണ്ട് സമൂഹം തയ്യാറാകുന്നു? ഇൻബോക്സിൽ പച്ച ലൈറ്റ് കണ്ടാൽ സിഗ്നൽ ആയി എന്ന് ധരിക്കുകയും അനാവശ്യമായി ഹോൺ മുഴക്കുന്നതിന് സമാനമായി വീഡിയോ കാളും ചെയ്യുന്നവരെ എങ്ങനെ കൈകാര്യം ചെയ്യണം? മാനസിക രോഗികളായി കണക്കാക്കി അവഗണിക്കണോ, വെട്ടൊന്ന് തുണ്ടം രണ്ട് എന്ന രീതിയിൽ സമീപിക്കണോ, കാര്യകാരണങ്ങൾ ഒന്നും വെളിപ്പെടുത്താതെ അൺഫ്രണ്ട് ചെയ്യണോ? ഫോൺ ചെയ്യരുത് എന്ന താക്കീത് നൽകുമ്പോൾ തീരെ നിലവാരമില്ലാത്തഭാഷയിൽ സംസാരിക്കുന്ന അജ്ഞാതനായിരിക്കും അപ്പുറത്തുണ്ടാവുക. ഇത്തരം അവസരങ്ങളിൽ സ്ത്രീ തന്റെ ശാരീരിക അവകാശങ്ങളെയും വൈകാരികതയേയും കുറിച്ചു ബോധവതിയായിരിക്കണം. അക്രമോത്സുകയായി പുരുഷനെ ജയിക്കുകയല്ല, സ്വയം സുരക്ഷിതയാകാനുള്ള കരുത്താർജ്ജിക്കുകയുമാണ് വേണ്ടത്. യഥാർഥത്തിൽ ഇതാണ് സ്ത്രീ ശാക്തീകരണം.

സർഗാത്മകമായ കഴിവുകൾ ഉള്ളവരും പ്രശസ്തരും പ്രഗത്ഭരും സമൂഹമാധ്യമങ്ങളിൽ തങ്ങളുടെ വിശേഷങ്ങൾ പങ്കുവച്ചു പോസ്റ്റുകൾ ഇടുമ്പോൾ സാധാരണ ചുറ്റുപാടുകളിൽ ജീവിക്കുന്നവരും ലൈക്കുകൾക്ക് വേണ്ടി വ്യത്യസ്തമായതെന്തെങ്കിലും പോസ്റ്റ് ചെയ്യണം എന്നാഗ്രഹിക്കുന്നു. സ്ത്രീകളാകുമ്പോൾ ആരാധകർ കൂടും. പുകഴ്ത്തലുകൾക്കും അതിരുകൾ ഉണ്ടാ

കില്ല. ഇതൊക്കെ ലഭിച്ചു തുടങ്ങുമ്പോൾ സോഷ്യൽ മീഡിയയോടുള്ള ആസക്തി വർധിച്ചു തുടങ്ങിയാലാണ് പ്രശ്നങ്ങൾ ഉണ്ടായിത്തുടങ്ങുന്നത്.

വിദൂരതയിൽ, ഇതുവരെ കണ്ടിട്ടില്ലാത്ത ഒരാളുമായി വിശേഷങ്ങൾ പങ്കുവയ്ക്കുമ്പോൾ അയാളെക്കുറിച്ച്, നമുക്ക് തന്നിരിക്കുന്ന വിവരങ്ങളിൽ സത്യത്തിന്റെ അംശം എത്രത്തോളമുണ്ടാകും എന്ന് അറിയാൻ കഴിയില്ല. ഇത്തരം ബന്ധങ്ങൾ വളർന്ന് തുടങ്ങിയാൽ യാഥാർഥ്യമായ ലോകത്തു നിന്നാകും അകന്ന് പോകേണ്ടി വരിക.

പ്രാഥമിക കർത്തവ്യങ്ങളൊക്കെ നിർവഹിച്ചു കഴിഞ്ഞോ? എന്ന കുശലാന്വേഷണത്തോടെ സൗഹൃദം ആരംഭിക്കുന്നവർ തീവ്രമായ വികാരങ്ങളാൽ കൊടുമ്പിരിക്കൊണ്ടിരിക്കുന്നവരായിരിക്കും. ഇത്തരം വിശപ്പിന്റെ വിളികൾ ഉറ്റവും ഉടയവരും വേണ്ടരീതിയിൽ അറിഞ്ഞു വിളമ്പാത്തതിനാൽ പട്ടിണിയിലായിപ്പോയ പാവങ്ങളുടെ പരിദേവനങ്ങളോട് അനുകമ്പ തോന്നിയാൽ 'ചാറ്റൽ'മഴയിലൂടെ ഈ വേഴാമ്പലുകൾ ആദ്യം ദാഹശമനം നടത്തിത്തുടങ്ങും. ബുദ്ധിമതിയായ, നിർഭയയായ ഒരു സ്ത്രീക്ക് അതിവേഗം ഇത് തിരിച്ചറിയാനാകും. മാത്രമല്ല ഇയാളെ എവിടെ എങ്ങനെ നിർത്തണം എന്ന ഉത്തമബോധ്യവും വ്യക്തിത്വവും അവൾക്കുണ്ടായിരിക്കുകയും ചെയ്യും. എന്നാൽ ദുർബ്ബലയായ സ്ത്രീ അനങ്ങാനാവാത്ത വിധം ചതിക്കുഴികളിൽപെട്ടു പോവുകയും നിയമത്തിന്റെ മുന്നിൽ പോലും വരാനാകാത്ത വിധം തളക്കപ്പെട്ടുകഴിഞ്ഞിരിക്കുകയും ചെയ്യും.

വിവേകവും അച്ചടക്കവും നിയന്ത്രണങ്ങളും തന്റെ സ്വാതന്ത്ര്യത്തിന് വിലങ്ങ് തടിയാകാത്ത വിധം സ്വയം സൃഷ്ടിക്കുന്ന സ്ത്രീക്ക് സോഷ്യൽ മീഡിയ നല്ല കാര്യങ്ങൾക്ക് വേണ്ടി സ്വാതന്ത്ര്യത്തോടെ ഉപയോഗിക്കാനാകണം. അതിന് തടസ്സം സൃഷ്ടിക്കുന്നവരെ അദൃശ്യരായിരിക്കാൻ അനുവദിക്കാതിരിക്കുന്നിടത്താണ് സോഷ്യൽ മീഡിയയിൽ സ്ത്രീയും പുരുഷനും ഒന്നാണെന്ന അർധനാരീശ്വര സങ്കൽപ്പത്തിന്റെ മനഃശാസ്ത്രപരമായ സത്യം. തിരിച്ചറിഞ്ഞാൽ ആരോഗ്യകരമായ നല്ല സൗഹൃദങ്ങൾ കാത്തുസൂക്ഷിക്കാനാകും.





ദിവ്യ സി.ആർ.

**അ**ടഞ്ഞ അടുക്കളയ്ക്കുള്ളിൽ നിന്നും അരങ്ങിലേക്ക് ഉണരുന്ന സദസ്സ് പോലെയാണ് സ്ത്രീ മനസ്സുകളിലെ സമൂഹ മാധ്യമങ്ങളുടെ സ്ഥാനം. ഇന്നത്തെ സ്ത്രീകൾക്ക് പണ്ട് ഉണ്ടായിരുന്നതിനേക്കാൾ സ്വാതന്ത്ര്യം കൂടിയിട്ടുണ്ട്. പടിഞ്ഞാറൻ രാജ്യങ്ങളിലെ പോലെ ഇവിടെയും സ്ത്രീകൾ തൊഴിൽ പരമായി അവർ സ്വയം തീരുമാനങ്ങളെടുക്കാൻ പ്രാപ്തരായി. വീടും കാറുമായി അവരിഷ്ടപ്പെടുന്ന ജീവിതസാഹചര്യങ്ങളിലേക്ക് മാറുവാൻ ഇന്നത്തെ സ്ത്രീകൾക്ക് കഴിഞ്ഞു. എങ്കിലും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ കൂടി വരുന്നു. രാഷ്ട്രീയ മതപരമായ അഭിപ്രായഭിന്നതകളിലും ഇ - ലോകത്തെ സ്ത്രീകളിലേക്ക് നിയന്ത്രണരേഖകൾ അടിച്ചേൽപ്പിക്കപ്പെടുന്നു. അതവൾ തിരിച്ചറിയാപ്പെടുന്നുമുണ്ട്. പുരുഷനോടൊപ്പം സ്വാതന്ത്ര്യം അവൾക്കുണ്ടെങ്കിലും പലകാര്യങ്ങളിലും അതിനുള്ള അവകാശം നിഷേധിക്കുകയാണ്. അതെക്കുറിച്ചവൾ സംസാരിക്കാൻ തുടങ്ങുമ്പോൾ ചർച്ച ചെന്നെത്തുന്നത് സ്ത്രീകളുടെ വസ്ത്രധാരണത്തെ കുറിച്ചും സ്ത്രീ ശരീരത്തെ കുറിച്ചും ലൈംഗികതയെ കുറിച്ചും മാത്രമാണ്.

സോഷ്യൽ മീഡിയ എന്നത് സമൂഹത്തിന്റെ പൊതു ബോധത്തിൽ നിന്നും സ്വന്തമായൊരിടമല്ല. സ്ത്രി വിരുദ്ധതയും വർണ്ണ വെറിയും നിറഞ്ഞൊരു ലോകമാണ് സോഷ്യൽ മീഡിയയിലും നിറയുന്നത്. എന്നാൽ പൊതു ഇടങ്ങളിൽ നിന്നും വ്യത്യസ്തമായി അസാധാരണമായ സ്ത്രീ സാന്നിധ്യം സോഷ്യൽ മീഡിയയിൽ നമുക്ക് കാണാൻ കഴിയും. പ്രതിഷേധങ്ങളുടേ

യും പ്രതികരണങ്ങളുടേയും ചുമരുകൾ താണ്ടി, കവലകളിലെ ആൾക്കൂട്ടങ്ങൾക്കു നേരെ ഭയാശങ്കയില്ലാതെ സ്ത്രീ, ചർച്ചകളുടെ ഭാഗമാകുന്നത് നമുക്ക് കാണാം. അതിനർത്ഥം സോഷ്യൽ മീഡിയയിൽ സ്ത്രീ സമത്വം ഉണ്ടാകുന്നുവെന്നല്ല, പൊതു ഇടങ്ങളിൽ നിന്നും വ്യത്യസ്തമായി സ്ത്രിയ്ക്ക് സമയത്തിൻെറ നിയന്ത്രണങ്ങളോ ശരീര ഭയമോ ഇല്ലാതെ സംവദിക്കാം എന്നുള്ളതാണ് സോഷ്യൽ മീഡിയയിൽ സാന്നിധ്യമാകാൻ കാരണവും. ഇത്തരം അനുകൂല സാഹചര്യത്തിൽ പോലും സ്ത്രീ സോഷ്യൽ മീഡിയയിൽ സമകാലിക വെല്ലുവിളികൾ നേരിടുന്നതായി കാണാം.

സ്ത്രീകളുടെ സൈബർ ജീവിതത്തിൽ പുരുഷനും പുരുഷാധിപത്യ സ്ത്രീ സമൂഹവും കൽപ്പിച്ചു നൽകുന്ന ചിലയിടങ്ങളുണ്ട്. കുടുംബം, പാചകം അല്ലെങ്കിൽ രാഷ്ട്രീയമോ ലിംഗ സമത്വമോ സംസാരിക്കാത്ത ഇടങ്ങളിലോ മാത്രമായി സ്ത്രികളെ തളച്ചിടുന്നൊരു നിഗൂഢനീക്കവും പൊതുവെ കണ്ടു വരുന്നുണ്ട്. സ്ത്രീ വിരുദ്ധതയുടെ വക്താക്കമായി മാറുന്ന 'കുല സ്ത്രി'കൾക്ക് പുരുഷ സമൂഹം വലിയൊരു വരവേൽപ്പ് നൽകുന്നു. ഇത്തരം സ്ത്രികളിൽ നിന്നും പുരുഷാധിപത്യത്തിനെതിരെ ചെറു വാക്ക് പോലും ഉയരില്ല എന്നത് തന്നെയാണ് ഓൺലൈൻ സൗഹൃദങ്ങളിലെ പുരുഷ സമൂഹം ഉയർത്തി പിടിക്കുന്നതും. ഇത്തരക്കാർക്ക് നേരെ കാര്യമായ ആക്രമണങ്ങൾ ഉണ്ടാകാറില്ല. ഇൻബോക്സ് തേടിയെത്തുന്ന മനോരോഗികളെ ഭയന്നാൽ മാത്രം മതി.

ഇന്ന് സോഷ്യൽ മീഡിയയിൽ സ്ത്രീകളാണ് കൂടുതൽ. ആകെ 5.5 ബില്യൺ സ്ത്രികളുടെ നാട്ടിൽ 7.5 ബില്യൻ സ്ത്രീ ഐഡികളുള്ള ഇടമായി മാറി സോഷ്യൽ മീഡിയ. പ്രഖ്യാപിത സെൻസസിനപ്പുറമുള്ള ഈ ഫെയ്ക്ക് ഐഡി കളുടെ വളർച്ച വളരെയധികം ആശങ്കാജനകമാണ്. എന്നിരുന്നാലും സാമൂഹിക പരമായ സ്ത്രീ പങ്കാളിത്തം അഭിനന്ദനാർഹമാണ്.

ഇന്ത്യയിൽ പത്തിൽ എട്ട് പേരും ഓൺലൈൻ ആക്രമണങ്ങൾക്ക് വിധേയരാകുന്നുവെന്നാണ് പഠനങ്ങൾ. 41% സ്ത്രികൾ ആക്രമണങ്ങൾക്ക് വിധേയരാകുന്നുവെന്നത് 'സൈബർ സെക്യൂരിറ്റി സൊലൂഷൻ' എന്ന സ്ഥാപനത്തിൻെറ പഠനങ്ങൾ പറയുന്നു. സ്ത്രീകളുടെ ആക്രമണവാസനകൾക്കും പ്രധാന പങ്ക് വഹിക്കുന്ന ഇടങ്ങളായി സോഷ്യൽ മീഡിയ മാറുന്ന കാഴ്ചകൾ കേരള സമൂഹം വളരെ ഞെട്ടലോടെ കണ്ടതും ഈ അടുത്ത കാലത്താണ്. പ്രണയ ച്ചതികളുടേയും കൊലപാതകങ്ങളുടേയും പിന്നാമ്പുറങ്ങൾ തേടിപ്പോയാൽ സോഷ്യൽ മീഡിയയ്ക്കുള്ള സ്ഥാനം വളരെ വ്യക്തമാണ്.

കേരളത്തിലായാലും ദേശീയ തലത്തിലായാലും സ്വന്തം വ്യക്തിത്വം ഉയർത്തി പിടിച്ച് രാഷ്ട്രീയ സാമൂഹിക വിഷയത്തിൽ ഇടപെടുന്ന ഒട്ടുമിക്ക സ്ത്രീകളും ഒരിക്കലെങ്കിലും ആക്രമണത്തിന് വിധേയരായിട്ടുണ്ട്. ചിന്താ ജെറോം , സിന്ധു ജോയ്, രഞ്ജിനി ഹരിദാസ് എന്നു തുടങ്ങുന്ന നിരയിൽ ദീപാനിശാന്തും ബി. അരുന്ധതിയും ജിലു ജോസഫിലും എത്തി നിൽക്കുന്നു.

## എന്തുകൊണ്ട് സ്ത്രീ..?

സ്ത്രീ എന്നത് ആഹാരം പാചകം ചെയ്യാനും ലൈംഗിക സംതൃപ്തി വരുത്തുവാനും പ്രസവിക്കാനുമുള്ള ഉപകരണം എന്ന സങ്കല്പത്തിൽ നിന്നും മാറി ലോകം മുന്നോട്ടു പോയപ്പോൾ താൻ സ്വയം മാറിയതെങ്ങനെ ? തന്റെ ചുറ്റുമുള്ള സ്ത്രി മാറേണ്ടതെങ്ങനെ ? എന്നുള്ള ചോദ്യത്തിൽ നിന്ന് മാത്രമേ ഒരു പക്ഷെ മറുപടി കിട്ടുകയുമുള്ളൂ.

സ്ത്രീ സ്വാതന്ത്ര്യം സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്ക് വളർന്ന് സാമൂഹിക സ്വാതന്ത്ര്യത്തിലേക്ക് ചെറിയൊരു സ്ത്രീപക്ഷത്തെ കാണാൻ കഴിയും. ഇത്തരത്തിലുള്ള സമത്വം പൂർണമായും എല്ലാ സ്ത്രീകളും ഉൾക്കൊള്ളാൻ ശ്രമിച്ചാൽ സ്ത്രീകളുടെ സാന്നിധ്യം മുഖ്യധാരകളിലേക്കെത്തും. അത്തരത്തിലൊരു സമൂഹത്തെ പുതിയ തലമുറകളെ വാർത്തെടുക്കുന്നതിന് സോഷ്യൽ മീഡിയയ്ക്കുള്ള പങ്ക് വളരെ വലുതാണ്. ആരോഗ്യ പരമായ ആശയസംവാദങ്ങൾക്കുള്ള ഇടങ്ങളായി സോഷ്യൽ മീഡിയയിലെ സ്ത്രീ- പുരുഷ സാന്നിധ്യങ്ങൾക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.




# സമൂഹ മാധ്യമങ്ങളിലെ സ്ത്രീ സാന്നിധ്യം



സ്മിത കോടനാട്

**ലോ**കത്തിന്റെ പല ഭാഗങ്ങളിലായി നടന്ന സർവ്വേകളും പഠനങ്ങളും അനുസരിച്ച് ഏകദേശം 40-45% ജനങ്ങളും ലൈക് ചെയ്യാനും ഷെയർ ചെയ്യാനും ട്വീറ്റ് ചെയ്യാനും കമന്റ് ചെയ്യാനും ആയി കുറഞ്ഞത് രണ്ട് മണിക്കൂർ എങ്കിലും സ്വതന്ത്ര ലോകമായ സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നുണ്ട്. പണ്ട് എന്റെ കുട്ടിക്കാലത്ത് വൈകുന്നേരങ്ങളിൽ കൂട്ടുകൂടിയിരുന്ന് സംസാരിക്കുന്നതായിരുന്നു ഏറ്റവും വലിയ സമൂഹവത്ക്കരണം. അതിലൂടെ വളരെ ശക്തമായ കൂട്ടായ്മകളും കാണാറുണ്ടായിരുന്നു. സങ്കടം സന്തോഷം ഒക്കെ എത്ര പ്രശ്നങ്ങൾ ഉണ്ടെങ്കിലും പങ്കിടാൻ പറ്റുന്ന സൗഹൃദം ഉണ്ടായിരുന്നു. അണുകുടുംബമായി ചുരുങ്ങി തുടങ്ങിയപ്പോൾ പതുക്കെ പതുക്കെ മതിലുകളുടെ വലുപ്പം കൂടുകയും അവനവനിലേക്ക് ചുരുങ്ങുകയും ചെയ്തു.

പുരുഷന്മാർ ജോലി കഴിഞ്ഞ് വന്നാലും സൗഹൃദം കൊണ്ട് നടക്കുന്നതിൽ പലപ്പോഴും വിജയിക്കാറുണ്ട്.. സ്ത്രീകളാകട്ടെ വീട്ടിലെ ഭാരങ്ങൾ കാരണം വീട്ടിൽ തന്നെ ചുരുങ്ങാനും തുടങ്ങി. ജോലിത്തിരക്കിനും ഒറ്റപ്പെടലിനും ഇടയിലുള്ള ശൂന്യത കളയാനെന്നവണ്ണം കയറിവന്ന കൂട്ടായ്മകളുടെ വക്താക്കൾ ആണ് ഓരോ സാമൂഹ്യ മാധ്യമവും. ഒന്ന് നാടിനെയും മറ്റേത് ലോകത്തെയും കൂട്ടിച്ചേർത്തു. ഓർക്കൂട്ട് ഒരു ഓർമ്മക്കൂട്ട് എന്ന പേരിൽ പല പത്രങ്ങളും ഇവയെ കൊണ്ടാടി. സ്ത്രീ പുരുഷഭേദമന്യേ സമൂഹമാധ്യമങ്ങളുടെ വലയിൽ കുരുങ്ങികിടപ്പായി.

സമൂഹമാധ്യമങ്ങളെ സ്ത്രീകൾ എങ്ങനെ നോക്കിക്കാണുന്നു അഥവാ സമൂഹമാധ്യമങ്ങളിൽ സ്ത്രീകൾ എങ്ങനെ തന്റെ ലോകം സൃഷ്ടിച്ചു എന്നത് ചിന്തനീയമാണ്. ലോകത്തിലെവിടെയും നടക്കുന്ന സംഭവങ്ങൾ, അനുഭവങ്ങൾ, നാടിനെക്കുറിച്ച് അറിയാനുള്ളതെല്ലാം ഈ സൗഹൃദച്ചങ്ങലകളാൽ സാധിക്കുന്നു. ഇത് അറിവ് വർധിപ്പിക്കാൻ ഉതകുന്നതാണ് എന്നതിന് പുറമെ പോസിറ്റീവ് ആയി ഉപയോഗിച്ചാൽ പല ഭാഷയും സംസ്കാരവും നമുക്ക് പഠിക്കാനും കഴിയും. അത് പോലെതന്നെ സർഗ്ഗാത്മകമായ വേദിയും ഇതിലൂടെ നമുക്ക് ലഭിക്കുന്നു. 33% സ്ത്രീകൾ സൗഹൃദങ്ങൾക്കായും ബാക്കി വരുന്നവർ സർഗ്ഗാത്മകത, സ്വതന്ത്രഅഭിപ്രായപ്രകടനങ്ങൾ നടത്താനുള്ള മാധ്യമമായും, തന്റെ ഉത്പന്നങ്ങൾ വിൽക്കാനുള്ള മാധ്യമമായും ഈ വേദികളെ ഉപയോഗിക്കുന്നു. ഇന്ന് പല സാഹിത്യ സൃഷ്ടികളും ഫേസ്ബുക് വഴി ജനശ്രദ്ധ ആകർഷിക്കുകയും അതിലൂടെ പുസ്തക പ്രസാധകരുടെ അടുത്ത് എത്തപ്പെടുകയും ചെയ്യുന്നു. പല പീഡനങ്ങളും അതിക്രമങ്ങളും ഫേസ്ബുക്കിലൂടെ പുറംലോകം അറിയുകയുണ്ടായി. ഇതിലൂടെ ശക്തമായ മുന്നേറ്റങ്ങൾ നടത്താൻ വരെ സാധിക്കുന്നു. മാർക്കറ്റിംഗ് തന്ത്രങ്ങൾ ഇവിടെ പരസ്യപ്പെടുത്തുന്നതിലൂടെ ഒരുപാട് ഉപഭോക്താക്കളെ കണ്ടെത്താൻ നമുക്ക് സാധിക്കുന്നു.

എല്ലാ കാര്യങ്ങൾക്കും പോസിറ്റീവ് മാത്രം അല്ല നെഗറ്റീവ് കാര്യങ്ങളും ഉണ്ടാകുമല്ലോ. ആദ്യമായി വ്യക്തിഗതമായ കൂട്ടായ്മകൾ, സ്നേഹം തുടങ്ങി നമുക്കിടയിൽ കുറഞ്ഞു വരുന്നതായി നമുക്ക് കാണാനാകും. പരസ്പരം സംസാരിക്കാനോ മനസ്സിലാക്കാനോ കുടുംബബന്ധങ്ങൾക്കിടയിൽ സമയം, സൗകര്യം എന്നിവ ഇല്ലാതായി. ശാരീരികവും മാനസികവുമായ അരാജകത്വം കുടുംബങ്ങൾ ശിഥിലമാകാൻ കാരണം ആയി. സ്വന്തം ബന്ധങ്ങൾ നശിപ്പിച്ചു കൊണ്ട് അന്യബന്ധങ്ങൾ വളരുമ്പോൾ അവിടെ ചതിക്കുഴികളും പ്രകടമായി. സ്നേഹബന്ധങ്ങൾ പല തരത്തിൽ അരക്ഷിതാവസ്ഥയിൽ ആകുമ്പോൾ സ്നേഹം, പരിഗണന ഇവ ലഭിക്കാൻ നമ്മൾ സമൂഹ മാധ്യമങ്ങളിൽ ചേക്കേറാൻ തുടങ്ങി. ഒരു സമയം കഴിഞ്ഞ് സ്ത്രീകൾ

ചാറ്റിനായി ഇരിക്കുന്നത് കണ്ടാൽ അനാവശ്യ വലവീശലുകൾ ഹായ്, സുഖം ആണോ എന്നൊക്കെയുള്ള ഭാഷയിലൂടെ സ്ത്രീകളിലേക്കെത്തും. ചിലപ്പോൾ ചിലർ ആ അന്വേഷണങ്ങളിൽ സന്തോഷം കണ്ടെത്തും. ഇവിടെയാണ് ലോകമെന്ന് കരുതി ആ ഇടങ്ങൾ അഭിരമിക്കാൻ തുടങ്ങും. ഇത് സമൂഹമാധ്യമത്തോട് ഉള്ള ആസക്തിയായി മാറും. ഇതിന്റെ പേരിൽ കുടുംബം വിട്ടു പോകുന്നതും പല കുറ്റകൃത്യങ്ങൾ സംഭവിക്കുന്നതും പത്രവാർത്തകളിലൂടെ നമ്മൾ കാണാറുണ്ട്. ഇതിന് പുറമെ സ്ത്രീകളുടെ ഫോട്ടോകൾ ഉപയോഗിച്ച് വ്യാജ ഐഡികൾ ഉണ്ടാക്കുകയും സ്ത്രീകളെ കരുവാക്കി കുറ്റകൃത്യങ്ങൾ ചെയ്യുന്നതായും കാണാറുണ്ട്. വർധിച്ചു വരുന്ന ലൈംഗികആസക്തിയും സാമ്പത്തിക തട്ടിപ്പുകളും സമൂഹമാധ്യമം എന്ന വേദി ധാരാളമായി ഉപയോഗിക്കുന്നു.അതിൽ സ്ത്രീകൾ ആണ് വലിയ തോതിൽ അകപ്പെടുന്നത്. സ്ത്രീകൾ വൈകാരികമായി ആണ് കാര്യങ്ങളെ കാണുന്നതും പ്രതികരിക്കുന്നതും. ഇത് മുതലെടുക്കുന്ന ഒരു ലോകം ഈ സമൂഹമാധ്യമങ്ങളിൽ പതിയിരിക്കുന്നുണ്ട് എന്നത് സ്ത്രീകൾ അറിഞ്ഞിരിക്കേണ്ടതാണ്. പലപ്പോഴും കാണുന്ന സൈബർ ബുള്ളിയിങ് ആത്മഹത്യയിലേക്ക് വരെ സ്ത്രീകളെ നയിക്കാറുണ്ട്.

വൈകാരിക വ്യതിയാനങ്ങൾ, ഉറക്കം, മാനസിക പിരിമുറുക്കം, ജിജ്ഞാസ, വിഷാദരോഗങ്ങൾ തുടങ്ങിയവ കണ്ട് വരുന്നതായി 1800 പേരിൽ നടന്ന പഠനങ്ങളിൽ അറിയാൻ കഴിഞ്ഞു. വ്യക്തികളിലെ ബയോളോജിക്കൽ ക്ലോക്ക് വരെ വ്യത്യാസപ്പെടുന്നുണ്ട്.

സമൂഹമാധ്യമങ്ങൾ സ്ത്രീകൾ വളരെ ശ്രദ്ധയോടെയും സൂക്ഷ്മതയോടെയും ഉപയോഗിച്ചാൽ ഏറ്റവും ഉപകാരപ്രദമായ മാധ്യമം ആകുന്നു.. ഒറ്റപ്പെട്ടു പോകുന്ന വ്യക്തിത്വങ്ങൾക്ക് നല്ലൊരു കൂട്ടായ്മ ഉണ്ടാക്കാനും, കൊഴിഞ്ഞു പോയ ബാല്യ കൗമാര സൗഹൃദങ്ങളെ കൂട്ടിച്ചേർക്കാനും ഈ മാധ്യമങ്ങൾ ഉപയോഗിക്കാം. തന്റെ സർഗാത്മകതയും ശക്തമായ അഭിപ്രായങ്ങളും രേഖപ്പെടുത്താൻ ഒരുപാട് സ്ത്രീകൾക്ക് സാധ്യമാകട്ടെ. നൂതന സാങ്കേതിക വിദ്യ കൈപ്പിടിയിൽ വെക്കാൻ സ്ത്രീകൾക്ക് കഴിയട്ടെ. ശക്തമായ സ്ത്രീ മുന്നേറ്റങ്ങൾക്കായി നമുക്ക് കൈകോർക്കാം




# സമൂഹ മാധ്യമങ്ങളിലെ സ്ത്രീ സാന്നിധ്യം


ഷീബ ഖദീജ തെരേസ

**ഫെ**യ്ബുക്ക്, വാട്ട്സാപ്പ് പോലുള്ള സമൂഹ്യ മാധ്യമങ്ങളിൽ പുരുഷമേധാവിത്വം നിറഞ്ഞിരുന്ന കാലങ്ങളെ തട്ടിയകറ്റികൊണ്ട് ഞാനടക്കമുള്ള സ്ത്രീകൾ മുന്നേറുന്ന കാഴ്ചയാണ് ഇന്നിന്റേത്. തന്റെ കലാപരമായ കഴിവുകളെ തച്ചുണർത്തി പൊതു സമൂഹങ്ങളിൽ പ്രകടിപ്പിക്കാനും അനീതിക്കെതിരെ വിരൽ ചൂണ്ടി സംസാരിക്കാനും അവർക്ക് ധൈര്യമുണ്ട്.

പഴയ കാലങ്ങളിലെ അന്തർമുഖികളായ സ്ത്രീകളിൽ നിന്ന് എത്രയോ കാതമകലെയാണ് ഇന്നവർ. എന്നിരുന്നാലും ഇന്നും പലയിടങ്ങളിലും പറ്റില്ലായെന്ന് പറയാൻ പറ്റാത്ത സ്ത്രീകളും ഉണ്ടെന്നുള്ളത് ദു:ഖകരമാണ്. അവൾക്കവൾ തന്നെയാണ് രക്ഷക എന്നുള്ളത് മനസ്സിലാക്കി മുന്നോട്ട് പോവാൻ എല്ലാ സ്ത്രീകൾക്കും കഴിയണം. പ്രത്യേകിച്ച് ഇതുപോലുള്ള സമൂഹമാധ്യമങ്ങളിൽ...




വളർന്നു വരുന്ന സോഷ്യൽ മീഡിയ തരംഗങ്ങളിൽ സൈബർ ആക്രമണത്തിനു ഇരയാകുന്നത് പകുതിയിലധികവും സ്ത്രീകൾ തന്നെ  പണ്ട് ഒരു വീട്ടമ്മയുടെ അശ്ളീല നഗ്നചിത്രം മോർഫിംങ്ങ് ചെയ്ത് വാട്സ് ആപ്പ് ഗ്രൂപ്പിലും ഫേസ് ബുക്കിലും പ്രചരിപ്പിച്ച് ആ സ്ത്രീയെ ഭർത്താവ് ഉപേക്ഷിക്കുകയും അവർ നീതി ലഭിക്കാനായ് കോടതി വരാന്തയിൽ കയറിയിറങ്ങുകയും ചെയ്യുന്ന കാഴ്ച ഈ വനിതാ ദിനത്തിൽ നാം കാണുകയുണ്ടായി. ആ ഫോട്ടോ അവരുടേതല്ലെന്നു തെളിഞ്ഞു. അതിനു പിന്നിൽ കളിച്ചവരെ നിയമത്തിനു മുമ്പാകെ കൊണ്ടുവരാൻ ഇതുവരെ നമ്മുടെ നിയമവ്യവസ്ഥിതിക്കു കഴിഞ്ഞിട്ടില്ല.



സലീക്കു എൻ.പി.

അപ്പോഴേക്കും തിരിച്ചുകിട്ടാത്ത വിധം അവർക്കു ഒരുപാട് നഷ്ടങ്ങൾ ജീവിതത്തിൽ ഉണ്ടായി  ഇതിനു സമാനമായ പല ദുരനുഭവങ്ങളും എനിക്കുമുണ്ടായിട്ടുണ്ട്. എന്റെ പങ്കാളി എല്ലാ അർത്ഥത്തിലും എന്നെ ഉൾകൊള്ളുന്ന ഒരാളായതിനാൽ ശുഭം.

അതെങ്ങനെ തുടങ്ങണമെന്നറിയില്ല. അന്നിതു പോലെ FB വ്യാപകമായിട്ടില്ല. എന്റെ കയ്യിലും സ്മാർട്ട് ഫോണൊന്നും ഇല്ല എനിക്കൊട്ട് FB Ac ഇല്ല. ഏതോ വ്യാജൻമ്മാർ ഫേക്ക് എക്കൗണ്ടിൽ കേറി എന്റെ പേരിൽ കളിക്കുകയായിരുന്നു തല എന്റെതും നഗ്നമേനി മോർഫിംങ്ങ് ചെയ്ത് ചേർത്ത് എല്ലാവരുടെ ഫോണിലേക്കും ഫ്രണ്ട് റിക്വസ്റ്റ് അയച്ചിരുന്നത്രേ. അങ്ങനെ ഞങ്ങളീ വിവരം കുറേ കഴിഞ്ഞാണ് അറിഞ്ഞിരുന്നത്. അപ്പോൾ തന്നെ SP, CI എന്നിവർക്കു പരാതി കൊടുത്തു. സൈബർ സെല്ല് വഴി പരാതി പോയി.

പ്രതി വിദേശത്ത് ഉള്ളയാൾ. ഇന്ത്യൻ നിയമപ്രകാരം വിദേശത്തുള്ള ക്രിമിനലിനെ കൈകാര്യം ചെയ്യാൻ സാധിക്കില്ലത്രേ.




ഷീജ പി.വി.

ജനങ്ങൾക്ക് വിവരങ്ങൾ നിർമിക്കാനും പങ്കുവയ്ക്കാനും കൈമാറാനും ആശയങ്ങളും ജോലിസാധ്യതകളും പങ്കുവയ്ക്കാനും ചിത്രങ്ങൾ വീഡിയോകൾ എന്നിവയും കൈമാറാനും പങ്കുവയ്ക്കാനും വിവരസാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള മാർഗങ്ങളിലൂടെ ഉപയുക്തമാക്കുന്ന പരിപാടികളെ പൊതുവേ സമൂഹ മാധ്യമങ്ങൾ അഥവാ സോഷ്യൽ മീഡിയ (Social Media) എന്നു പറയുന്നു. ആൾക്കാർ ഉണ്ടാക്കുന്ന വിവരങ്ങൾ Internet മുഖേനയാണ് കൈമാറ്റം നടത്തുക. സോഷ്യൽ മീഡിയയുടെ മുന്നേറ്റം നമ്മുടെ വിജ്ഞാനമേഖലയ്ക്കു വൻ നേട്ടം നൽകുന്നുണ്ട്. മനുഷ്യമനസുകളിലേക്ക് ആശയങ്ങൾ കടത്തിവിടുന്നതിൽ ഇൻഫർമേഷൻ ടെക്നോളജി കുതിച്ചുമുന്നേറുകയാണ്.

## അടുക്കളയിൽനിന്ന് സൈബർ വേദിയിലേക്ക്

അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് എത്തുന്നത് മാത്രമല്ല സ്ത്രീ സ്വാതന്ത്ര്യം. സ്വന്തം അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും സമകാലീന സംഭവങ്ങളോടുള്ള പ്രതികരണങ്ങളും സമൂഹത്തിനോട് സധൈര്യം തുറന്നുപറയാനുള്ള

ഇടം, അതാണ് സ്വാതന്ത്ര്യത്തിന്റെ ഇരിപ്പിടം. സ്ത്രീകളുടെ സ്വാതന്ത്ര്യാന്വേഷണം ഇന്ന് സൈബർയുഗത്തിന്റെ വാതായനങ്ങളിലൂടെ സോഷ്യൽമീഡിയകളിലെത്തി മുന്നേറുകയാണ്. വിരൽതുമ്പിലെ മൗസ്പോയിന്റിന്റെ ക്ലിക്കുകളിലൂടെ ലോകത്തിന്റെ മുക്കിലും മൂലയിലും കയറിയിറങ്ങി സ്വാതന്ത്ര്യത്തിന്റെ കയ്പും മധുരവും അവർ ആവോളം ആസ്വദിക്കുകയാണ്. വാട്സ് ആപ്പ്, ടിറ്റർ, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, യൂട്യൂബ് തുടങ്ങിയ സൈബർ നെറ്റ്വർക്ക് സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിൽ പുരുഷനേക്കാൾ ഒരുപടി മുന്നിലെത്തി നിൽക്കുകയാണിന്ന് സ്ത്രീകൾ. ലൈക്കടിച്ചും കമന്റടിച്ചും ഷെയർ ചെയ്തും സ്വാതന്ത്ര്യത്തിന്റെ സോഷ്യൽ മാധ്യമ സംസ്കാരം സ്ത്രീ സൃഷ്ടിക്കുന്നു. പുറത്തെടുക്കാനാവാതെ മനസ്സിൽ മൂടിവെച്ച അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും അവർ സ്റ്റാറ്റസിൽ ചൊരിയുന്നു. മുഖംനോക്കി പറയാൻ മടിച്ചതെല്ലാം അക്ഷരങ്ങളിലൂടെയും വോയ്സ് മെസേജുകളിലൂടെയും അവർ ലോകത്തോട് അതിർവരമ്പുകളില്ലാതെ വിളിച്ചുപറയുന്നു. നവമാധ്യമങ്ങളുടെ വിസ്തൃതി പ്രയോജനപ്പെടുത്താൻ സ്ത്രീകളിന്ന് ശക്തമായി ശ്രമിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സോഷ്യൽ മാധ്യമങ്ങളുടെ വിഹാരകണക്കെടുപ്പിൽ പുരുഷന്മാരെ പിന്തള്ളി സ്ത്രീകൾ ഇന്ന് മുന്നിലെത്തിയിട്ടുണ്ട്.

## സർഗാത്മകതയുടെ സ്വയം പ്രകാശനം

സർഗസൃഷ്ടികളുടെ സ്വയംപ്രകാശനത്തിനുള്ള പുതിയ വേദിയാണ് സോഷ്യൽമീഡിയ സ്ത്രീകൾക്ക് നൽകുന്നത്. ആരോരുമറിയാതെ കുറിച്ചിട്ട കവിതകൾ, കഥകൾ, കുറിപ്പുകൾ, ലേഖനങ്ങൾ, ചിന്തകൾ, വരകൾ, മൊഴിമുത്തുകൾ തുടങ്ങിയ സർഗാത്മക രചനകൾ നിർഭയം സോഷ്യൽമീഡിയയുടെ സൈബർ ജാലകത്തിൽ അവർ തുറന്നുവെയ്ക്കുന്നു. അവയെ പ്രോത്സാഹിപ്പിക്കാനും തെറ്റുകൾ ചൂണ്ടികാണിക്കാനും വിമർശിക്കാനും ക്ഷണിക്കാതെതന്നെ ആളുകളെത്തും. എന്നെ ആരും കേൾക്കുന്നില്ല, എനിക്ക് അഭിപ്രായസ്വാതന്ത്ര്യമില്ല എന്ന സ്ത്രീയുടെ വിലാപങ്ങൾക്ക് കാവ്യാത്മകമായ പരിഹാരവുമാകുന്നു. ഇതൊക്കെ സ്ത്രീകൾക്ക് നൽകുന്ന ആത്മവിശ്വാസം ചെറുതല്ല, സമയവ്യത്യാസമില്ലാതെ പ്രോത്സാഹനങ്ങൾക്ക് നന്ദി പറയാനും വിമർശനങ്ങൾ സ്വീകരിക്കാനും അനാവശ്യ കമന്റുകളെ പ്രതിരോധിക്കാനും സ്ത്രീകൾ സോഷ്യൽ മാധ്യമങ്ങളിൽ ധൈര്യം കാണിക്കുന്നു. ഇങ്ങനെ നവമാധ്യമങ്ങൾ സ്ത്രീകൾക്ക് പക്വതയോടെ തുറന്നു പറച്ചിൽ നടത്താനുള്ള ശേഷിയും അവസരവും നൽകുന്നു. സ്ത്രീകളുടെ സ്വത്വപ്രകാശനത്തിനു അവസരമൊരുക്കുന്നു.

## ഓൺലൈൻ വ്യാപാരം

സോഷ്യൽ മീഡിയയിലെ സ്ത്രീ സാന്നിധ്യമറിയിക്കുന്ന മറ്റൊരു മേഖലയാണിത്. സോഷ്യൽ മാധ്യമങ്ങളിലൂടെ പല സ്ത്രീകളും ചെറുകിട സംരംഭങ്ങൾ വിജയകരമായി നടത്തിവരുന്നുണ്ട്. ചിലർ സ്വന്തം അക്കൗണ്ടിൽതന്നെയാണ് സംരംഭങ്ങൾ ആരംഭിക്കുന്നത്. ചിലരാകട്ടെ ഇതിനായി പ്രത്യേകം പേജുകളും ഗ്രൂപ്പുകളും കമ്യൂണിറ്റികളും രൂപവത്കരിക്കുന്നു. ചില പേജുകൾ നിശ്ചിത സമയത്ത് പൂട്ടുകയും തുറക്കുകയും ചെയ്യുന്ന കട പോലെയാണ്. ചാറ്റിങ്ങിലൂടെയും പ്രൊഫൈൽ മുഖേനയോ സംരംഭകയെ ബന്ധപ്പെടുകയും ആഭരണങ്ങൾ, കേക്കുകൾ, ചിത്രങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, കൗതുകവസ്തുക്കൾ എന്നിങ്ങനെ നിരവധി വസ്തുക്കൾ, ഉല്പന്നങ്ങൾ എന്നിവയുടെ ഓൺലൈൻ വ്യാപാരത്തിലൂടെ സ്ത്രീകൾ സോഷ്യൽ മാധ്യമങ്ങളിൽ സജീവമാണ്. ഓർഡർ ചെയ്ത് നിശ്ചിത വ്യാപാരത്തിലൂടെ സ്ത്രീകൾ സോഷ്യൽ മാധ്യമങ്ങളിൽ സജീവമാണ്. ഓർഡർ ചെയ്ത് നിശ്ചിത ദിവസത്തിനുള്ളിൽ ഉല്പന്നം കൈകളിലെത്തിക്കാനുള്ള കൃത്യനിഷ്ഠയും ഇവർക്കുണ്ട്. സ്ത്രീകളാണ് സോഷ്യൽ മാധ്യമങ്ങളുടെ ചെറുകിട സംരംഭ സാധ്യതകൾ കൂടുതലായും പ്രയോജനപ്പെടുത്തുന്നത്.

## പുതിയ സൗഹൃദത്തിന്റെ സൈബർ വാതായനത്തിൽ

ഏകാന്തതയാണ് ഭൂരിഭാഗം സ്ത്രീകളെയും സോഷ്യൽ മാധ്യമങ്ങളിലെത്തിക്കുന്നത്. വീട്ടിലെ ഒറ്റപ്പെടലിൽനിന്ന് ഏകാന്തതയിൽനിന്ന് രക്ഷപ്പെടാൻ പ്രത്യേകിച്ചും വീട്ടമ്മമാർ ചാറ്റിംഗ് പ്രയോജനപ്പെടുത്തുന്നു. മുറിയിൽ തനിച്ചിരിക്കുമ്പോഴും കോടിക്കണക്കിനു ജനതയുടെ ആരവങ്ങൾ അവർക്ക് മുന്നിലെത്തുന്നു. തിരക്കുപിടിച്ച ലോകത്തിന്റെ വിസ്തൃതി അടയാളപ്പെടുത്തുമ്പോഴും കേൾക്കാനും പറയാനും അവർക്കും സുഹൃത്തുക്കളുണ്ടാകുന്നു. ഒറ്റപ്പെടലിന്റെ വേദനയിൽനിന്ന് സൗഹൃദത്തിന്റെ വലയങ്ങളിലേക്ക് കടന്നുചെല്ലാനുള്ള അവസരത്തിന് സോഷ്യൽ മീഡിയയെ അവർ ഉപയോഗപ്പെടുത്തുന്നു. ഭാഷയെയും ദേശത്തെയും മാറ്റിനിർത്തി സൗഹൃദങ്ങൾ മാടി വിളിക്കും. ഇനി ഒരിക്കലും കണ്ടുമുട്ടില്ലെന്നു പറഞ്ഞ് പിരിഞ്ഞവർ, സ്കൂളുകളിലെയും കോളജുകളിലെയും പൂർവകാല സുഹൃത്തുക്കൾ മതിൽക്കെട്ടിനുള്ളിലെ

അയൽവാസികൾ ഒരിക്കലും നേരിൽ കാണാത്തവർ അങ്ങനെ നിരവധിയാളുകൾ സൗഹൃദ വലയത്തിലെത്തുന്നു. വ്യത്യസ്തമായ കാഴ്ചകളും കാഴ്ചപ്പാടുകളും നവമാധ്യമങ്ങളിലൂടെ അവർ പങ്കുവയ്ക്കുന്നു.

## മാധ്യമങ്ങളിൽ സ്ത്രീകൾ

മാധ്യമങ്ങൾ സാമൂഹിക-രാഷ്ട്രീയ സാംസ്കാരിക ചുറ്റുപാടുകളിൽ സ്ത്രീ ശാക്തീകരണത്തിന് വളരെ പ്രാധാന്യം ഉണ്ട്. മാധ്യമ രംഗത്തേക്ക് കൂടുതൽ സ്ത്രീകൾ കടന്നുവരുന്നുണ്ട്. സാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടം എല്ലാ രംഗങ്ങളിലും ഉണ്ടായതുപോലെ മാധ്യമങ്ങളിലും ഉണ്ടായിട്ടുണ്ട്. അച്ചടി മാധ്യമത്തിൽനിന്നു ശ്രവ്യ ദൃശ്യ മാധ്യമത്തിലേക്ക് വാർത്താമാധ്യമം വിനോദമാധ്യമം ഇവയെല്ലാം കടന്നു നവമാധ്യമങ്ങൾ എന്ന് വിശേഷിപ്പിക്കുന്ന ഇന്റർനെറ്റിലെ ഫെയ്സ് ബുക്ക് ടിറ്റർ എന്നിവയിലൂടെ വാർത്ത വിനോദം തുടങ്ങിയവ വിരൽതുമ്പിൽ എത്തുന്നു.

പരസ്യങ്ങളാണ് ചാനലുകളുടെ വരുമാനം, ദൃശ്യ മാധ്യമങ്ങളെ സംബന്ധിച്ചു ബ്രേക്കിംഗ് ന്യൂസുകളുടെ കാലമാണ്. വനിതാ മാധ്യമപ്രവർത്തകരുടെ എണ്ണം കൂടുന്നുവെന്നത് സോഷ്യൽ മാധ്യമങ്ങളുടെ സ്വാധീനം കൊണ്ടാണെന്ന് കാണാൻ കഴിയും. സ്ത്രീയാൽ നയിക്കപ്പെടുന്ന മാധ്യമപരിപ്രേഷ്യം ഭാവിയിൽ ഉണ്ടാകും. പരസ്യത്തിലൂടെ ഉള്ള സാമ്പത്തികമാണ് എല്ലാത്തിന്റെയും മുഖ്യ ആധാരം. പരസ്യത്തിലൂടെ കൂടുതൽ വരുമാനം നേടാനാണ് മാധ്യമങ്ങൾ ശ്രമിക്കുന്നത്. പരസ്യങ്ങൾ സ്ത്രീയെ ഒരു ഉപഭോഗവസ്തുവായി ചിത്രീകരിച്ചിരിക്കുന്നു എന്നുള്ളത് ഖേദകരമായ വസ്തുതയാണ്. പരസ്യ വരുമാനത്തിൽ ആശ്രയിക്കുന്ന മാധ്യമങ്ങൾക്ക് വരുമാനത്തിന്റെ 80% ത്തിനും സ്ത്രീയെ കച്ചവട ചരക്കാക്കുന്ന പരസ്യങ്ങളിലൂടെയാണ് നേടുന്നത്. ഈ നീരാളിപിടുത്തത്തിൽനിന്ന് സ്ത്രീകളെ രക്ഷപ്പെടുത്തേണ്ടത് ഉണ്ട്.

## ചതിക്കുഴികളിൽ കാലിടറുന്നവർ

സോഷ്യൽ മീഡിയയിൽ സ്ത്രീകളെത്തേടി നിമിഷവേഗം സൗഹൃദങ്ങളെത്തും. ഇത് പലപ്പോഴും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കാറുണ്ട്. ആദ്യമായി അക്കൗണ്ട് ആരംഭിക്കുന്ന സ്ത്രീ പ്രൈവറ്റൈസിംഗുകളിലൊന്നും കാര്യമായി ശ്രദ്ധ ചെലുത്തുന്നില്ല. അതുകൊണ്ട് ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും ഫ്രണ്ട് റിക്വസ്റ്റുകളെത്തും. മുഖം നോക്കാതെ പലരും ഫ്രണ്ട് റിക്വസ്റ്റുകൾ സ്വീകരിക്കുകയും ചെയ്യും. പിന്നീട് ഇൻബോക്സുകളിലേക്ക് മെസേജുകളുടെ പ്രവാഹമായിരിക്കും. ആദ്യമൊക്കെ ഹായ്... പഞ്ചാര വാക്കുകൾ.... പിന്നെ അശ്ലീലചുവയുള്ള വാക്കുകളും ചിത്രങ്ങളും സന്ദേശങ്ങളും തേടിയെത്തും... അങ്ങനെ ചതിയിൽപെട്ട് ജീവിതം ഹോമിക്കപ്പെടുന്നവരുടെ എണ്ണം കൂടിവരുന്നത് സ്ത്രീ മുന്നേറ്റത്തിന്റെ സൈബർ വർണങ്ങൾക്കിടയിലെ അപചയത്തിന്റെ അടയാളപ്പെടുത്തലാണ്. അതുണ്ടാവാതിരിക്കാൻ സോഷ്യൽമീഡിയയിലെ വ്യവഹാരങ്ങളിൽ സ്ത്രീകൾ കൂടുതൽ ജാഗ്രത കാണിക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്.




**മഞ്ജുവൈഖരി**

“യഥാർത്ഥ ജീവിതം കൂടാതെ സങ്കല്പിക്കുവാൻ വേറെ ഒരു ലോകംകൂടി സ്ത്രീകൾക്ക് അത്യാവശ്യമാണ്. അതില്ലെങ്കിൽ വാക്കുകളുടെ മധുരം നശിക്കും. ഒരു നദി ഒഴുകുമ്പോൾ അതിന് സമാന്തരമായി മറ്റൊരു നദിപോലെ യഥാർത്ഥജീവിതത്തിന് സമാന്തരമായി ഒരു സങ്കല്പജീവിതം വേണം. പരസ്പരം ശാക്തീകരിച്ചുകൊണ്ട് രണ്ട് ലോകങ്ങൾ.” മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരി മാധവിക്കുട്ടി ഒരഭിമുഖത്തിൽ പ്രശസ്ത കവയിത്രി വിജയലക്ഷ്മിയോട് പറഞ്ഞതാണീ വാക്കുകൾ. ഭാവനാസമ്പന്നരായ എഴുത്തുകാർക്കും കലാകാരന്മാർക്കും മാത്രം സാധ്യമായിരുന്ന അത്തരം ഒരു സമാന്തരലോകം, സാങ്കല്പികമെന്ന പൂർണ്ണമായ അർത്ഥത്തിലല്ലെങ്കിലും യാഥാർത്ഥ്യത്തോട് കൂടുതൽ ചേർന്നുനില്ക്കുന്നുവെങ്കിലും എല്ലാ മനുഷ്യർക്കും സാധ്യമാക്കിയ ഒന്നാണ് സാമൂഹ്യമാധ്യമങ്ങൾ എന്നു പറയാം.

കല, സാഹിത്യം, വ്യവസായം എന്നുവേണ്ട ഏതു രംഗത്തുള്ള സ്ത്രീകൾക്കും, വീട്ടമ്മമാരായ സ്ത്രീകൾക്കുൾപ്പെടെ, ഏതുവിഷയത്തെക്കുറിച്ചുമുള്ള തങ്ങളുടെ അഭിപ്രായങ്ങൾ രേഖ

പ്പെടുത്താനും നിലപാടുകൾ വ്യക്തമാക്കാനുമുള്ള ഒരു വേദിയായി സാമൂഹ്യമാധ്യമങ്ങൾ മാറിക്കഴിഞ്ഞു. യഥാർത്ഥ ജീവിതത്തിലെന്നതുപോലെ, ഒരു പക്ഷേ, അതിലുമേറെ ബന്ധങ്ങൾ രൂപീകരിക്കുന്നതിനും സമാന താത്പര്യങ്ങൾ ഉള്ളവർ തമ്മിൽ സുഗമമായ ആശയവിനിമയം സാധ്യമാക്കുന്നതിനും കലാസാഹിത്യ രംഗങ്ങളിലുള്ള സ്ത്രീകൾക്ക് തങ്ങളുടെ ആത്മാവിഷ്കാരങ്ങൾ കാഴ്ചവയ്ക്കുന്നതിനും സാമൂഹ്യമാധ്യമങ്ങൾ ഏറെ സഹായകമായിട്ടുണ്ട്.

സ്ത്രീകളുടേതായ എത്രയോ അനവധി സ്വയംസംരംഭക കൂട്ടായ്മകൾ സാമൂഹ്യമാധ്യമങ്ങളുടെ സാധ്യതകളെ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. അവരുടെ ഉല്പന്നങ്ങൾക്ക് ചെലവുകുറഞ്ഞ പരസ്യമാധ്യമമായും ഈ വേദി ഉപയോഗിക്കപ്പെടുന്നുണ്ട്. ആശയങ്ങളായി മാത്രം സ്വയം പ്രത്യക്ഷപ്പെടാമെന്നുള്ളതുകൊണ്ടുതന്നെ സ്ത്രീകൾക്ക് ഇത്തരം മാധ്യമങ്ങൾ പ്രിയങ്കരമായി എന്നതാണനുഭവം. ആഗോള രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളെപ്പറ്റി ബോധവതികളാവാനും തങ്ങളുടെ ഭാഗധേയം സ്വയം നിർണ്ണയിക്കുവാനും ശരിയായ പ്രവർത്തനമേഖല സ്വീകരിക്കുവാനും മുന്നേറുവാനും ഏതൊരു സ്ത്രീക്കും സഹായമാവുന്ന ഒരുത്തമ ഉപാധിയാണിന്ന് സാമൂഹ്യ മാധ്യമങ്ങൾ. ഗ്രെറ്റ തൻബർഗ്ഗിനെപ്പോലെയുള്ള പെൺകുട്ടികളുടെ ആശയങ്ങൾ ലോകത്താകമാനമുള്ള മനുഷ്യരിലേക്ക് എത്ര വേഗത്തിലാണ് എത്തിച്ചേർന്നത്. ഈയടുത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട #മീടൂ കാംപെയ്ൻ ഉണ്ടാക്കിയ തരംഗങ്ങൾ നിസ്സാരങ്ങളായിരുന്നില്ല. സ്ത്രീയനുഭവങ്ങൾ പങ്കുവയ്ക്കപ്പെട്ടു തുടങ്ങിയിരിക്കുന്നു; തുറന്നുപറച്ചിലുകളിലൂടെ, കൂടുതൽ സുതാര്യതയോടെ, വ്യക്തതയോടെ.

സ്വശരീരമെന്നത് മറ്റേതൊരു ജീവിവർഗ്ഗത്തിലുമെന്നതുപോലെ ഒന്നുമാത്രമാണ്, അതല്ലെങ്കിൽ അതുപോലെ ഒന്നുതന്നെയാണ് മനുഷ്യസ്ത്രീശരീരവും എന്ന അവബോധമുണ്ടാക്കുവാനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ സാമൂഹ്യമാധ്യമങ്ങൾ വഴി നടന്നുകൊണ്ടിരിക്കുന്നു. സ്ത്രീകളുടെ ആർത്തവത്തെ സംബന്ധിച്ചുണ്ടായ വലിയ ഒച്ചപ്പാടുകളും ചർച്ചകളും മറക്കാവുന്നതല്ല. വർഗ്ഗ-വർണ്ണ-വംശ ഭേദമന്യേ അത്തരം അവബോധം സൃഷ്ടിച്ചെടുക്കാൻ ശ്രമിക്കുന്ന പെൺകുട്ടികളുടെ പ്രവർത്തനങ്ങൾ നമുക്ക് സാമൂഹ്യമാധ്യമങ്ങളിൽ ധാരാളമായി കാണാനാകും. ശ്രീലക്ഷ്മി അറയ്ക്കൽ, അലീന ആകാശമിഠായി എന്നിവരെപ്പോലെയുള്ള പെൺകുട്ടികളുടെ ഫേയ്സ്ബുക്ക് പ്രൊഫൈലുകളിൽ ഇത്തരം ശ്രമങ്ങൾ നമ്മൾ കാണുന്നു. ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലേക്ക് വളർന്നുവരുന്ന സ്ത്രീകളെയും അവരുടെ പ്രവർത്തനങ്ങൾ, ലക്ഷ്യങ്ങൾ, നേട്ടങ്ങൾ ഇവയെയും ഏതൊരു സ്ത്രീക്കും മനസ്സിലാക്കുന്നതിനും പ്രചോദനം ഉൾക്കൊള്ളുന്നതിനും സ്വയം നിർണ്ണയിക്കുന്നതിനും പ്രവൃത്തിപഥം തേടുന്നതിനും സാമൂഹ്യമാധ്യമങ്ങൾ ഒരുപാട് സഹായകമാകുന്നുണ്ട് എന്നുവേണം മനസ്സിലാക്കുവാൻ. സമൂഹത്തിൽ നടക്കുന്ന അനീതികൾക്കും അക്രമങ്ങൾക്കുമെതിരെ നിലപാടുകളെടുക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വലിയ രീതിയിൽ സമൂഹ്യമാധ്യമങ്ങൾ പ്രയോജനപ്പെടുന്നതിന് എത്രയോ ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടിക്കാട്ടുവാനുണ്ട്.

യഥാർത്ഥജീവിതത്തേക്കാൾ വർണ്ണശബളവും ഭാവനാസമ്പൂർണ്ണവും സ്വതന്ത്രവുമൊക്കെയാണ് സാമൂഹ്യമാധ്യമങ്ങൾ എന്നിരിക്കെത്തന്നെ യഥാർത്ഥ സമൂഹത്തിന്റെ പ്രശ്നങ്ങളെല്ലാംതന്നെ സാമൂഹ്യമാധ്യമങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. ശക്തമായ ഒരുപാധിയായി നിലനില്ക്കുമ്പോൾത്തന്നെ ഇതിലെ പരിമിതികളും പ്രശ്നങ്ങളും കണ്ടില്ലെന്ന് നടിക്കാനാവുകയില്ല.

സാമൂഹികസമത്വം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ കേരളത്തിലെ സ്ത്രീകൾ ഒരുപാട് മുന്നേറിയിരിക്കുന്നുവെങ്കിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ അത്തരം മാറ്റങ്ങൾ കുറവാണെന്നുവേണം മനസ്സിലാക്കാൻ. കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽപ്പോലും സ്ത്രീകളുടെ തുറന്നുപറച്ചിലുകളെ, ആത്മസാക്ഷാത്കാരങ്ങളെ, നിലപാടുകളെ എല്ലാം ലിംഗാധിഷ്ഠിത അതിക്രമങ്ങളിലൂടെ തളർത്തുന്ന സാഹചര്യം നിലനില്ക്കുന്നു. ഫേയ്സ്ബുക്ക് പോലെയുള്ള മാധ്യമങ്ങളിൽ സ്വന്തം അഭിപ്രായങ്ങൾ തുറന്നുപറയുന്ന സ്ത്രീകൾ അപമാനിക്കപ്പെടുന്നത് നമ്മൾ കാണുന്നതാണ്. പൊതുഇടങ്ങളിൽ ഇടപെടുന്ന ആർജ്ജവമുള്ള സ്ത്രീകൾക്കുപോലും ഇത്തരം ആക്രമണങ്ങൾ നേരിടേണ്ടിവരുന്നു. പുരുഷാധിപത്യസമൂഹത്തിന്റെ എല്ലാ പോരായ്മകളും സാമൂഹ്യമാധ്യമങ്ങളിലും പ്രതിഫലിക്കുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. എന്നാൽ ഈ വ്യവസ്ഥിതിക്കെ

തിരെയുള്ള പ്രതിഷേധങ്ങളും പോരാട്ടങ്ങളും തുടരുന്നുവെന്നത് ആശാവഹമായ കാര്യമാണ്.

യഥാർത്ഥ സമൂഹത്തിന്റെ നിലവാരം സാമൂഹ്യമാധ്യമങ്ങളിലും പ്രകടമാകുന്നു. സ്ത്രീകളെപ്പറ്റി ഉപഭോഗവസ്തു, ചരക്ക്, വിളക്ക്, ശാലീനസുന്ദരി, കുടുംബിനി, കുലസ്ത്രീ തുടങ്ങിയ പിന്തിരിപ്പൻ സങ്കല്പങ്ങൾ കൈവിടാത്ത മൂല്യബോധം ഇപ്പോഴും ഭരിക്കുന്ന ഒരു സമൂഹത്തിന്റെ പരിച്ഛേദമായി നില്ക്കുന്ന സാമൂഹ്യമാധ്യമങ്ങളിൽ സ്വയംനിർണ്ണയാവകാശമുള്ളവരാണ് തങ്ങളെന്ന് ഉറക്കെ പ്രഖ്യാപിക്കുന്ന സ്വാതന്ത്ര്യബോധമുള്ള സ്ത്രീകൾ പൂർണ്ണമനസ്സാലെ ഇരുകൈകളും നീട്ടി സ്വീകരിക്കപ്പെടുമെന്ന് കരുതുന്നതിൽ അർത്ഥമൊന്നുമില്ല. അത്തരം സ്ത്രീകളെ അടിച്ചമർത്താനും നിശ്ശബ്ദരാക്കാനും തന്നെയാണ് ശ്രമങ്ങളുണ്ടാവുന്നത്. സാമൂഹ്യമാധ്യമങ്ങളിൽനിന്നും പലവിധത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരായി ജീവിതം തന്നെ അവസാനിപ്പിക്കേണ്ടിവരുന്ന സ്ത്രീകളെപ്പറ്റി എത്രയോ കേട്ടിരിക്കുന്നു. പ്രണയം നടിച്ച് വഞ്ചിക്കുന്നവർ. അതിവൈകാരികതകളും അശ്രദ്ധകളും മുതലെടുത്ത് സാമ്പത്തികത്തട്ടിപ്പുകൾക്ക് ഇരയാകുന്നവർ. ബ്ലാക്ക്മെയിലിംഗ് വഴി ലൈംഗികചൂഷണങ്ങൾ. മതവിശ്വാസങ്ങളുടെ മറപറ്റിയുള്ള അതിക്രമങ്ങൾ. മനോവൈകല്യങ്ങൾ ബാധിച്ചവരുടെ ചതിക്കുഴികൾ. ഇങ്ങനെ എത്രയെത്ര അപകടങ്ങൾ പതിയിരിക്കുന്ന ഇടം കൂടിയാണ് സാമൂഹ്യമാധ്യമങ്ങൾ.

എന്റെ സുഹൃത്ത് ഡോ. ജെസി നാരായണൻ ഒരിക്കൽ പറഞ്ഞത് ഈയവസരത്തിൽ ഓർക്കുകയാണ്. തിരുവനന്തപുരത്ത് പാളയത്തുള്ള അടിപ്പാതയിലൂടെ എത്രയോ അനവധി വാഹനങ്ങൾ ദിവസേന കടന്നുപോകുന്നു. ചിലയാളുകൾ അങ്ങനെ കടന്നുപോകുമ്പോൾ കൂവിവിളിക്കുകയും അസഭ്യം വിളിച്ചുപറയുകയും ചെയ്യുന്നതുകേൾക്കാം. തിരിച്ചറിയപ്പെടില്ല എന്ന തോന്നലിൽ സ്വന്തം മനസ്സിലെ വികൃതവികാരങ്ങൾ പ്രകടിപ്പിക്കാനുള്ള അവസരം അവർ മുതലെടുക്കുന്നു. സാമൂഹ്യമാധ്യമങ്ങളിലും ഇത്തരക്കാരെ സംബന്ധിച്ച് വിലകുറഞ്ഞ വികാരവിരേചനത്തിന് വലിയ അവസരമാണ് ഉള്ളത്. ഫേയ്ക് ഐഡികളായിരുന്നുകൊണ്ട് ദുഷ്ചെയ്തികൾക്ക് സാധ്യതകൾ കണ്ടെത്തുന്നവർ കളം നിറഞ്ഞാടുന്ന ഇടംകൂടിയാണ് സാമൂഹ്യമാധ്യമങ്ങൾ.

പുറമേക്ക് സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചും മനുഷ്യസ്നേഹത്തെക്കുറിച്ചും വായിട്ടലയ്ക്കുമ്പോഴും ഈ കാര്യങ്ങൾ തങ്ങൾക്ക് സ്വയം ബാധകമല്ല എന്ന നിലപാടുള്ളവരുടേയുംകൂടി ഇടമാണ് സാമൂഹ്യമാധ്യമങ്ങൾ. യഥാർത്ഥ സമൂഹത്തിലെപ്പോലെതന്നെ സ്ത്രീകളുടെ നേർക്ക് അതിക്രമങ്ങൾ അഴിച്ചുവിട്ടുകൊണ്ട് ഇക്കൂട്ടരും ഇതിൽ സ്വൈരവിഹാരം നടത്തുന്നു. ചിത്രങ്ങൾ ദുരുപയോഗം ചെയ്തും അസഭ്യവർഷം ചൊരിഞ്ഞും അശ്ലീലസന്ദേശങ്ങളയച്ചും ഗുരുതരമായ ലൈംഗകാതിക്രമങ്ങൾ കാണിച്ചും യഥാർത്ഥ സമൂഹത്തിലെന്നപോലെതന്നെ സ്ത്രീകൾക്ക് എതിരായുള്ള ആക്രമണങ്ങൾ ഇതിൽ തുടരുന്നു. സ്വയം വെളിപ്പെടാതെ ജീർണ്ണതകളെ പ്രകാശിപ്പിക്കാനാവുമെന്ന തോന്നലാവാം ഇത്തരക്കാരുടെ അഴിഞ്ഞാട്ടത്തിനു സാമൂഹ്യമാധ്യമങ്ങൾ വേദിയാകുന്നതിന് കാരണം. കപടസദാചാരക്കാരും വർഗ്ഗീയവാദികളും തീവ്രവാദികളും ഉൾപ്പെടുന്ന ആൾക്കൂട്ടങ്ങൾ സാമൂഹ്യമാധ്യമങ്ങളെ ദുരുപയോഗം ചെയ്യുമ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമല്ല, പൊതുസമൂഹത്തിനുതന്നെ ഇത് അപകടങ്ങൾ പതിയിരിക്കുന്ന ഇടമായിത്തീരുന്നു.

സ്ത്രീകളെ മാറ്റിനിർത്തിക്കൊണ്ട് ഇനി ഒരു സമൂഹത്തിനും പുരോഗതിയില്ലെന്നത് തർക്കമറ്റ കാര്യമാണെന്നിരിക്കേ സാമൂഹ്യമാധ്യമങ്ങളിലെ ഇത്തരം ജീർണ്ണതകളെക്കുറിച്ച് സ്ത്രീകളും പൊതുസമൂഹവും ബോധ്യമുള്ളവരാവേണ്ടിയിരിക്കുന്നു. സ്ത്രീകൾക്കെതിരായ സംഭവങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കുകയും തക്കതായ നിയമനടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാവുകയും ചെയ്യണം. എല്ലാ മനുഷ്യരും നല്ലവരായിത്തീരുക എന്നത് പ്രായോഗികമല്ലാത്തതുകൊണ്ടുതന്നെ ഇത്തരം സാഹചര്യങ്ങളെ ചെറുക്കുവാൻ തയ്യാറായിരിക്കുക, ആർജ്ജവമുള്ളവരായിരിക്കുക എന്നതുതന്നെയാണ് പോംവഴി. കാര്യക്ഷമവും സത്യസന്ധവുമായ ഇടപെടലുകളിലൂടെ സ്ത്രീകൾ ഓരോരുത്തരായും സംഘമായും ഇതര സംവിധാനങ്ങൾ ചേർന്നുനിന്നുകൊണ്ടുള്ള കൂട്ടായ നീക്കങ്ങളായും കുറേക്കൂടി നല്ല ഒരു സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കാനാവുമെന്നും തത്ഫലമായി സാമൂഹ്യമാധ്യമങ്ങളിലുൾപ്പെടെയുള്ള ദുഷ്പ്രവണതകളെ കൂടുതൽ ഫലപ്രദമായി ചെറുക്കാനാവുമെന്നും പ്രതീക്ഷിക്കുന്നു. ഇതിലേക്കായി ഉറപ്പാക്കേണ്ടത് നിയമസംവിധാനങ്ങളുടെ ശക്തമായ പിന്തുണയും പുതുതലമുറയുടെ ശരിയായ അവബോധവും കൂടിയാണ്.



# തകരുന്ന ടെലികോം മേഖലയും, തളരുന്ന മണിയൊച്ചകളും



രാജേഷ്കുമാർ കെ. പിള്ള

**ഒരാമുഖം**

വ്യാപാരകേരളം എന്ന ഓൺലൈൻ മാസികയിലൂടെ കഴിഞ്ഞ ഒരു വർഷമായി ഞാൻ എന്റെ പല ആശയങ്ങളും വായനക്കാരുടെ സമക്ഷത്തിൽ പങ്ക് വച്ചിട്ടുണ്ട്.അതിന് എനിക്ക് അവസരം നൽകിയത് ഈ മാഗസിൻ സംരംഭത്തിന്റെ എഡിറ്റർ ആയ ശ്രീ. സി.ആർ രാജൻ അവർകളാണ്. ഇന്റർനെറ്റ് സർവ സാധാരണമായ ഈ കാലഘട്ടത്തിൽ ധാരാളം ഓൺലൈൻ മാധ്യമങ്ങൾ സജീവമായി. ചിലതെല്ലാം വിസ്മൃതിയിലായി എന്നത് യാഥാർഥ്യമാണ്. പല തരത്തിലുള്ള വെല്ലുവിളികളെ അതിജീവിച്ചു വ്യാപാരകേരളം രണ്ടാം വർഷത്തിലേക്ക് കടക്കുന്ന ഈ വേളയിൽ ശ്രീ.രാജനും അദ്ദേഹത്തിന്റെ കൂടെ പ്രവർത്തിക്കുന്ന അണിയറ പ്രവർത്തകർക്കും, ഓരോ വായനക്കാരനും ഞാൻ ആശംസകൾ അർപ്പിക്കുന്നു. ചില ചിന്തകൾ പങ്ക് വച്ചു ഈ സംരംഭത്തിന്റെ ഭാഗം ആകാൻ കഴിഞ്ഞതിൽ ഞാൻ സന്തുഷ്ടനാണ്.

സാധാരണയായി ഞാൻ എന്റെ ലേഖനങ്ങളിൽ കൈകാര്യം ചെയ്യുന്നത് സാമ്പത്തിക വിഷയങ്ങളും, ബിസിനെസ്സ് സംബന്ധിച്ചുള്ള നിയമങ്ങളും ആണ്. എന്നാൽ ഈ ലക്കത്തിൽബിസിനെസ്സിനേക്കാളുപരിയായി നമ്മുടെ നിത്യ ജീവിതം ബന്ധപ്പെട്ടിരിക്കുന്ന ഇന്റർനെറ്റ്ടെലികോം മേഖലയിൽ ഉടലെടുത്തിരിക്കുന്ന പ്രതിസന്ധിയിലേക്കാണ് നിങ്ങളുടെ ശ്രദ്ധ തിരിക്കുന്നത്.

ഇന്ത്യയിലെ ടെലികോം സേവനങ്ങളിൽ സമൂലമായ മാറ്റങ്ങൾ കടന്നു വന്നത് 1992 മുതലാണെന്ന് നാം ഓർക്കുമല്ലോ. 1991ൽ തുടക്കമിട്ട ഉദാരവത്കരണം, ആഗോളവത്കരണം, സ്വകാര്യവത്കരണം മുതലായ സാമ്പത്തിക ചുവടുമാറ്റങ്ങളിൽ കൂടി ഇന്ത്യ ലോകത്തിനു മുന്നിലേക്ക് തന്റെ വാതിലുകൾ തുറന്ന് വച്ചു. അങ്ങനെ ലോകത്തെ വികസിത രാജ്യങ്ങളിൽ നിന്നും നിക്ഷേപവുംസാങ്കേതിക വിദ്യകളും നമ്മുടെ രാജ്യത്തേക്ക് യഥേഷ്ടം ഒഴുകിയെത്തി എന്ന് പറയാം. ഇന്ത്യയുടെ ടെലിഫോൺ, tele-commun-ication, ഇന്റർനെറ്റ് മുതലായ മേഖലകളിൽ അഭൂത പൂർവമായ വളർച്ച കാഴ്ച്ച വച്ചു. ഉയർന്ന വരുമാനകാർക്ക് മാത്രം സാധ്യമായിരുന്ന tel-ephone സൗകര്യങ്ങൾ സാധാരണക്കാർക്കും പ്രാപ്യമായി. ഓർമകളെ ഒന്ന് പിറകോട്ടു പായിച്ചാൽ നമ്മുടെ മുന്നിൽ തെളിയുന്ന കാഴ്ചകളിൽ നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ തെളിയുന്ന Local, STD, ISD calls എന്ന ബോർഡുകൾ ഉണ്ടാകുംഅവ 2005വരെയും വിമുക്ത ഭടൻ മാർക്കും, അംഗപരിമിതർക്കും ഓക്കെ സ്വയം തൊഴിൽ നൽകിയിരുന്നു. ആ ബോർഡുകൾക്ക് പ്രസക്തി നഷ്ടപ്പെട്ടത് നമ്മുടെ കൈകളിൽ ഒതുങ്ങുന്ന വയറുകളില്ലാത്ത കുഞ്ഞൻ മൊബൈൽ ഫോൺ കടന്നു വന്നതോടെയാണ്. എന്നാൽ ഇന്ത്യൻ ടെലികോം വ്യവസായം കഴിഞ്ഞ ഒന്നര

ദശകത്തിൽ ഒരുപാട് പ്രതിസന്ധി കളിൽ കൂടി കടന്നു പോയി എന്ന് മാത്രമല്ല നിരന്തരംഅപവാദങ്ങളുടെയും, അഴിമതികളുടെയും patent എഴുതി വാങ്ങുകയും ചെയ്തിട്ടുണ്ട്.ടെലികോം എന്നാൽ ഇന്ന് നമുക്കൊക്കെ എളുപ്പം ഓർക്കാൻ കഴിയുന്നത് ഒരു നിമിഷം പോലും താഴെ വയ്ക്കാൻ മനസ്സ് വരാത്ത മൊബൈൽ ഫോൺ തന്നെ. എന്നാൽ ഇപ്പോൾ ഈ ടെക്നോളജിക്ക്, മൊബൈലിനുപരിയായി മനുഷ്യ ജീവിതത്തിന്റെ എല്ലാ തലത്തിലും ഒഴിവാക്കാൻ കഴിയാത്ത വിധം സ്വാധീനമുണ്ട്.

## മൊബൈൽ വന്ന വഴി

1995, ജൂലൈ 31ന് ഇന്ത്യയിൽ മൊബൈൽ ഫോൺ ചരിത്രത്തിനു തുടക്കമായി. ആ ചരിത്രത്തിനു തുടക്കം കുറിച്ചുകൊണ്ട് അന്നത്തെ വെസ്റ്റ് Bengal മുഖ്യമന്ത്രി ശ്രീ. ജ്യോതി ബസു വിളിച്ച കാൾ, കേന്ദ്ര മന്ത്രി ആയിരുന്ന ശ്രീ. സുഖ്റാം മറുതലക്കൽ എടുത്തു. ശ്രീ. B.K Modi യുടെ Modi Telstra എന്ന കമ്പനി ആയിരുന്നു ആദ്യത്തെ service provider. പിൽക്കാലത്തു Spice Telecom എന്ന പേരിലാണ് ആ കമ്പനി അറിയപ്പെട്ടത്. അങ്ങനെ ഇന്ത്യയും വികസിത രാഷ്ട്രങ്ങളിൽ മാത്രം ലഭ്യമായിരുന്ന wireless ടെലിഫോൺ രംഗത്തേക്ക് കാലെടുത്തുവച്ചു. ആവശ്യം വേണ്ട ടെക്നോളജി പാർട്ണർഷിപ്പുമായും, മൂലധനവുമായി ലോകോത്തര ടെക്നോളജി ഭീമന്മാരും നമ്മുടെ ജനസംഖ്യയുടെ പരപ്പിൽ ആകൃഷ്ടരായി കടന്നു വന്നുകൊണ്ടേയിരുന്നു. ആദ്യകാലങ്ങളിൽ സമ്പന്നർക്കും വൻ ബിസിനസ്കാർക്കും മാത്രം താങ്ങാൻ കഴിയുന്ന തരത്തിലായിരുന്നു മൊബൈൽ ഹാൻഡ്സെറ്റ് കളുടെ വിലയും, ഫോൺ കണക്ഷൻ നല്കുന്നതിനുള്ള വിലയും. മാത്രമല്ല സേവനങ്ങൾ മുൻനിരയിൽ നിന്നിരുന്ന സിറ്റികളിൽ മാത്രമായിരുന്നു ലഭ്യമായതും.

## മൊബൈൽ എന്ന ജനകീയൻ

Mobile ഫോണിനെ ജനകീയനാക്കിയതിൽ പ്രധാന പങ്ക് വഹിച്ചത് prepaid കണക്ഷൻ ലഭ്യമായതോടെയാണ്. Post paid കണക്ഷൻ വലിയ സാമ്പത്തിക ബാധ്യത വരുത്തുന്നതാകയാൽ സാധാരണക്കാർക്ക് തങ്ങളുടെ ബഡ്ജറ്റിൽ ഒതുങ്ങുന്ന അനവധി പ്ലാനുകളുമായി te-lecom കമ്പനികൾ രംഗത്ത് വന്നു. ഇന്നും TRAI യുടെ കണക്ക് പ്രകാരം മൊത്തം കണക്ഷനിൽ 95.5%വും prepaid കണക്ഷൻ ആണ്. മറ്റൊന്ന് ഒരു സർക്കിളിൽ തന്നെ ഒന്നിൽ കൂടുതൽ serv-ice providers കടന്നുവരികയും അവർ തമ്മിൽ മാർക്കറ്റ് ഷെയർ പിടിച്ചെടുക്കാനുള്ള മത്സരം കൂടിവരികയും ചെയ്തപ്പോൾ അത് സാധാരണക്കാരന് ഗുണം ചെയ്തു എന്ന് പറയുന്നതാകും കൂടുതൽ ശരി. Wireless connectivity, മനുഷ്യന്റെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. എവിടെയും ചെന്നെത്തുന്ന പരിമിതികളില്ലാത്ത ലോകത്തിനെ അവന്റ മുൻപിൽ തുറന്നുകൊടുത്തു. അസാധ്യം എന്ന് കരുതിയപലതും സാധ്യമായി. ടെലികോം സാങ്കേതിക വിദ്യ പ്രവർത്തികമാക്കിയ സാറ്റലൈറ്റുകൾ നമ്മുടെ തലയ്ക്കു മുകളിൽ നിന്നു കൊണ്ട് നമ്മുടെ ജീവിതത്തിന്റെ ഗതിയും വിധിയും നിർണയിക്കുന്ന ഘട്ടത്തിലാണ് നാം എത്തി നിൽക്കുന്നത്. ലോകത്തെ ഒരു റിമോട്ടിനുള്ളിലാക്കി നാം ഇഷ്ടം പോലെ കാണുന്നു, രാജ്യാതിർത്തികളും, മഹാസമുദ്രങ്ങളും താണ്ടി നമ്മുടെ സ്വീകരണ മുറിയിൽ അവതരിക്കുന്ന കാഴ്ച്ചകൾ. മാത്രമല്ല സാങ്കേതിക വിദ്യയുടെ വികാസം ഇന്റർനെറ്റ് എന്ന വലകണ്ണിയെ എല്ലാവരിലേക്കും എത്തി ജനകീയനാക്കിയതിലൂടെ നാം ലോകത്തെ തന്നെ ഇത്തിരിക്കുഞ്ഞൻ മൊബൈലിൽകൂടി നമ്മുടെ കൈവെള്ളയിലേക്ക് ആവാഹിച്ചിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ ടെലികോ ശൃംഖല വലിയ തോതിൽ സ്വാധീനം ചെലുത്തുന്നു. വെറും കമ്മ്യൂണിക്കേഷൻ എന്ന നിലവിട്ടു നിത്യ ജീവിതത്തിന്റെ എല്ലാ തലങ്ങളിലേക്കും അതു വ്യാപിച്ചുകിടക്കുന്നു. ആശയവിനിമയം തുടങ്ങി, വിദ്യഭ്യാസവും, വിദഗ്ദ്ധ ചികിത്സ, സാധന സേവനങ്ങളുടെ വിതരണം, യാത്രകൾ, മിലിറ്ററിയുടെ ആവശ്യങ്ങൾ എന്ന് വേണ്ട എണ്ണിയാൽ ഒടുങ്ങാത്തത്ര മേഖലകളിൽ ടെലികോം, ഇന്റെർനെറ്റ് സാങ്കേതിക വിദ്യയുടെ സാധ്യതകളെ പ്രയോജനപെടുത്തുന്നു. ചുരുക്കി പറഞ്ഞാൽ നമുക്ക് മൊബൈൽ നെറ്റ്വർക്ക് ഇല്ലാതെ ഒരു മണിക്കൂർ ചിലവിടാൻ കഴിയുന്നില്ല എന്ന അവസ്ഥ. ആയിരക്കണക്കിന് മൈൽ അകലെ കഴിയുന്ന ആളോട് സംസാരിക്കുമ്പോൾ പോലും ശബ്ദം സുഖകരമായി കേൾക്കാൻ കഴിഞ്ഞില്ലെങ്കിൽ സർവീസ് പ്രൊവൈഡറോട് തോന്നുന്ന അരിശം ചില്ലറയല്ല.അങ്ങനെ ഇന്റർനെറ്റ് നമ്മുടെ ജീവിതത്തോട് അറിഞ്ഞും അറിയാതെയും ഒരു പങ്കാളി ആയി മാറി.

## ചില കണക്കുകൾ

2019 സെപ്റ്റംബർ മാസത്തിൽ അവസാനിച്ച ത്രൈമാസത്തിലെ ഇന്ത്യൻ ടെലികോം സെക്ടറിന്റെ ഒരു അവലോകനം Telephone Regula-tory Authority of India (TRAI)പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ 119.52.കോടി ടെലിഫോൺ സബ്സ്ക്രിപ്ഷനുണ്ട്. അതിൽ തന്നെ മൊബൈൽ കണക്ഷൻ 117.37.കോടി ഉണ്ടെന്നാണ് കണക്ക്. അതിനർത്ഥം 2.15 കോടി lan-d line കണക്ഷൻസ് ഉണ്ടെന്നാണല്ലോ. അതിൽ തന്നെ നഗര പ്രദേശങ്ങളിൽ 65.92.കോടി കണക്ഷൻ ഉള്ളപ്പോൾ ഗ്രാമപ്രദേശങ്ങളിൽ 51.45 കോടി കണക്ഷനാണുള്ളത്. നമ്മുടെ കൊച്ചു കേരളത്തിലാകെ 4.67.കോടി subscriptions ആണ് ഉള്ളത് ഇതിൽ 2.50 കോടിയും നഗര പ്രദേശങ്ങളിലാണുള്ളത്.

ടെലികോം/ഇന്റർനെറ്റ് സാങ്കേതിക വിദ്യയുടെ വിതരണ നടത്തിപ്പിന്ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് നമ്മുടേത് പോ

ലെ ഗ്രാമങ്ങളുടെ സഞ്ചയമായ ഒരു രാജ്യത്ത് വളരെയധികം മൂലധന നിക്ഷേപം ആവശ്യമാണ്. അതിനാൽ തന്നെ ഒരു കാലത്ത് Government മൊണോപൊളി നിലനിന്നിരുന്ന ടെലികോം മേഖലയിൽ സ്വകാര്യ നിക്ഷേപവും വിദേശ നിക്ഷേപവും അനുവദിച്ചിരുന്നു. 1995 മുതൽ 2012-15 കാലഘട്ടം വരെ നിരവധി സ്വകാര്യ കമ്പനികൾ നിലനിന്നിരുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള BSNL, MTNL എന്നിവയും സ്വകാര്യ ടെലികോം കമ്പനികളും വിപണിയിൽ പരസ്പരം മത്സരിച്ചു. സർക്കാർ സംവിധാനങ്ങളുടെ മുഖമുദ്രയായ അലംഭാവവും, മെല്ലെപ്പോക്കും ഉദ്യോഗസ്ഥരുടെ ധാർഷ്ട്യ മനോഭാവവും ഒക്കെച്ചേർത്തു വളമാക്കി കൊണ്ട് സ്വകാര്യമേഖല ടെലികോം, ഇന്റർനെറ്റ് വിതരണ സേവന മേഖലയിൽ പിടിമുറുക്കി. എന്ന് മാത്രമല്ല consumers ന് മികച്ച സേവനം കുറഞ്ഞ നിരക്കിൽ ലഭ്യമാവുകയും ചെയ്തു. TRAI യുടെ കണക്ക് പ്രകാരം ഈ വിപണിയുടെ 88.81% സ്വകാര്യ മേഖല കൈയടക്കിയപ്പോൾ 12% താഴെ മാത്രമായി BSNL പോലെയുള്ള പൊതു മേഖല സ്ഥാപനങ്ങളുടെ പങ്കാളിത്തം.

### പുതിയ പ്രതിസന്ധി

മുകളിൽ സൂചിപ്പിച്ച കണക്കിൽ നിന്നും നമ്മുടെ രാജ്യത്ത് ടെലികോം സെക്ടറിനുള്ള പ്രാധാന്യം വെളിപെടുമല്ലോ. സ്വകാര്യ മേഖലയാണ് ഇന്ന് ഈ മേഖലയുടെ ജീവനാഡി. കഴിഞ്ഞ കുറച്ചു നാളുകളായി ഈ മേഖലയെ നിരീക്ഷിക്കുന്നവരിൽ വലിയതോതിലുള്ള ഉൽക്കണ്ഠ ഉളവാക്കുന്ന സംഭവങ്ങളാണ് ഉരുത്തിരിഞ്ഞു വന്നിരിക്കുന്നത്. 2016മുതൽ വിപണിയിൽ നിന്നും GSM ടെക്നോളജിഅടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഓപ്പറേറ്റർമാർ വലിയ മത്സരം നേരിടുകയാണ്. 4G സേവനങ്ങൾ നല്കി കൊണ്ട് Reliance JioFree trial ഓഫർ ചയ്തത് മുതൽ മറ്റു service providers വിപണിയിൽ നിന്നും ശക്തമായ സമ്മർദം നേരിടുകയും, മാർക്കറ്റ് share നഷ്ടപ്പെടുകയും ചെയ്തു. അങ്ങനെ അവരും ലാഭകരമായ പ്രവർത്തനം എന്ന തത്വം മാറ്റിവച്ചു വിപണിയിൽ നിലനിൽക്കുക എന്ന തന്ത്രം എടുക്കാൻ നിർബന്ധിതരായി. ഇതു കമ്പനികളുടെ സാമ്പത്തിക അടിത്തറ തകർക്കാൻ പോന്നതാണ്. ഇതെല്ലാം തന്നെ പ്രമുഖ ഓപ്പറേറ്റർമാരായ, Bharati Airtel, Vodafone India, Idea, Reliance Communication തുടങ്ങിയ കമ്പനികളുടെ പ്രവർത്തനങ്ങളെ നഷ്ടത്തിലേക്ക് തള്ളിവിട്ടു. കൂടാതെ പുതിയ ടെക്നോളജിക്ക് വേണ്ട ലൈസൻസ് ഫീസ്, പശ്ചാത്തല സംവിധാനങ്ങൾ എന്നിവയ്ക്ക് ഭീമമായ capital കണ്ടെത്തേണ്ടതായും വന്നു. ടെലികോം സെക്ടർ നിക്ഷേപകർക്ക് ന്യായമായ ലാഭം ലഭിക്കാനിടയില്ലാത്ത സാഹചര്യം വന്നു ചേർന്നു. അത് വികസനപ്രവർത്തനങ്ങൾക്കും, പുതിയ സാങ്കേതിക വിദ്യകൾ സ്വന്തമാക്കുന്നതിനും ആവശ്യത്തിന് നിക്ഷേപം കിട്ടാത്ത സാഹചര്യം സംജാതമാക്കുകയും തുടർന്ന് ഈ കമ്പനികൾ വൻതോതിൽ കടമെടുക്കാനും നിർബന്ധിതരായി. ടെലികോം കമ്പനികൾ ഇത്തരം സാഹചര്യം നേരിടുന്നതിനായി, വിപണിയിൽ പരസ്പരം മത്സരിച്ചിരുന്നവർ ലയിച്ചു ഒന്നാകുന്നതിലേക്കും, subsidiary കമ്പനികൾ ഹോൾഡിങ് കമ്പനിയിൽ ലയിക്കുന്നതും ഒക്കെ നമ്മൾ കണ്ടു. അഞ്ചു വർഷം മുൻപ് വരെ ശക്തനായി നിന്നിരുന്ന Reliance Communication ഇന്ന് ലിക്വിഡേഷൻ നടപടി നേരിടുന്നു. Vodafone Idea യുമായി ചേർന്നു പുതിയ ഒരു idea ആയി. ഇത്തരത്തിൽ സമൂഹത്തിൽ ഒഴിച്ചുകൂടാനാകത്ത ഒരു service മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾ



ഒന്നായി പ്രതിസന്ധികളിൽ പെട്ട് ഉഴലുമ്പോഴാണ് കേന്ദ്ര സർക്കാർ വക പുതിയ ഷോക്ക് treatment AGR ന്റെ രൂപത്തിൽ അവതരിക്കുന്നത്. Telecom കമ്പനികളിൽ നിന്നും Spectrum Charges, user licence fee എന്നിങ്ങനെ വലിയ വരുമാനമാണ് കേന്ദ്ര സർക്കാരിന് ലഭിക്കുന്നത്. Spectrum allotment ന് വേണ്ടി രാജ്യത്തെ ബാങ്കുകൾ telecom കമ്പനികൾക്ക് വലിയ തോതിൽ വായ്പ നൽകിയിട്ടുണ്ട്. ഇവരുടെ പ്രവർത്തനത്തിൽ എന്തെങ്കിലും പാളിച്ച പറ്റിയാൽ അതു ഈ ബാങ്ക് കളെയും ബാധിക്കും. ഇപ്പോൾ ഉള്ള പ്രതിസന്ധി, എന്താണ് AGR എന്നു നിർവചിക്കുന്നതുമായി ബന്ധപെട്ടാണ്. Telecom Licence Agreement പ്രകാരം telecom operators ഡിപ്പാർട്മെന്റ് ന് ടെലികോം സർവീസമായി ബന്ധപ്പെട്ട വാർഷിക വരുമാനത്തിന് മേൽ നിശ്ചിത ശതമാനം ഫീസ് നൽകേണ്ടതാണ്. അങ്ങനെ fee കൊടുക്കേണ്ട വരുമാനത്തിനെയാണ് AGR അഥവാ Adjusted Gross Revenue എന്ന് പറയുന്നത്. ഇതു നിർണയിക്കുനന നിർവചനം ഡിപ്പാർട്മെന്റ് പുനഃപരിശോധിക്കുകയും മുൻകാല

പ്രാബല്യത്തോടെ ടെലികോം കമ്പനികൾ അതു നല്കാൻ ബാധ്യസ്തർ ആണെന്ന സുപ്രീം കോടതിയുടെ വിധിയും ടെലികോം കമ്പനികളുടെ നിലനില്പിനെ തന്നെ അപകടത്തിലാക്കുന്ന സ്ഥിതയിലേക്ക് എത്തിച്ചു. നേരിട്ടുള്ള ടെലികോം സർവീസ് കൂടാതെ ടെലികോം കമ്പനികൾക്ക് കിട്ടുന്ന rent, interest, dividend, profit on sale of assets തുടങ്ങിയവ എല്ലാം AGR ന്റെ ഭാഗം ആണെന്നാണ് ഡിപ്പാർട്മെന്റിന്റ നിലപാട്. അത്തരത്തിൽ സ്വകാര്യ ടെലികോം കമ്പനികൾ നൽകേണ്ട സംഖ്യ 1.47ലക്ഷം കോടി രൂപയ്ക്കു മുകളിൽ വരും എന്നാണ് വെളിപ്പെടുന്നത്. ഇവിടുത്തെ പ്രധാന വിഷയം മുൻകാല പ്രാബല്യം നല്കി കൊണ്ടുള്ള നടപടിയാണ്. ഒരു കമ്പനി അതിന്റെ വാർഷിക കണക്ക് close ചെയ്തു ലാഭ നഷ്ടങ്ങൾ കണക്കാക്കി, നിയമപ്രകാരം നികുതിയും നല്കി കഴിഞ്ഞു വർഷങ്ങൾക്കു ശേഷം ആ വർഷത്തെ കണക്കിൽ പെടാത്ത ഭാരിച്ച സംഘ്യ സർക്കാർ ആവശ്യപ്പെടുന്നത് രാജ്യത്തെ സമ്പ്രദായത്തിലുള്ള നിക്ഷേപകരുടെയും സംരംഭകരുടെയും വിശ്വാസം നഷ്ടപ്പെടുത്തും. ഈ കമ്പനികളിലെ നിക്ഷേപകരും, വായ്പ നല്കിയ ബാങ്കുകളും എന്താണ് കരുതേണ്ടത്? എന്തുറപ്പിന്മേൽ ഇവർ രാജ്യത്ത് നിക്ഷേപം നടത്തണം, എങ്ങിനെ ഒരു ബിസിനെസ്സ് സംരംഭം കെട്ടിപ്പടുത്തും? പലരും വലിയ സംഖ്യകൾ വായ്പയായി എടുക്കുന്നത് കിടപ്പാടം പണയം വച്ചാണ്. ഏതാനും നാൾക്കുമുന്പ് കോടിക്കണക്കിനു ആസ്തി ഉണ്ടായിരുന്നവർ ഇന്ന് പാപ്പരായതു പോലെയാണ്.

അല്ലെങ്കിൽ തന്നെ നമ്മുടെ രാജ്യത്തിന് മുൻകാല പ്രാബല്യത്തോടെ പല നിയമങ്ങളും പാസ്സാക്കി ബിസിനെസ്സ് സ്ഥാപനങ്ങളുടെ മേൽ നികുതി ഭാരം അടിച്ചേപ്പിച്ച പാരമ്പര്യം ഉണ്ട്. അതിൽ ഒരു തൂവൽ കൂടി എഴുതി ചേർക്കാൻ ഈ നടപടിക്ക് സാധിക്കും. തത്ഫലമായി സ്വകാര്യ ടെലികോം കമ്പനി കളുടെ വിപണിമൂല്യം കുത്തിടിഞ്ഞു. 2015ലെ 203 രൂപ എന്ന ഉയർന്ന നിരക്കിൽ നിന്നും idea യുടെ ഷെയർ March 2020 ആയപ്പോഴേക്കും 3.40 രൂപ നിരക്കിലേക്ക് എത്തുമ്പോൾ നമുക്ക് കാര്യങ്ങളുടെപോക്ക്ഊഹിക്കാം. നിക്ഷേപകർക്ക് നഷ്ടപെട്ട സംഖ്യ എത്രയാണ്?

ഈ നഷ്ട കണക്കുക്കിന് ആരാണ് ഉത്തരവാദി? എന്താണ് AGR എന്ന് നിർവചനം എന്തേ ആർക്കും 2018 വരെയും മനസിയിലായില്ല? ടെലികോം കമ്പനികൾക്ക് രാജ്യത്തിനകത്തും പുറത്തും ഉള്ള വൻകിട നിയമവിദഗ്ദ്ധരുടെയും, consultant മാരുടെയും, അക്കൗണ്ടൻറ് മാരുടെയും സേവനം ലഭ്യമാണ് അവർക്കാർക്കും ഈഅപകടം മനസ്സിലായില്ല? വർഷങ്ങളായി ടെലികോം കമ്പനികളുടെ പക്കൽ നിന്നും licence fee വാങ്ങിയിരുന്ന ടെലികോം ഡിപ്പാർട്മെന്റ് എന്ത്കൊണ്ട് AGR കൃത്യമായി കണക്കാക്കിയില്ല? 15 വർഷം കൊണ്ടു കൊടുക്കേണ്ട നികുതി 15 വർഷത്തിന് ശേഷം ഒരുമിച്ച് പിടിച്ചെടുക്കുമ്പോൾ ഒരു പൗരന്റെ അവസ്ഥ എന്താകുമോ അതു തന്നെയല്ലേ രാജ്യത്തെ വ്യവസ്ഥകൾക്കനുസരിച്ചു ബിസിനസ് ചെയ്യുന്ന പ്രസ്ഥാനങ്ങളുടെയും അവസ്ഥ. ഇവിടെ കുറ്റകരമായ അനാസ്ഥ കടന്നു കൂടിയിട്ടുണ്ട്, AGR ന്റെ നിർവചനം എന്താണെന്ന് മനസിലായില്ല എന്ന് കമ്പനിക്കോ, കമ്പനിയുടെ auditors നോ, സർക്കാരിനോ നിലപാടെടുക്കാൻ കഴിയില്ല.

ടെലികോം സെക്ടർ ഇന്നു ഒഴിച്ച് കൂടാൻ കഴിയാത്ത സേവന മേഖലയാണ്. അതിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സ്ഥാപങ്ങളും ഈ രാജ്യത്തിന്റെ സമ്പത് ഘടനയുടെ ഭാഗമാണ് ആ നിലക്ക് ആ സ്ഥാപനങ്ങൾ ശക്തമായി നിലനിൽക്കുന്നു എന്ന് സർക്കാർ സംവിധാനങ്ങൾ ഉറപ്പുവരുത്തേണ്ടതാകുന്നു. മാത്രല്ല രാജ്യത്തിന്റെ നയരൂപീകരണങ്ങൾക്ക് നിയതമായ രൂപം വേണ്ടതാണ്. Sustainable development ന്സുതാര്യമായ നയങ്ങളും നിയമങ്ങളുംആവശ്യമാണ്. Telecom മേഖലയിൽ 2012ൽ 2G spectrum അലോട്മെന്റ്നെ തുടർന്നുണ്ടായ തിരിച്ചടികൾ ഇനി ഉണ്ടായിക്കൂടാ. ലോകത്ത് വികസിത രാഷ്ട്രങ്ങളിൽ Telecom sector അടുത്ത കുതിച്ചുചാട്ടത്തിന് ഒരുങ്ങുന്നു. 4G യിൽ നിന്നും 5G സാങ്കേതിക വിദ്യ പടിവാതിൽക്കൽ എത്തിനിൽക്കുന്നു. ഈ ടെക്നോളജി മാറ്റത്തിനു വലിയ നിക്ഷേപം ആവശ്യമാണ്. 4G വന്ന പോലുള്ള അവസ്ഥ ഇനിയും ഉണ്ടായിക്കൂടാ. ബിസിനസ് സസ്റ്റൈനബിൾ ആകണമെങ്കിൽ ഇൻഡസ്ട്രിയൽ ഒരു level playing field ഉണ്ടാകണം അതു രാജ്യത്തിന്റെ പൊതു നന്മക്ക് ആവശ്യമാണ്. കൊള്ളലാഭം എടുക്കാൻ ആരെയും അനുവദിക്കരുത് എന്നാൽ എല്ലാവർക്കും നിലനിൽക്കാനുള്ള രീതിയിൽ പ്രൈസിങ് നിലനിർത്തിയില്ലെങ്കിൽ വിപണിയിൽ മത്സരം നഷ്ടമാകുകയും ഉപഭോക്താക്കൾ ചൂഷണത്തിന് വിധേയമാകുകയും ചെയ്യും. രാജ്യത്തിന്റെ ലഭ്യമായ വിഭവങ്ങളും പൊതുസമ്പത്തിന്റെ സിംഹ ഭാഗവും ഏതാനും പേരുടെ കൈകളിലേക്ക് ഒതുങ്ങുന്നു എന്ന് ഭൂരിപക്ഷം വിശ്വസിക്കുന്നു അത് മുന്നോട്ടുള്ള യാത്രയിൽ നമുക്ക് സുഖകരമാകില്ല.

*************

*Note. വിവരങ്ങൾക്ക് കടപ്പാട്, Trai, BSE, കമ്പനി വെബ്സൈറ്റ്, മാധ്യമ വാർത്തകൾ മുതലായവ.*

# അംഗീകാരങ്ങളുടെ നിറവിൽ–
# രായിരത്ത് ഗാർഡൻസ്

## 2016ലെ മികച്ച കൊമേഴ്സ്യൽ നഴ്സറിക്കുള്ള കേരള സർക്കാരിന്റെ സംസ്ഥാന അവാർഡ് സുധാകരൻ രായിരത്തിന്

വളരെ ചുരുങ്ങിയ കാലംകൊണ്ട് ഇന്ത്യയിലെ ഏറ്റവും നല്ല കാർഷിക നഴ്സറികളുടെ പട്ടികയിലേക്ക് ഉയരുക, ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ കരസ്ഥമാക്കുക, ഒരു സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രസംസനീയമായ കാര്യമാണ്.

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമെന്ന് അറിയപ്പെടുന്ന തൃശിവപേരൂരിലെ പട്ടിക്കാട് പ്രദേശത്ത് 8 ഏക്കറോളം സ്ഥലത്തു പടർന്നുപന്തലിച്ച് നിൽക്കുന്ന രായിരത്ത് ഗാർഡൻസിനാണ് ഈ ബഹുമതി. കർഷകരുടെയും, വിദ്യാർഥികളുടെയും ഗവേഷകരുടെയും ആശാകേന്ദ്രമായി മാറിയിരിക്കുകയാണ് അപൂർവ സസ്യങ്ങൾ നിറഞ്ഞു നിൽക്കുന്ന ഈ ഉദ്യാനം.



സുധാകരൻ രായിരത്ത്

ബോട്ടണി ഐശ്ചികമായ് എടുത്ത ബിരുദം വെറും ഒരു സർട്ടിഫിക്കറ്റിലൊതുക്കാതെ പ്രവർത്തിക്കാനുറച്ച് ഇറങ്ങിത്തിരിച്ച രായിരത്ത് സുധാകരന്റെ ജീവിത സ്വപ്നമായ ഈ സ്ഥാപനം സാമ്പത്തികനേട്ടത്തിനുപരി മറ്റുള്ളവർക്ക് ഗുണകരമായ കാര്യങ്ങൾ പകർന്നുനൽകുന്ന ഒരു ഗുരുകുല പാഠശാലയായ് മാറിയിരിക്കുകയാണ്. ഔഷധസസ്യങ്ങളെക്കുറിച്ച് പഠനം നടത്തുന്ന സുധാകരൻ ഈ രംഗത്തെ പല അബദ്ധധാരണകൾ തിരുത്തുകയും ബോധവൽക്കരണക്ലാസുകൾ നടത്തുകയും ചെയ്യുന്നു.

എല്ലാതരം കാർഷിക നടീൽവസ്തുക്കളും മൊത്തമായ് ഉല്പാദിപ്പിച്ച് ഇന്ത്യക്കകത്ത് ഇവിടെനിന്നും വിതരണം ചെയ്യുന്നു. സർക്കാർ അംഗീകൃത നഴ്സറി കൂടാതെ കേരളത്തിലെ ഏക GMP സർട്ടിഫൈഡ് നഴ്സറി കൂടിയാണ് ഈ സ്ഥാപനം. വിദേശങ്ങളിലും സ്വദേശങ്ങളിലും കണ്ടുവരുന്ന പലതരം പഴവർഗങ്ങളുടെയും ഔഷധസസ്യങ്ങളുടെയും വൻശേഖരം തന്നെ രായിരത്ത് ഗാർഡൻസിലുണ്ട്. പാമ്പുവിഷത്തിന് ലോകത്ത് ഇന്നു കണ്ടെത്തിയതിൽ ഏറ്റവും വലിയ ഔഷധപ്രതിവിധിയായ അണലിവേഗം, കാൻസർ പ്രതിവിധിക്കുള്ള ചുവന്ന കറ്റാർവാഴ, പൈൽസ്, സോറിയാസിസ്, പ്രമേഹം തുടങ്ങിയ പലവിധ രോഗങ്ങൾക്കുള്ള ഒറ്റമൂലി ഔഷധസസ്യങ്ങൾ, ദുരിയൻ, നോനി, മിറക്കിൾ ഫ്രൂട്ട്, അബിയു, കോളപ്ലാന്റ്, പിസ്ത, സ്വീറ്റ്ടാമറിന്റ്, ലിച്ചി, കറുത്ത ഇഞ്ചി, ചുവന്ന ഇഞ്ചി തുടങ്ങിയ അപൂർവ്വ സസ്യങ്ങളുടെ ശേഖരവും മൊത്തമായുള്ള വിപണനവും ഈ സ്ഥാപനം നടത്തുന്നു. ഇതുകൂടാതെ ബഡ്ജാതി, വിവിധതരം ബഡ്മാവുകൾ, അലങ്കാരചെടികൾ, ടിഷ്യൂവാഴകൾ, വിവിധ തരം മുളകൾ എന്നിവയും ഇവിടെ നിന്ന് അന്തർസംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുന്നു. ആയുസും ഐശ്വര്യവും സമ്പത്തും വർധിക്കുന്നതിന് 27 ജന്മനക്ഷത്രക്കാർ നട്ടുപരിപാലിക്കേണ്ട ജന്മനക്ഷത്രവൃക്ഷങ്ങളും, രാശിവൃക്ഷങ്ങളും, നവഗ്രഹവൃക്ഷങ്ങളും ഇവിടെ വില്പനക്ക് ഒരുക്കിയിരിക്കുന്നു.

പ്രകൃതിക്കിണങ്ങിയ ക്യാമ്പസ് എന്ന പുതിയ തരംഗത്തിന്റെ ഭാഗമായി കലാലയ പരിസരങ്ങളിലും മറ്റു നിരവധി സർക്കാർ സ്ഥാപനങ്ങളിലും ആയുർവ്വേദസ്ഥാപനങ്ങളിലും 'ഹെർബൽ പാർക്കുകൾ' രൂപകല്പന ചെയ്യാൻ സുധാകരന്റെ സഹായത്തിനുവേണ്ടി എത്തുന്നവർ നിരവധി. കൊച്ചിൻ യൂണിവേഴ്സിറ്റി സയൻസ് & ടെക്നോളജി പാർക്കിൽ കേരളത്തിലെ കുട്ടികൾക്കു വേണ്ടി ഈ അടുത്തിടെ രൂപകല്പന ചെയ്ത ഹെർബൽ പാർക്ക് അറിവിന്റെ ഒരു

വലിയ ലോകമാണ് തുറന്നു കൊടുത്തത്. ഔഷധ സസ്യങ്ങളുടെ പേരുവിവരങ്ങൾ, ഉപയോഗം, നടീൽ വിവരണങ്ങൾ, മറ്റു വിലയേറിയ വിവരണങ്ങൾ അടങ്ങിയ ഒരു ഫാം ഗൈഡ് 'ഫാം ഗൈഡ് ഫോർ ഹീലിങ്ങ് പ്ലാന്റസ്' എന്ന പേരിൽ സുധാകരൻ തയ്യാറാക്കി വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.



ഈ ചുരുങ്ങിയ കാലയളവിൽ ജനനന്മയ്ക്ക് ഉതകുന്ന പല പ്രവർത്തനങ്ങളും കാഴ്ചവച്ചതിന് നിരവധി അംഗീകാരങ്ങൾ സുധാകരനെത്തേടി എത്തിയിട്ടുണ്ട്. ജപ്പാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനയായ ഓയിസ്കാ ഇന്റർനാഷണൽ ഇന്ത്യയിൽ ഔഷധ സസ്യമേഖലയിൽ മികച്ച പ്രകടനം കാഴ്ചവച്ചതിന് നൽകിയ 'ഓയിസ്കാ ഇന്റർനാഷണൽ പുനർന്നവ' അവാർഡ്, കേരള ഗവ. ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ നൽകിയ ബെസ്റ്റ് അവാർഡ്, തൃശൂർ പൗരാവലിയുടെ 'ആദരണീയം' അവാർഡ്, ലയൺ ഇന്റർനാഷണൽ പ്രസിഡന്റ് ശ്രീ. അശോക് മേത്തയിൽ നിന്നും ലഭിച്ച 'അപ്രീസിയേഷൻ' അവാർഡ്, മഹാത്മാഗാന്ധി ഫൗണ്ടേഷന്റെ ഗാന്ധി അവാർഡ്, അഖിലകേരള തന്ത്രിസമാജത്തിന്റെ നക്ഷത്ര വൃക്ഷ അവാർഡ്, കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയിൽനിന്നും ലഭിച്ച ആദരണീയം അവാർഡ്, ഡോക്ടർ അംബേദ്കർ എക്സലൻസി സർവ്വീസ് നാഷണൽ അവാർഡ്, കേരള സർക്കാരിന്റെ 2016ലെ മികച്ച കൊമേഴ്സ്യൽ നഴ്സറിക്കുള്ള സംസ്ഥാന അവാർഡ് എന്നിവ അതിൽ എടുത്തുപറയത്തക്കവയാണ്.

**പ്രകൃതിക്കിണങ്ങിയ ക്യാമ്പസ് എന്ന പുതിയ തരംഗത്തിന്റെ ഭാഗമായി കലാലയ പരിസരങ്ങളിലും മറ്റു നിരവധി സർക്കാർ സ്ഥാപനങ്ങളിലും ആയുർവ്വേദ സ്ഥാപനങ്ങളിലും 'ഹെർബൽ പാർക്കുകൾ' രൂപകല്പന ചെയ്യാൻ സുധാകരന്റെ സഹായത്തിനുവേണ്ടി എത്തുന്നവർ നിരവധി.**

ചെടികളെ ജീവനുതുല്യം സ്നേഹിക്കുന്ന സുധാകരൻ തന്റെ സ്ഥലത്ത് ഔഷധ സസ്യങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്നവർക്കുവേണ്ടിയും വിദ്യാർഥികൾക്കുവേണ്ടിയും ഏറ്റവും വലിയ ഒരു 'ഹൈടെക് ഹെർബൽ പാർക്ക്' ഒരുക്കാനുള്ള പരിശ്രമത്തിലാണ് ഇപ്പോൾ. കൂടുതൽ അറിയുവാൻ വിളിക്കൂ. 9995509324.

Web: www.rayirathgardens.com


SNOW World
അവധിക്കാലം
അടിച്ചുപൊളിക്കാൻ
പുതിയ റൈഡുകളുമായി
ഡ്രീം വേൾഡ്
ഓരോ ഒഴിവുദിനവും ഡ്രീം വേൾഡിൽ !
സൗത്ത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാട്ടർ റൈഡുകളുള്ള ഡ്രീംവേൾഡിൽ ഇപ്പോൾ ജംഗിൾ വേൾഡ്, ഹൊറർ വേൾഡ്, സ്നോ വേൾഡ് എന്നീ പുതിയ റൈഡുകളും ആരംഭിച്ചിരിക്കുന്നു. വരൂ, മനസ്സു കുളിരുവോളം കളിച്ചുതിമിർക്കൂ
റൈഡ് ഏതായാലും ടിക്കറ്റ് ഒന്ന്
NEW RIDES
JUNGLE World
HORROR World
COMING SOON
Dinosaur World
Dream World®
Water Park
SOUTH INDIA'S No.1 WATER PARK
Athirappilly Road, Kanjirappilly P.O., Chalakudy,
Thrissur - 680 721 Tel/Fax: 0480-2746955, 2746935
E-mail: dreamworldwaterpark@gmail.com
www.dreamworldwaterpark.com
Customer Care:
94470 12345, 94470 66866
Certified Waterpark